ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ഓഗസ്റ്റ് 2019 ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. കെസിബിസി സർക്കുലർ - തടവറ പ്രേഷിതത്വം ................................ 5
2. കെസിബിസി സർക്കുലർ - ജസ്റ്റീസ് സൺഡേ ................................ 11
3. കച്ചേരിക്കാര്യം ................................ 14
4. സെമിനാരി വാർത്തകൾ ................................ 24
5. വിശ്വാസപരിശീലനം ................................ 27
6. കുടുംബക്കൂട്ടായ്മ ................................ 36
7. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ................................ 41
8. ചെറുപുഷ്പ മിഷൻ ലീഗ് ................................ 44
9. തിരുബാലസഖ്യം ................................ 52
10. യുവജനശുശ്രൂഷ ................................ 54
11. കുടുംബപ്രേഷിതത്വം ................................ 60
12. സാൻജോസ് അക്കാഡമി ................................ 69
13. വിദ്യാഭ്യാസ ഏജൻസി ................................ 73
14. എ.കെ.സി.സി. വാർത്തകൾ ................................ 80
15. വിമൽജ്യോതി വാർത്തകൾ ................................ 81
16. കരിസ്മാറ്റിക് നവീകരണം ................................ 84
17. നിർമ്മലഗിരി വാർത്തകൾ ................................ 85
18. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ................................ 87
19. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ................................ 90
20. കെസിബിസി മദ്യവിരുദ്ധ സമിതി ................................ 92
21. ഫ്രാൻസിസ്കൻ അൽമായ സഭ ................................ 99
22. സാമൂഹ്യസേവനവേദി ................................ 101
23. ADAM ................................ 103
24. ധ്യാനകേന്ദ്രങ്ങളിലൂടെ ................................ 104
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ................................ 106
26. Programme of the Archbishop Mar George Njaralakatt ................................ 109
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ................................ 110
28. Programme of the Abp. Emeritus Mar George Valiamattam ................................ 111
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ................................ 112
30. Programme of the Auxiliary Bishop Mar Joseph Pamplany ................................ 114

Ref: 3209/K-5/KCBC/OL/DS 20.7.2019

# 2019 ആഗസ്റ്റ് 11 ഞായർ തടവറ പ്രേഷിത ദിനം

*കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ*

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചുകിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. "ഒരാത്മാവിന്റെ കഥ" എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: പ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും" (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന

യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: “ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?” സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു.

പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: "ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു "ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" എന്നും (ലൂക്കാ 4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019- ലെ പ്രമേയം " ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണു

ന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റി നിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: "തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദര ങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി

പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയ വരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്ന തെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ ത്തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർ ക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും

സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തട വറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്ത നങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യ ത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N:B: 2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3208/K-5/KCBC/OL/DS 20.7.2019

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019

## ആഗസ്റ്റ് 18, ഞായർ

***കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ***

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:4348).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരും) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Program ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം

ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്ര ക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




### 1. ബഹു. വൈദികരുടെ വാർഷികധ്യാനം

ബഹു. വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ മാസം 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 13-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം വരെ തലശ്ശേരി മൈനർ സെമിനാരിയിലും സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 27-ാം തീയതി വെള്ളിയാഴ്ച വരെ പരിയാരം മദർഹോമിൽവച്ചും നടത്തുന്നതാണ്. പ്രസിദ്ധ ധ്യാന ഗുരു ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ആണ് ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഈ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2. പ്രതീക്ഷ, മദ്യവിരുദ്ധസമിതി ഡയറക്ടർ

പ്രവർത്തന സൗകര്യത്തെ മുൻനിറുത്തി താഴെപറയുന്ന ക്രമീകരണം അഭിവന്ദ്യപിതാവ് നടത്തിയിരിക്കുന്നതായി അറിയിക്കുന്നു. പ്രതീക്ഷ, എ.ഡി.എസ്.യു. എന്നിവയുടെ സ്വതന്ത്ര ചുമതല ഫാ. ജോൺസൺ അന്ത്യാംകുളത്തിനും കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ എന്നിവയുടെ സ്വതന്ത്രചുമതല ഫാ. ചാക്കോ കുടിപറമ്പിലിനുമായിരിക്കും.

### 3. ഫൊറോന കൗൺസിൽ സമ്മേളനം

ഓഗസ്റ്റ് മാസത്തിൽ എല്ലാ ഫൊറോനകളിലും ഫൊറോന കൗൺസിലുകൾ വിളിച്ചുചേർത്ത് കർഷകപ്രശ്നങ്ങൾ ചർച്ചചെയ്യുകയും അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന സമരപരിപാടികളോട് ചേർന്ന് പ്രവർത്തിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യണം. വിശദമായ നിർദ്ദേശങ്ങളടങ്ങുന്ന അഭിവന്ദ്യപിതാവിന്റെ കത്ത് ഈ ലക്കം ഗിരിദീപത്തിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

### 4. പുതിയ അഡ്രസ്സ്

ബഹു. ജോസഫ് തുണ്ടത്തിൽ അച്ചൻ ഓസ്ട്രിയായിലെ സാൻ പോൾട്ടൻ രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചു.

Fr. shinoj Jose Thundathil
3251 Kirchenplatz 4, Purgstall, Austria
Ph. 0043 676826635311

## 5. പുതിയ കോൺവെന്റ്

നസ്രത്ത് സന്യാസിനീ സമൂഹത്തിന്റെ ഒരു പുതിയ കോൺവെന്റ് തലശ്ശേരിയിൽ ആരംഭിച്ചിരിക്കുന്നു. മദർസുപ്പീരിയർ: സി. ലിസി എൻ.എസ്.

അഡ്രസ്സ്: നസ്രത്ത് കോൺവെന്റ്
ഹോളോവേ റോഡ് , തലശ്ശേരി 670101

## 6. ആദരാഞ്ജലികൾ

**തോമസുകുട്ടി മണ്ണൂർ (68):** ബഹുമാനപ്പെട്ട ജോസ് മണ്ണൂർ അച്ചന്റെ സഹോദരൻ തോമസുകുട്ടി മണ്ണൂർ 2016 ജൂൺ 20ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2019 ജൂൺ 28 വെള്ളിയാഴ്ച വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയത്തിൽ നടന്നു. മാർ ജോർജ് വലിയമറ്റം പിതാവ് മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ഏലിക്കുട്ടി പാമ്പയ്ക്കൽ (94):** ബഹു. തോമസ് പാമ്പയ്ക്കലച്ചന്റെ വത്സലമാതാവ് ഏലിക്കുട്ടി 2019 ജൂലൈ 14ന് നിര്യാതയായി. മൃതസംസ്ക്കാരം 2019 ജൂലൈ 15 തിങ്കളാഴ്ച കോതമംഗലം രൂപതയിലെ നെടിയകാട് പള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഭവനത്തിലെ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. പരേതക്ക് നിത്യാശ്വാസം നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**സി. റെജീന എഫ്.സി.സി. (77):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ



അംഗം സി. റെജീന മരിയ എഫ്.സി.സി. 2019 ജൂലൈ 6ന് വാഹനാപകടത്തിൽ നിര്യാതയായി. ചെമ്പേരി ഇടവക കുര്യാന്താനത്ത് മാത്യു, ഏലിക്കുട്ടി ദമ്പതികളുടെ മകളാണ്. 1970-ൽ നിത്യവ്രതവാഗ്ദാനം നടത്തി. 33 വർഷം ചെമ്പേരി സ്കൂളിൽ മ്യൂസിക് ടീച്ചറായി സേവനം ചെയ്തു. കൂടാതെ കോളയാട്, കുന്നോത്ത്, എടക്കോം, കാലിച്ചാനടുക്കം, നിർമ്മലഗിരി, വിമലശ്ശേരി, കരിമ്പം എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ ജൂലൈ 7ന് മാർ ജോർജ് ഞറളകാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റംപിതാവിന്റെയും കാർമ്മികത്വത്തിൽ കുന്നോത്ത് നോവിഷ്യറ്റ് ഹൗസ് സിമിത്തേരിയിൽ നടന്നു. പരേതയെ ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെയും എഫ്.സി.സി. സന്യാസിനി സമൂഹത്തെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**റവ. ഫാ. ജോർജ് കഴിക്കച്ചാലിൽ (80):** താമരശ്ശേരി രൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളായ ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചൻ



2019 ജൂലൈ 23-ന് നിര്യാതനായി. ഈരൂഡ് വിയാനി വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 1939 ഡിസംബർ രണ്ടിന് ജനിച്ച അച്ചൻ 1967 ഡിസംബർ 19ന് അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികനായി. മാനന്തവാടി രൂപതയിലെ മണിമൂളി ഇടവകയിൽ അസി.വികാരിയായി വൈദികജീവിതം ആരംഭിച്ച അച്ചൻ മാനന്തവാടി രൂപതയിലുള്ള തലഞ്ഞി, നിലമ്പൂർ എന്നീ ഇടവകകളിലും തലശ്ശേരി അതിരൂപതയിലെ വെള്ളരിക്കുണ്ട്, ചെറുപുഴ, വെളിമാനം ഇടവകകളിലും താമരശ്ശേരി രൂപതയിലെ മഞ്ഞുവയൽ, ചെമ്പനോട, പുഷ്പഗിരി, കൂരാച്ചുണ്ട്, മരുതോങ്കര, കണ്ണോത്ത്, തോട്ടുമുക്കം, ചക്കിട്ടപാറ, മലാപറമ്പ്, പാലൂർകോട്ട എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. മൃതസംസ്കാരശുശ്രൂഷകൾ ജൂലൈ 24 ബുധനാഴ്ച ഈരൂട് ദൈവാലയത്തിൽ നടന്നു. മാർ ജോർജ് വലിയമറ്റംപിതാവും മോൺ. അലക്സ് താരാമംഗലവും മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. ബഹു. ജോർജ് കഴിക്കച്ചാലിലച്ചന്റെ ത്യാഗോജ്ജ്വലമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
6. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
7. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
8. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
9. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
10. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
11. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
12. റവ. ഫാ. ജോസഫ് കോഴിക്കോട്ട് - 25-08-2010
13. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
14. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
15. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
16. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

Prot. No.503/19

# കർഷക പ്രശ്നങ്ങൾ ചർച്ചചെയ്യാൻ അടിയന്തിര ഫൊറോനകൗൺസിൽ വിളിച്ചുകൂട്ടുക

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

വന്യമൃഗശല്യം, വിലത്തകർച്ച, കൃഷിനാശം തുടങ്ങിയ പ്രശ്നങ്ങൾമൂലം നമ്മുടെ കാർഷികമേഖല അതിരൂക്ഷമായ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണല്ലോ. ആനയും മറ്റ് കാട്ടുമൃഗങ്ങളും മലയോരങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തിക്കൊണ്ട് സ്വൈര്യവിഹാരം നടത്തുമ്പോൾ സർക്കാരുകൾ തിരിഞ്ഞുനോക്കാത്ത അവസ്ഥയാണുള്ളത്. റബ്ബറിനും തേങ്ങായ്ക്കും മറ്റ് കാർഷിക ഉത്പന്നങ്ങൾക്കും വിലസ്ഥിരത ഉറപ്പാക്കാനുള്ള നടപടികളും സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. കാലാവസ്ഥാ വ്യതിയാനം മൂലം തെങ്ങും, കമുകും, കുരുമുളകും നമ്മുടെ മലയോരങ്ങളിൽ വ്യാപകമായി നശിച്ചുകൊണ്ടിരിക്കുകയാണ്. കർഷകരുടെ ഇത്തരം പ്രശ്നങ്ങൾ കുടിയേറ്റ കർഷകരുടെ രൂപത എന്ന നിലയിൽ തലശ്ശേരി അതിരൂപതയുടെ പ്രശ്നമാണ്.

കർഷകർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ ഗൗരവം സർക്കാരുകളെ ബോധ്യപ്പെടുത്തുന്നതിനും സത്വരമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സമ്മർദ്ദം ചെലുത്തുന്നതിനുമായി സമരപരിപാടികൾ സംഘടിപ്പിക്കാൻ അതിരൂപത നേതൃത്വം നല്കണം എന്ന ആവശ്യം പല ഭാഗങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട വൈദികരുടെ റിഫ്രഷർ കോഴ്സിന്റെ അവസരത്തിൽ നാം ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെടണമെന്ന പൊതുഅഭിപ്രായം ഉയരുകയും ചെയ്തതാണല്ലോ.

കഴിഞ്ഞ ജൂലൈ 24-ാം തീയതി തലശ്ശേരി സന്ദേശഭവനിൽവച്ച് ചേർന്ന അതിരൂപതാ അജപാലന ഏകോപന സമിതി ഈ വിഷയം ചർച്ചചെയ്യുകയും ഒരു കർമ്മപരിപാടിക്ക് ഏകദേശ രൂപം നല്കുകയും ചെയ്തു. വരുന്ന സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി വിവിധതലത്തിലുള്ള സമരപരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്. അതിരൂപതാതലത്തിൽ കലക്ട്രേറ്റിലേക്കുള്ള ലോങ്മാർച്ച്, പിക്കറ്റിംഗ് തുടങ്ങിയവയും റീജിയൻ തലത്തിൽ വാഹന ജാഥ പ്രാദേശിക സമരങ്ങൾ എന്നിവ നടത്താമെന്നുമുള്ള നിർദ്ദേശങ്ങളുമാണ്

വന്നിട്ടുള്ളത്. എങ്കിലും കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചും സമരപരിപാടികളെക്കുറിച്ചും ഫൊറോനതലത്തിലെങ്കിലും ചർച്ചകൾ നടത്തി പശ്ചാത്തലമൊരുക്കിയ ശേഷം മാത്രം ഇക്കാര്യങ്ങൾ നടപ്പിലാക്കാം എന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരെയും മറ്റ് വൈദികരെയും താഴെപറയുന്ന നിർദ്ദേശങ്ങൾ അറിയിക്കുന്നു.

1. ആഗസ്റ്റ്മാസത്തിൽ ഒരു ദിവസം വൈദികരുടെ മാസധ്യാന ക്കൂട്ടായ്മയും ഫൊറോന കൗൺസിൽയോഗവും വിളിച്ചുചേർക്കണം. ഫൊറോന കൗൺസിൽ അംഗങ്ങളെ കൂടാതെ ഈ യോഗത്തിൽ എല്ലാ ഇടവകകളിൽനിന്നുമുള്ള ഇടവക അജപാലനസമിതി അംഗങ്ങളെക്കൂടി പങ്കെടുപ്പിക്കണം. (വികാരിയച്ചൻ, മദർ സുപ്പീരിയർ, കൈക്കാരന്മാർ, കോഡിനേറ്റർ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, സംഘടനാ പ്രസിഡണ്ടുമാർ എന്നിവരാണ് ഈ സമിതി അംഗങ്ങൾ)

2. അതിരൂപതാ കേന്ദ്രത്തിൽനിന്നും ഒരു വൈദികനും ഒരു അല്മായ പ്രിതിനിധിയും ഈ ഫൊറോന മീറ്റിംഗുകളിൽ സംബന്ധിച്ച് പദ്ധതികൾ വിശദീകരിക്കുന്നതായിരിക്കും.

3. ബഹുമാനപ്പെട്ട ഫൊറോനവികാരിമാർ എത്രയും പെട്ടന്ന് തീയതികൾ നിശ്ചയിച്ച് അതിരൂപതാകേന്ദ്രത്തിൽ അറിയിക്കണം. ഓരോ ഫൊറോനയിലേയ്ക്കും വരുന്ന വൈദികർ നേരിട്ട് ഫൊറോന വികാരിമാരോട് ബന്ധപ്പെടുന്നതായിരിക്കും.

4. ആഗസ്റ്റ് മാസത്തിൽത്തന്നെ ഈ യോഗം നടത്തണം. സെപ്റ്റംബർ മാസത്തിൽ ആദ്യഘട്ട സമരപരിപാടികൾ റീജിയൻതലത്തിൽ നടത്തുകയും ചെയ്യണം.

താഴെ പറയുന്ന അച്ചന്മാരെ ഓരോ ഫൊറോന കൗൺസിലുകളിലും സംബന്ധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീയതികൾ ഇവരെ അറിയിക്കുമല്ലോ.

| | | |
|---|---|---|
| പേരാവൂർ | - | ഫാ. ജോസഫ് കാക്കരമറ്റത്തിൽ |
| എടൂർ | - | ഫാ. ജോസഫ് കാവനാടിയിൽ |
| നെല്ലിക്കാംപൊയിൽ | - | ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ |
| കുന്നോത്ത് | - | ഫാ. ജോൺസൺ അന്ത്യാംകുളം |
| പൈസക്കരി | - | ഫാ. സെബാൻ ഇടയാടിയിൽ |
| ചെമ്പേരി | - | ഫാ. സോണി വടശ്ശേരിൽ |
| ചെമ്പന്തൊട്ടി | - | ഫാ. മാത്യു ആശാരിപ്പറമ്പിൽ |

| | | |
|---|---|---|
| തളിപ്പറമ്പ് | - | ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ |
| ആലക്കോട് | - | ഫാ. ജേക്കബ് വെണ്ണായപ്പിള്ളി |
| വായാട്ടുപറമ്പ് | - | ഫാ. ജോസഫ് വേങ്ങക്കുന്നേൽ |
| മേരിഗിരി | - | ഫാ. സ്ക്കറിയ നിരപ്പേൽ |
| ചെറുപുഴ | - | ഫാ. തോമസ് തെങ്ങുംപള്ളിൽ |
| തോമാപുരം | - | ഫാ. ചാക്കോ കുടിപ്പറമ്പിൽ |
| വെള്ളരിക്കുണ്ട് | - | ഫാ. പയസ് പടിഞ്ഞാറേമുറിയിൽ |
| പനത്തടി | - | ഫാ. തോമസ് തയ്യിൽ |
| കാഞ്ഞങ്ങാട് | - | ഫാ. മാത്യു ശാസ്താംപടവിൽ |

എല്ലാ ഫൊറോന വികാരിയച്ചന്മാരും ഈ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം മനസ്സിലാക്കി യോഗങ്ങൾ വിളിക്കുകയും പ്രാദേശികമായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

25-07-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

## Annual Retreat Batch I
## St. Joseph's Minor Seminary Thalassery 2019 Sept. 8-13

**Rev. Fathers**

1 Adattu Mathew HGN
2 Alappattu George
3 Amakkattu Thomas
4 Ambattu Sebastian
5 Ananickal Jose
6 Anithanam Joseph
7 Anjilickal Jeo Wilson OSFS
8 Anthyamkulam Johnson
9 Arackal Kuriakose
10 Areeplackal Mathew
11 Asariparambil Mathew
12 Attangattil Thomas
13 Chakeyarath Mathew
14 Chakkanikunnel Thomas
15 Chakkittamuriyil Joseph
16 Chathanattu Joseph
17 Chellamkottu James
18 Chellamkottu Mathew
19 Chempananickal John
20 Cheriampurath Varghese
21 Cheripuram Sebastian
22 Chirayil George
23 Elamthuruthipadavil Mathew
24 Elavumkunnel George (Jr)
25 Elavumkunnel George (Sr)
26 Ezhuparayil Joseph
27 Ittiyappara Sebastian
28 Kadaliyil Joseph
29 Kakkaramattam Joseph
30 Kalappurackal Joseph
31 Kalappurackal Varghese
32 Kalarickal Joseph
33 Kalarickal Kuriakose
34 Kalarimuriyil George
35 Kalayamkandathil Antony
36 Kanakkattu Joseph
37 Kandathil Paul
38 Kanjirakkatt George
39 Kanjirathinkal Joseph
40 Kannamkulathel Joseph
41 Karakkattu Kuriakose
42 Karakkattu Philip
43 Karickal Mathew
44 Karimpoozhickal Joseph
45 Karinattu Joseph
46 Karottu George
47 Kavanady Joseph
48 Kaviyil Philip
49 Kayammackal Mathew
50 Keezharathil Thomas
51 Kidarathil Thomas
52 Kochukarottu Thomas
53 Kodimattathil George
54 Kolakunnel Kuriakose
55 Koonanickal Thomas
56 Koovapparayil John
57 Korattiparambil Joseph
58 Kottukapally Thomas
59 Kovoorputhenpurayil John
60 Kudiparambil Chacko
61 Kumbuckal Joseph
62 Kurissummootil Joseph
63 Kuriyedath Jerom OFM Conv
64 Kuttikkattukunnel Jacob
65 Kuzhiyanimattathil Joseph
66 Madassery Lukose
67 Manchapillil Joseph

68 Manickathazhe Jose (J)
69 Maniyamkulath Nikhil OSFS
70 Mattathil Isaac
71 Menachery Louis
72 Moonjelil Paul
73 Mukkuzhy Mathew
74 Muthukunnel Antony
75 Narikuzhy Mathew
76 Nedungattu Jacob
77 Nellithanathil Dennis
78 Nirappel Scaria
79 Njamatholil Abraham
80 Noorammackal Joseph
81 Orathel Joseph
82 Orathel Kuriakose
83 Ottaplackal Abraham
84 Padinjareanisseril George
85 Padinjaremuriyil Pious
86 Paimpillil Thomas
87 Palakuzhy Sebastian
88 Palamattam Mathew
89 Pallikunnel Antony
90 Pandaraparambil Joseph
91 Pandiammackal Augustine
92 Parappalliyath Martin
93 Parathepathickal Antony
94 Parayadiyil George CST
95 Pathickal Thomas
96 Pathiyottil Joseph
97 Pazheparambil George
98 Plavunilkumparambil Kuria kose
99 Podimattam Sebastian
100 Ponnambel John
101 Poovathanikunnel Scaria
102 Pothanamala Mathew
103 Poweth Joseph
104 Pravarthummalayil Mathew
105 Pulickal George
106 Punchatharappel George
107 Punnure Antony
108 Purathemuthukattil Don Bosco
109 Puthenpurackal Xavier (Sr)
110 Puthukulangara Kuriakose
111 Puthumana George
112 Puthussery Joseph
113 Sasthampadavil Mathew
114 Thanippallil Sebastian VC
115 Tharamangalam Alex
116 Thayyil Thomas
117 Thekkedath Sebastian
118 Thekkekulam Mathew
119 Thekkemury Mathew
120 Thekkumcheril George
121 Thelakkatt Xavier
122 Thuruthippallil Joseph
123 Thykunnumpuram George
124 Urumpukattil Augustine
125 Vadakemulanjanal Thomas
126 Vadasseril Scaria
127 Valavanal Mathew
128 Valloppilly Paul
129 Varanath Joseph
130 Varickanickal Martin
131 Vayalil Thomas OPrem
132 Vayalumkal Joseph
133 Vazhakatt John
134 Vellaringattu George
135 Vemmenikkattayil Sebastian
136 Vengakunnel Joseph
137 Vengaparambil Johnson
138 Vennayappallil Jacob
139 Mookkilikkattu Sebastian

# Annual Retreat Batch II
# Mother Home Pariyaram 2019 Sept. 22-27

**Rev. Fathers**

1 Achandiyil George
2 Adappur Francis O Carm
3 Alamkottu Mathew
4 Ammanathukunnel Kurian MST
5 Anacharil Joseph
6 Anakkallil Antony
7 Anakkallil James
8 Anickathottathil Jacob
9 Asarikunnel George
10 Attel Emmanuel
11 Chakkananickal Scaria
12 Chakkittamuriyil Thomas
13 Chalil George
14 Chanakkattil Antony
15 Charamthotiyil Jacob CST
16 Chelamaram George
17 Chennappally George
18 Chennattu Philip
19 Chennoth Sebastian
20 Cheruvil Thomas
21 Chittett Antony
22 Chittilapally Thomas
23 Edamulayil Mathew
24 Edathinakath Paul
25 Edayadiyil Sebastian
26 Edukunnel Elias
27 Elampurayidathil Joseph
28 Elukunnel George
29 Enacheril Joseph
30 Eruppakkatt Philip
31 Kachappilly Roy
32 Kainickal Paul OFM (Cap)
33 Kalappura George
34 Kalarickal Mathew CMI
35 Kallarackal Joseph OPrem
36 Karickathadathil George
37 Karingalikkattil Thomas
38 Karottu Jacob
39 Karukamalil Joseph
40 Kattakayathil Thomas
41 Keechankeriyil Joseph
42 Kizhakethalackal Martin
43 Kochupurackal Abraham
44 Kochuveettil Peter
45 Koluthappallil Joseph
46 Konickal Mathew
47 Kottarathil Joseph
48 Koyipuram Joseph
49 Kulathara Joseph
50 Kunnel Jose OSB
51 Kunnel Mathew
52 Kureekattil Joseph
53 Kuzhupathadathil Mathai CSJBP
54 Madathimyalil Abraham
55 Malakkaran Joseph
56 Mampallikunnel Joseph
57 Manappathuparambil Sebastian
58 Manimalatharappil Mathew
59 Manjalamkunnel Antony
60 Manjalamkunnel Joseph
61 Manjooran Paul
62 Mappilaparambil Thomas (Jr)
63 Melvettom Mani
64 Menappattupadickal Thomas
65 Moolayil Sebastian MCBS
66 Moonnanapally James
67 Mulangattil Ignatius
68 Mullakkara John
69 Mullappally Mathew

70 Mundamattam Thomas
71 Muttathupara Sebastian
72 Muttumannil Philip
73 Nadamkuzhy Paul SJ
74 Nadooparambil George CRM
75 Naduvilekkutt Thomas
76 Neendoor Thomas
77 Nelluvelil George
78 Nirappel Alex
79 Nirappel Joseph
80 Noorammackal John
81 Olickal Mathew
82 Onamkulam John
83 Ottaplackal Joseph
84 Palathanath Augustine CST
85 Pallichamkudy Sebastian TOR
86 Pallineerackal Jacob
87 Pampackal Thomas
88 Panel Binoi ISCH
89 Panthalanickal Thomas
90 Panthammackal Joseph CMI
91 Paravarakath Mathew
92 Pattamana Mathew
93 Pattamkulam Thomas
94 Payyanatt Mathew
95 Polackal Aloysius OFM (Conv)
96 Ponatt Abraham
97 Poothotal Joseph CSJBP
98 Poovannikunnel Jose
99 Poovathanickal John Paul
100 Poovathinkal Emmanuel
101 Poovatholil Joseph
102 Pottemplackal Mathew
103 Pottenany Joseph
104 Pulickakunnel Jacob
105 Pulickal Sebastian
106 Pulinthanam Sebastian
107 Puliyurumbil Johnson
108 Pullolickal Thomas
109 Puthennadayil James
110 Puthenpurackal Xavier ( Jr)
111 Puthiyakunnel Joseph
112 Puthuppallil Sebastian
113 Puthuppallimyalil Mathew MST
114 Puthussery Abraham
115 Puthussery Paul
116 Rathapally Francis
117 Rathappalli Joseph CMI
118 Rathappillil Joseph
119 Thadathimackal Varkey
120 Tharekadavil Antony
121 Thayyil Joseph
122 Thekkel Andrews
123 Thekkemuriyil Antony
124 Thenammackal Joseph
125 Thengumpallil Thomas
126 Theruvamkunnel Thomas
127 Thonippara Abraham
128 Thykunnumpuram Joseph
129 Vadakemuriyil Thomas
130 Vadakkan Augustine
131 Vadakkemury Abraham CMI
132 Vadakkeparambil Joseph
133 Valiaparambil Mathew
134 Valiplackal Thomas
135 Vallimala George
136 Vanderkunnel George
137 Vanderkunnel Joseph
138 Varambakath Lazar
139 Varambakath Scaria
140 Veettiyankal Joseph
141 Vengakunnel Mathew
142 Vettiyanickal Antony
143 Vettiyanickal Varghese
144 Vettuvayalil Mathew

# സെമിനാരി വാർത്തകൾ

## വൊക്കേഷൻ ഡേ ദിനാഘോഷപരിപാടികൾ വിജയകരം

നമ്മുടെ അതിരൂപതയിലെ ദൈവവിളി ദിനാഘോഷപരിപാടികൾ ജൂലൈ 4-ാം തീയതി വ്യാഴാഴ്ച അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ ആഘോഷമായി നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടത്തി. 113 വൊക്കേഷൻ ബ്യൂറോ അംഗങ്ങൾ ഈ വൊക്കേഷൻ ദിനാഘോഷപരിപാടികളിൽ പങ്കുചേർന്നു. തലശ്ശേരി അതിരൂപതയെ പ്രേഷിതപ്രവർത്തനങ്ങൾക്കായി ഒരുക്കുക എന്ന ലക്ഷ്യം സാധ്യമാക്കാൻ കുട്ടികളെ ഒരുക്കണമെന്ന് അഭിവന്ദ്യപിതാവ് തന്റെ സന്ദേശത്തിൽ ഓർമ്മപ്പെടുത്തി. തുടർന്ന് വൊക്കേഷൻ ബ്യൂറോയിൽ പുതിയ അംഗങ്ങളെ സ്വീകരിച്ച് മൈനർ സെമിനാരിയിലെ First Year Batch വൊക്കേഷൻ ബ്യൂറോ അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്ത് വൊക്കേഷൻ ദിനാഘോഷപരിപാടി ആഘോഷമാക്കി.

## ഇടവകകളിലും സ്കൂളുകളിലും വൊക്കേഷൻ പ്രൊമോഷൻ നടത്തുന്നതിനെ സംബന്ധിച്ച് തലശ്ശേരി അതിരൂപതയുടെ നിർദ്ദേശങ്ങൾ

ദൈവവിളി പരിപോഷണം അഥവാ വൊക്കേഷൻ പ്രൊമോഷൻ സഭയുടെ ഉത്തരവാദിത്വമാണ്. രൂപതകൾക്ക് അവരവരുടെ അതിർത്തിക്കുള്ളിലും, മിഷൻ രൂപതകൾക്കും, സന്യാസസമൂഹങ്ങൾക്കും (സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര) കേരളത്തിലെ ഏത് രൂപതയിലും ഏത് ഇടവകയിലും വൊക്കേഷൻ പ്രൊമോഷൻ നടത്തുവാനുള്ള അവകാശം സീറോമലബാർ വൊക്കേഷൻ കമ്മീഷനും കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷനും സർട്ടിഫിക്കറ്റോടുകൂടി നല്കിയിട്ടുണ്ട്. എന്നാൽ വൊക്കേഷൻ പ്രൊമോഷൻ ഏതൊക്കെ സമയങ്ങളിൽ നടത്തണമെന്ന് രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഓരോ രൂപതയുമാണ് തീരുമാനിക്കുന്നത്.

വൊക്കേഷൻ പ്രൊമോഷനെക്കുറിച്ചുള്ള അതിരൂപതയുടെ നയം താഴെപറയുംവിധം ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ബഹു. വികാരിയച്ചന്മാരും സ്കൂൾ മാനേജർമാരും ഹെഡ്മാസ്റ്റേഴ്സും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

## ഇടവകകളിൽ

1. വൊക്കേഷൻ പ്രൊമോട്ടർമാർക്ക് (Men/Women Congregation) വികാരിയച്ചന്റെ അനുവാദത്തോടെ ഞായറാഴ്ചകളിൽ ഇടവകാ സന്ദർശനം നടത്തി കുട്ടികളെ കണ്ട് ദൈവവിളി പരിപോഷണം നടത്താവുന്നതാണ്. സന്ദർശിക്കാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചൻമാരെ മുൻകൂട്ടി അറിയിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.
2. ഒരേ ഞായറാഴ്ചകളിൽ വിവിധ കോൺഗ്രിഗേഷനിൽനിന്നുള്ള വൊക്കേഷൻ പ്രോമോട്ടേഴ്സ് കുട്ടികളെ സന്ദർശിക്കാൻ വന്നാൽ ഇടവക വികാരിയച്ചന്മാർ വേണ്ട നിർദ്ദേശങ്ങൾ നല്കി അവരുടെ സന്ദർശന സമയം ക്രമീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.
3. ഔദ്യോഗികമായി നിയോഗിക്കപ്പെട്ട വൊക്കേഷൻ പ്രൊമോട്ടേഴ്സിന് മാത്രമേ ഇടവകകളിൽ സന്ദർശനം നടത്തി കുട്ടികളെ കാണുവാനുള്ള അനുവാദം ഉള്ളൂ. ഇതിനായി സീറോ മലബാർ വൊക്കേഷൻ കമ്മീഷനിൽനിന്നോ കെ.സി.ബി.സി. കമ്മീഷനിൽനിന്നോ ലഭിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ബഹു. വികാരിയച്ചന്മാരെ കാണിക്കേണ്ടതാണ്.
4. വികാരിയച്ചന്മാരുടെ അനുവാദത്തോടെ/അംഗീകരത്തോടെ മാത്രമേ കുട്ടികളെ ക്യാമ്പുകളിലേക്കും സെമിനാരികളിലേക്കും മഠങ്ങളിലേക്കും കൊണ്ടുപോകാവൂ.
5. കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിന് മുമ്പ് നിർബന്ധമായും ബഹു. വികാരിയച്ചന്റെ അനുവാദം വാങ്ങേണ്ടതാണ്.

## സ്കൂളുകളിൽ

ബഹു. കോർപ്പറേറ്റ് മാനേജർ അച്ചനോടും ഹെഡ്മാസ്റ്റേഴ്സിനോടും കൂടിയാലോചിച്ച ശേഷമാണ് സ്കൂളുകളിലൂടെയുള്ള വൊക്കേഷൻ പ്രൊമോഷന്റെ കാലഘട്ടം നിർണയിച്ചിരിക്കുന്നത്. സ്കൂൾ മാനേജർ അച്ചന്മാരും ഹെഡ്മാസ്റ്റേഴ്സും താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. ഒക്ടോബർ-നവംബർ (ഒക്ടോബർ 1മുതൽ നവംബർ 30വരെയുള്ള) മാസങ്ങളിൽ മാത്രമേ സ്കൂളുകളിലൂടെയുള്ള വൊക്കേഷൻ പ്രൊമോഷൻ അനുവദിക്കുകയുള്ളൂ. വ്യത്യസ്ത മതവിഭാഗങ്ങൾ ഉൾചേരുന്ന സ്കൂളുകളായതിനാലും കുട്ടികളുടെ പഠനങ്ങൾക്കും പരീക്ഷകൾക്കും തടസ്സമായതിനാലും ആണ് മറ്റ് മാസങ്ങളിൽ വൊക്കേഷൻ പ്രൊമോഷൻ സ്കൂളുകളിലൂടെ നടത്താൻ അനുവദിക്കാത്തത്.
2. ഔദ്യോഗികമായി അംഗീകാരമുള്ള/സർട്ടിഫിക്കറ്റ് ഉള്ള വൊക്കേഷൻ പ്രൊമേട്ടേഴ്സിന് മാത്രമേ സ്കൂളുകളിൽ വൊക്കേഷൻ പ്രൊമോഷൻ

നടത്തുവാനുള്ള അനുവാദം ഉള്ളൂ. മറ്റുള്ള വൈദികർ/ സിസ്റ്റേഴ്സ് വന്നാൽ സ്കൂൾ മാനജേർമാർ / ഹെഡ്മാസ്റ്റേഴ്സ് അവർക്ക് അനുവാദം കൊടുക്കേണ്ടതില്ല.

3. ഓരോ വ്യക്തിസഭയിലുമുള്ള (സീറോമലബാർ, ലത്തീൻ, സീറോമലങ്കര) വൊക്കേഷൻ പ്രൊമോട്ടർമാർക്ക് അതാത് അധികാരികൾ വൊക്കേഷൻ പ്രൊമോഷൻ നടത്തുവാനുള്ള അംഗീകാരപത്രം/സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ട്. ഇവ വികാരിയച്ചനും ഹെഡ്മാസ്റ്ററും കണ്ട് ബോധ്യപ്പെട്ടതിനുശേഷമേ കുട്ടികളെ കാണാൻ അനുവദിക്കാവൂ എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547128523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304871142

## ജ്യോതിഭവൻ സ്പെഷ്യൽസ്കൂൾ, തോമാപുരം


തോമാപുരം ദിവ്യകാരുണ്യ ആരാധനാസന്യാസിനി സമൂഹത്തോടു ചേർന്നു പ്രവർത്തിക്കുന്ന ജ്യോതിഭവൻ സ്പെഷ്യൽ സ്കൂളിൽ 17-06-19 മുതൽ 18 വയസ്സിൽ താഴെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി താമസിച്ചുപഠിക്കുവാനുള്ള സൗകര്യം ആരംഭിച്ചിരിക്കുന്നു.

ഫോൺ. 04672222850, 9656422577


## സ്രോതസ്സ് പ്രകൃതി ചികിത്സ & കൗൺസലിംങ് സെന്റർ കാർത്തികപുരം


കാർത്തികപുരം ഫോൺബോൺ കോൺവെന്റിനോടനുബന്ധിച്ച് സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് ഒരു പ്രകൃതി ചികിത്സാകേന്ദ്രവും കൗൺസലിംങ് സെന്ററും ആരംഭിച്ചിരിക്കുന്നു. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉൾപ്പെടെ ക്രമീകരിച്ചിട്ടുണ്ട്.

അന്വേഷണങ്ങൾക്ക് ഫോൺ: 9405627741

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി മാതാ വിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 1. സർവ്വേ ഫോം - 2019-2020

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2019-2020 അധ്യയനവർഷത്തെ വിശ്വാസപരിശീല കരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഉടനെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 2. ആമുഖസെമിനാർ... നന്ദി

ജൂലൈ 12 മുതൽ 15 വരെയുള്ള തീയതികളിലായി നടന്ന 71-ാമത് ആമുഖസെമിനാറിൽ 96 വിശ്വാസപരിശീലകർ പങ്കെടുത്തു. ക്ലാസുകൾക്ക് നേതൃത്വം നല്കിയ റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയ ച്ചൻമാർക്കും ഹൃദ്യമായ നന്ദി.

## 3. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവ സാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നട ത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 4. ഓണപരീക്ഷ - സെപ്റ്റംബർ 1

ഓണപരീക്ഷ സെപ്റ്റംബർ 1-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരു ങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 1-ാം തീയതി

ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 5. ജനറൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 11 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

## 6. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ്

നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

### 7. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2018-2019 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ എല്ലാ ഫൊറോന കേന്ദ്രങ്ങളിലും ജൂൺ 15 ന് എത്തിച്ചിരുന്നു. ഇനിയും സർട്ടിഫിക്കറ്റുകൾ ഫൊറോന കേന്ദ്രത്തിൽ നിന്നും എടുക്കാത്തവർ എത്രയും പെട്ടന്നുതന്നെ എടുത്ത് കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### 8. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

### 9. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഏതെങ്കിലുമൊരു ഞായറാഴ്ച നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

### 10. ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ജൂലൈ മാസത്തിൽ പുസ്തകങ്ങൾ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

### 11. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ അടുത്തമാസം മുതൽ ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ

വൈകുന്നേരം 5 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കുന്ന ടീം അംഗങ്ങൾ ആരെന്ന് ഓഫീസിൽ നിന്നും അറിയിക്കുന്നതായിരിക്കും. സെമിനാറിൽ ഫൊറോറോ നയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടു ക്കേണ്ടതാണ്.

### ജൂലൈ മാസത്തിൽ നടന്ന സെമിനാറുകൾ

**a. പൈസക്കരി :** ജൂലൈ 21 ഞായറാഴ്ച്ച ചെമ്പന്തൊട്ടി ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ സന്ദേശഭവൻ ഡയ റക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ശ്രീ. ബാബു കിഴക്കേപറമ്പിൽ യോഗത്തിൽ അദ്ധ്യക്ഷത വഹി ച്ചു. ഫൊറോന സെക്രട്ടറി ശ്രീ. ജോസ് ചുക്കനാനിൽ സ്വാഗതവും ശ്രീ. ജോൺ കടുപ്പിൽ നന്ദിയും പറഞ്ഞു. റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. സി. ബിൻസി മാത്യു എസ്എച്ച് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. സെമിനാറിൽ 148 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെ മിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ സെമിനാറുകൾ**

1. ജൂലൈ - 31ന് നെല്ലിക്കാംപൊയിൽ ഫൊറോന
2. ജൂലൈ - 31ന് തളിപ്പറമ്പ് ഫൊറോന
3. ആഗസ്റ്റ് - 10ന് കുന്നോത്ത് ഫൊറോന
4. ആഗസ്റ്റ് - 10ന് പൈസക്കരി ഫൊറോന
5. ആഗസ്റ്റ് - 23ന് ആലക്കോട് ഫൊറോന
6. ആഗസ്റ്റ് - 23ന് വായാട്ടുപറമ്പ് ഫൊറോന
7. ആഗസ്റ്റ് - 28ന് എടൂർ ഫൊറോന
8. ആഗസ്റ്റ് - 28ന് പേരാവൂർ ഫൊറോന

## 12. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2019-20 അധ്യയ നവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ

സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അവരുടെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | തോമസ് ആലുങ്കൽ |
| ചെമ്പേരി | സജി ജോസഫ് കാക്കനാട്ട് |
| ചെറുപുഴ | തോമസ് ആടിമാക്കിൽ |
| എടൂർ | വിപിൻ തെക്കേൽ |
| കാഞ്ഞങ്ങാട് | ജോസ് പുത്തൻപുരക്കൽ |
| കുന്നോത്ത് | ഷാജി മംഗലത്തിൽ |
| മേരിഗിരി | ജോസഫ് മൂലംതുരുത്തിൽ |
| നെല്ലിക്കാംപൊയിൽ | ജോസ് പുഷ്പക്കുന്നേൽ |
| പൈസക്കരി | വിൽസൺ കന്നുകെട്ടിയേൽ |
| പനത്തടി | ജോസഫ് വടശ്ശേരി |
| പേരാവൂർ | ബേബി പാലക്കലോടി |
| തളിപ്പറമ്പ് | ജോയി ഓരത്തേൽ |
| തോമാപുരം | ജെയിംസ് പുതുശ്ശേരിൽ |
| വായാട്ടുപറമ്പ് | ഫ്രാൻസീസ് ചൊവ്വാറ്റുകുന്നേൽ |
| വെള്ളരിക്കുണ്ട് | ജോസഫ് ആനിക്കാട്ടുവയലിൽ |

## 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 15. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 16. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

### 17. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 18. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 19. ഡിസിഎൽ IQ ചലഞ്ച് പരീക്ഷ

'നാം ഒരു കുടുംബം' എന്ന വിശ്വമാനവിക മുദ്രാവാക്യവുമായി ജാതി-മത- രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ വിദ്യാർഥികളെയും ഒന്നിപ്പിച്ച് അവരുടെ സമഗ്ര വ്യക്തിത്വവികസനത്തിനായി പരിശീലനം നൽകുന്ന ഏഷ്യയിലെതന്നെ ഏറ്റവും വലിയ ബാലസംഘടനയാണ് ദീപിക ബാലസഖ്യം അഥവാ ഡിസിഎൽ. കുട്ടികളുടെ ബുദ്ധിവികസനവും പൊതുവിജ്ഞാനവും വ്യക്തിത്വ വികസനവും ലക്ഷ്യമാക്കിയാണ് ദീപിക ബാലസഖ്യം ഐക്യു സ്കോളർഷിപ്പ് പരീക്ഷ സംഘടിപ്പിക്കുന്നത്. നമ്മുടെ സൺഡേ

സ്കൂൾ കേന്ദ്രീകരിച്ച് ഈ പരീക്ഷ നടത്താൻ അനുമതിയും സഹായവും നല്കുമല്ലോ. വിശ്വാസപരിശീലന ക്ലാസുകളെയും സൺഡേസ്കൂൾ പ്രവർത്തനങ്ങളെയും ബാധിക്കാതെ ഡിസിഎൽ പരീക്ഷ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വർഷം മുതൽ നമ്മുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ മത്സര പരീക്ഷകൾ എഴുതുന്നതിനു പരിശീലനം നല്കുക എന്ന ലക്ഷ്യത്തോടെ, ഏഴാംക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷയാണു നടത്തുന്നത്. എൽ.കെ.ജി മുതൽ ആറാംക്ലാസ് വരെ മൾട്ടിപ്പിൾ ചോയ്സ് ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളും ഒ.എം.ആർ. ഉത്തരക്കടലാസും.കൂടാതെ പരീക്ഷയിൽ വിജയിക്കുന്നവർക്ക് പോളണ്ടിലെ AGH യൂണിവേഴ്സിറ്റി ഫാക്കൽറ്റിയുടെ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സീനിയർ വിഭാഗത്തിലെ വിജയികൾക്കു പോർച്ചുഗലിലെ അവെയ്റോ യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സയൻസ് കോൺഫറൻസിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. അവിടെവച്ച് അവർക്കുള്ള സമ്മാനങ്ങളും നല്കുന്നതാണ്.

**2019 ഒക്ടോബർ12-ന് എഴുത്തു പരീക്ഷയും ക്രിസ്തുമസ് അവധിക്കാലത്ത് ഓൺലൈൻ പരീക്ഷയും** നടത്തും. **പരീക്ഷാഫലം ജനുവരി രണ്ടാംവാരം നല്കും.** എൽകെജി മുതൽ പ്ലസ്ടു വരെയുള്ള പരീക്ഷയിൽ ജാതി-മത വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും ചേരാവുന്നതാണ്. **പരീക്ഷാഫീസ് എൽകെജി മുതൽ ആറുവരെ 150 രൂപയും ആറാംക്ലാസ് മുതൽ പ്ലസ് ടു വരെ (ഓൺലൈൻ പരീക്ഷ നടത്തുന്നതിനാൽ) 300 രൂപയുമാണ്.**

## 20. എൻഡോവ്മെന്റ്

റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 11, 12 ഒന്നാം റാങ്ക്)

## 21. അനുകരണീയ മാതൃകകൾ

അതിരൂപതയിലെ സൺഡേ സ്കൂളുകളിൽ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന അനുകരണീയമായ ചില മാതൃകകൾ താഴെ കൊടുക്കുന്നു. മറ്റു സൺഡേ സ്കൂളുകൾക്ക് പ്രചോദനാത്മകമായ കാര്യങ്ങൾ നിങ്ങളുടെ സൺഡേ സ്കൂളിൽ ചെയ്യുന്നുണ്ടെങ്കിൽ ഓഫീസിൽ അറിയിക്കുമല്ലോ.

**a. വൈദിക വിദ്യാർത്ഥിക്ക് പഠനസഹായം:** ഏറ്റുപാറ സൺഡേ സ്കൂളിൽ എല്ലാ ഞായറാഴ്ചയും വിശ്വാസപരിശീലകരും കുട്ടികളും കാഴ്ച സമർപ്പണം നടത്തുകയും അതുവഴി ലഭിക്കുന്ന തുക ഒരു വൈദിക വിദ്യാർത്ഥിയുടെ പഠനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ നല്കുവാനും തീരുമാനിച്ചിരിക്കുന്നു.

**b. കാരുണ്യ പെട്ടി:** ഏറ്റുപാറ സൺഡേ സ്കൂളിൽ ഇടവകാംഗങ്ങളും കുട്ടികളും അവരുടെ ബർത്ത്ഡേ, ഫീസ്റ്റ, വിവാഹ വാർഷികം, മറ്റ് വിശേഷ ദിവസങ്ങളിൽ തങ്ങൾക്ക് ഇഷ്ടമുള്ള സാധനങ്ങൾ - കുട, ബാഗ്, ബുക്കുകൾ, അരി സാധനങ്ങൾ, മുതലായവ.... കാരുണ്യ പെട്ടിയിൽ നിക്ഷേപിക്കുന്നു. ഇവ ഇടവകയിലെ അർഹരായ ക്രൈസ്തവർക്കോ അക്രൈസ്തവർക്കോ കാരുണ്യ പെട്ടിയിൽ നിന്നും എടുക്കാവുന്നതാണ്. കൂടാതെ, ഉപയോഗിച്ച് ബാക്കി വരുന്ന Expiry Date കഴിയാത്ത മരുന്നുകൾ ശേഖരിക്കുന്നു. അത്തരം മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം രോഗികൾക്ക് ഉപയോഗിക്കാൻ അഗതിമന്ദിരങ്ങളിൽ എത്തിച്ച് കൊടുക്കുന്നു.

**c. നല്ല പാഠം:** തോമാപുരം ഇടവകയിലെ പത്താം ക്ലാസിൽ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികൾ കഴിഞ്ഞ നാലു വർഷമായി ഉപപാഠ പുസ്തകത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ കുടുംബത്തിന്റെ കുടിയേറ്റ ചരിത്രം ഉത്സാഹപൂർവ്വം അന്വേഷിച്ചു മനസ്സിലാക്കി ലഘു വിവരണമാക്കി ഓരോരുത്തരുടെയും കുടുംബ ഫോട്ടോയും ചേർത്ത് ഒരു സ്മരണികയായി പ്രകാശനം ചെയ്തു വരുന്നു. കുട്ടികളുടെ ഭാവനയും ചരിത്രാന്വേഷണ കൗതുകവും നന്നായി സംയോജിപ്പിച്ചുകൊണ്ടുള്ള ഈ ഒരു സംരംഭം അതിരൂപതയിലെ പത്താം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അനുവർത്തിക്കാവുന്ന ഒന്നായി കരുതുന്നു.

## 22. കുട്ടികളുടെ ആരാധന - ശാലോം ടി വി

ശാലോം ടി വിയുടെ സഹകരണത്തോടെ സൺഡേ സ്കൂൾ കുട്ടികളുടെ ആരാധന ഷൂട്ട് ചെയ്യുന്നു. 35 മിനിറ്റ് ദൈർഘ്യമുള്ള കുട്ടികൾ തന്നെ നേതൃത്വം വഹിക്കുന്ന ആരാധനയാണ് ഉദ്ദേശിക്കുന്നത്. താൽപ്പര്യമുള്ള ഇടവകകൾ പേര് നല്കുമല്ലോ (മിഷൻ ലീഗ് ഓഫീസ്, വിശ്വാസപരിശീലന കേന്ദ്രം). ഒക്ടോബർ-നവംബർ മാസത്തോടെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

## 23. തിരുബാലസഖ്യം കുട്ടികളുടെ പ്രോഗ്രാം - ശാലോം ടി വി

തിരുബാലസഖ്യം കുട്ടികളുടെ വർക്കുബുക്ക് ആധാരമാക്കിയുള്ള കലാപരിപാടികൾ ശാലോം ടി വി ഷൂട്ട് ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. അരമണിക്കൂർ ദൈർഘ്യമുള്ള പല പ്രോഗ്രാമുകളാണ് ഉദ്ദേശിക്കുന്നത്. താൽപ്പര്യമുള്ള ഇടവകകൾ പേര് നല്കുമല്ലോ (മിഷൻ ലീഗ് ഓഫീസ്, വിശ്വാസപരിശീലന കേന്ദ്രം). ഒക്ടോബർ-നവംബർ മാസത്തോടെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

## 24. ദിയാകോണിയ കർമ്മ പദ്ധതി

ആഗസ്റ്റ് മാസത്തിൽ റോഡ് സുരക്ഷയ്ക്ക് പ്രത്യേക പ്രാധാന്യം നല്കുകയാണ്. കുട്ടികൾക്ക് റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ നല്കാൻ ശ്രദ്ധിക്കുമല്ലോ.

റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള 10 കൽപ്പനകൾ Catechism website ൽ ലഭ്യമാണ്.

## 25. XI-XII ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ റിവിഷൻ

സീറോമലബാർ മതബോധന കമ്മീഷന്റെ തീരുമാനമനുസരിച്ച് XI-XII ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ ഓഗസ്റ്റ് 10-നുള്ളിൽ അടിയന്തിരമായി ഓഫീസിൽ അറിയിക്കുമല്ലോ (റിപ്പോർട്ട് E-mail വഴിയോ, WhatsApp വഴിയോ നല്കിയാലും മതി).

**1.** XI-XII പാഠപുസ്തകങ്ങളുടെ റിവിഷൻ

**a.** എന്തൊക്കെ കലോചിതമായ മാറ്റങ്ങളാണ് വരുത്തേണ്ടത്?

**b.** പുതുതായി കൂട്ടിച്ചേർക്കേണ്ട വിഷയങ്ങൾ ഏതൊക്കെയാണ്?

**c.** പുതിയ വിഷയങ്ങൾ Additional Text ആയി നല്കിയാൽ മതിയോ?

**2.** വിശ്വാസപരിശീലനം ജീവിതബന്ധിയാക്കി മാറ്റുവാൻ വിശ്വാസപരിശീലകരായ നിങ്ങളുടെ അഭിപ്രായത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത്?

## 26. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മണിപ്പാറ, ആനറ, കാഞ്ഞിരക്കൊല്ലി, കാവുംതല, മുളപ്രഎന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ പുളിങ്ങോം, എടൂർ, മുണ്ടാനൂർ, കുന്നോത്ത് എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സുഹൃത്തുക്കളെ,

കുടുംബ കൂട്ടായ്മകളെ ഇടവക തലത്തിൽ സന്ദർശിക്കുന്ന ദൗത്യം തുടർന്ന് വരികയാണ്. പകുതി ഇടവകകൾ പൂർത്തിയാക്കുവാൻ കഴിഞ്ഞു. കൃത്യസമയത്തുതന്നെ വിളിച്ചു ചേർത്ത് സംഘടിപ്പിച്ച് ഈ സൗഹൃദ സന്ദർശനം വിജയകരമാക്കി തന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് നന്ദി പറയുന്നു. വളരെ താല്പര്യത്തോടെ ഭാരവാഹികൾ പങ്കെടുത്തുവെന്നത് അഭിമാനകരമാണ്. ബാക്കിയുള്ള ഇടവകകളിൽ നിശ്ചയിച്ച സമയത്തും രീതിയിലും നടക്കുന്നതാണ്.

**ആഗസ്റ്റ് മാസത്തിലെ സന്ദർശനങ്ങൾ**

**Peravooor Forane**

**August 02 Friday**

11.00 am - Chettiyamparamba

1.00 pm - Manjalampuam

3.00 pm - Odenthode

5.00 pm - Kanichar

**August 03 Saturday**

11.00 am - Chengome

1.00 pm - Rajamudy

3.00 pm - Peravoor

5.00 pm - Kolakad

**August 04 Sunday**

11.00 am - Poolakkutty

1.00 pm - Nedumpuranchal

3.00 pm - Kallumuthirakunnu

5.00 pm - Kolayad

**August 05 Monday**

11.00 am - Melmuringody

1.00 pm - Perumpunna

3.00 pm - Edathotty

5.00 pm - Aryaparamba

**Edoor Forane**

**August 06 Tuesday**

10.00 am - Uruppumkutty

12.00noon- Edapuzha

2.00 pm - Karikkottakkary

4.00 pm - Edoor

6.00 pm - Chedikulam

**August 07 Wednesday**

11.00 am - Vattiyara
1.00 pm - Mangode
3.00 pm - Keezhppally
5.00 pm - Velimanam

**Kanhangad Forane**

**August 8 Thursday**

11.00 am - Mulleria
1.00pm - Deelampady
3.00 pm -Badiyadukka
6.00 pm - Hosangady

**August 10 Saturday**

10.00 am- Kanjiradukkam
12.00noon - Ennappara
2.00 pm - kalichanadukkam
4.00 pm - Chayyoth
6.00 pm - Nileswaram

**August 11 Sunday**

9.30 am - Cheemeni
11.00 am - Peria, Poinachi
3.00 pm - Kasargod
5.30 pm - Kanhangad

**Vellarikund Forane**

**August 12 Monday**

10.00 am - Attakandam
12.00noon - Attenganam
2.00 pm - Parappa
4.00 pm - Birikkulam
6.00 pm - Kalichamaram

**August 13 Tuesday**

11.00 am - Konnakkad
1.00 pm - Dharkas
3.00 pm - Malom
5.00 pm - Paramba

**August 14 Wednesday**

11.00 am - Udayapuram
1.00 pm - Kodoth
3.00 pm - Nelliyadukkam
5.00 pm - Padannakkad

**August 16 Friday**

11.00 am - Kanakappally
1.00 pm - Balal
3.00 pm - Vellarikund
5.00 pm - Bheemanady

**August 17 Saturday**

10.00 am - Chully
12.00noon- Puncha
2.00 pm - Anamanjal
4.00 pm - Nattakkal
6.00 pm - Punnakkunnu

**Thomapuram Forane**

**August 18 Sunday**

11.00 am - Thayyeni
1.00 pm - Chavaragiri
3.00 pm - Palavayal
5.00 pm - Kannivayal

**August 19 Monday**

11.00 am - Ayannur
1.00 pm - Kamballur

3.00 pm - Kunnamkai
5.00 pm - Mandapam

**August 20 Tuesday**

11.00 am - Kulineer
1.00 pm - Chattamala
3.00 pm - Athirumavu
5.00 pm - Kavumthala

**August 21 Wednesday**

11.00 am - Bedoor
1.00 pm - Kadumeni
3.00 pm - Thomapuram
5.00 pm - Varakkad

**Panathady Forane**

**August 22 Thursday**

11.00 am - Kaneeladukkam
1.00 pm - Marypuram
3.00 pm - Manadukkam
5.00 pm - Paduppu

**August 23 Friday**

11.00 am - Padimaruth
1.00 pm - Kottody
3.00 pm - Panathady
5.00 pm - Kallar

**August 24 Saturday**

11.00 am - Pullady
1.00 pm - Adottukaya
3.00 pm - Ellukochi
5.00 pm - Panathur

**Vayattuparamba Forane**

**August 25 Sunday**

10.00 am - Vellad
12.00 pm - Karuvanchal
2.00 pm - Vayattuparamba
4.00 pm - Karunapuram
6.00 pm - Thadikkadavu

**August 27 Tuesday**

11.00 am - Alphonsagiri
1.00 pm - Mavumchal
3.00 pm - Vijayapuram
5.00 pm - Pathenpara

## ഫൊറോന ഡയറക്ടർമാരുടെ യോഗം

കുടുംബ കൂട്ടായ്മയുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും ഫൊറോന ഡയറക്ടർമാരുടെയും അതിരൂപത ഭാരവാഹികളുടെയുംയോഗം ജൂലൈ 10 ന് സന്ദേശഭവനിൽ ചേർന്നു. ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, ഫാ. തോമസ് ആമക്കാട്ട്, ഫാ.തോമസ് പൈമ്പള്ളിൽ, ഫാ.ജോർജ് ആലപ്പാട്ട്, ഫാ. മാത്യു ഓലിക്കൽ, ഫാ. ജോൺ വാഴകാട്ട്, ഫാ. ജോർജ് അച്ചാണ്ടി, ഫാ.ജോയി മഠത്തുമ്യാലിൽ, ഫാ. ഐസക് മറ്റത്തിൽ, ഫാ. സണ്ണി അമ്പാട്ട്, ഫാ.കുര്യാക്കോസ് കോലക്കുന്നേൽ എന്നീ വൈദികർ പങ്കെടുത്തത് നന്ദിയോടെ അനുസ്മരിക്കുന്നു.

കൂട്ടായ്മ അതിരൂപത പ്രസിഡന്റ് ഡോ. മാത്യു മണ്ഡപത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് പുത്തൻ കർമ്മ പദ്ധതികളുടെ സാധ്യതകൾ അവതരിപ്പിച്ചു. കുടുംബ കൂട്ടായ്മകളിലൂടെ ഒന്നു ചേർന്ന് സംഘടിത ശക്തിയായി നാം മാറണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ചർച്ചകളുടെ വെളിച്ചത്തിൽ കുടുംബ കൂട്ടായ്മയും എ.കെ.സി.സിയും ഒരുമിച്ച് മറ്റ് സംഘടനകളുടെ സഹായത്തോടെ ഓരോ ഇടവകയിലും തുടക്കം കുറിക്കാനാവുന്ന പുത്തൻ പദ്ധതികൾ പ്രഖ്യാപിച്ചു. ഓരോ കൂട്ടായ്മകളുടെയും അച്ചന്മാരുടെയും താല്പ്പര്യമനുസരിച്ച് കഴിയുന്നത്ര ഇടവകകളിൽ ഇവ നടപ്പിലാക്കണം.

## 1. ഫ്രൂട്ട്സ് സേവനകേന്ദ്രം

ഇടവക സംവിധാനങ്ങളോട് ചേർന്ന് വിവര സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന സേവന കേന്ദ്രം ആരംഭിക്കുക.

## ലക്ഷ്യങ്ങൾ

1. സർക്കാർ, പഞ്ചായത്ത്, കൃഷി, തൊഴിൽ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ജനക്ഷേമ പദ്ധതികളുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക.
2. ന്യൂനപക്ഷമെന്ന നിലയിൽ ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുക. അവ നേടിയെടുക്കാൻ സഹായിക്കുക.
3. സർക്കാർ, സ്വകാര്യ ജോലികൾക്ക് അപേക്ഷകൾ കൊടുക്കുവാൻ ഓൺലൈൻ സൗകര്യമൊരുക്കുക.
4. റിസൽട്ടുകൾ അറിയുവാൻ സേവന സൗകര്യം ലഭ്യമാക്കുക.
5. ആധാർ, വോട്ടർപട്ടിക തുടങ്ങിയവയിൽ പേരുചേർക്കുവാനും പുതുക്കുവാനും അവസരം.

## സേവന കേന്ദ്രം തുടങ്ങുവാൻ ചെയ്യേണ്ടത്

1. ഒരു റൂം ഒരുക്കുക
2. മേശ, കസേരകൾ, ഷെൽഫ് ഇവ ക്രമീകരിക്കണം
3. നോട്ടീസ് ബോർഡ് ഉണ്ടായിരിക്കണം.
4. വൈദ്യുതി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കണം.

## പ്രവർത്തന രീതി

1. ശനി, ഞായർ ദിവസങ്ങളിൽ 9 മണിമുതൽ 1 മണിവരെ തല്ക്കാലം തുറന്ന് പ്രവർത്തിക്കാം.

2. ജോലിക്കായി ഒരാളെ സൗജന്യ സേവന വ്യവസ്ഥയിൽ നിശ്ചയിക്കാം.

3. സേവനങ്ങൾക്ക് ചെറിയ ഫീസ് ഈടാക്കാം.

4. സേവന കേന്ദ്രത്തിന്റെ വളർച്ചക്കനുസരിച്ച് ഒരാളെ ശമ്പളത്തിൽ ജോലിക്കായി പിന്നീട് നിയമിക്കാം.

ആവശ്യമായ കമ്പ്യൂട്ടർ ഓരോ സെന്ററിനും ചുരുങ്ങിയ വിലയിൽ ലഭ്യമാക്കുന്നതാണ്. സാങ്കേതിക വിവരങ്ങൾ കേന്ദ്ര ഓഫീസിൽനിന്നു കൈമാറുന്നതാണ്.

**2. മാസചന്തകൾ –** കുടുംബ കൂട്ടായ്മകളെ പങ്കു ചേർത്ത് ഇടവകയിലെ എല്ലാ സംഘടനകളുടെയും സഹായത്തോടെ നടപ്പാക്കാം.

**3.സ്വയം സേവക സംഘങ്ങൾ –** ഓരോ കൂട്ടായ്മയും പരസ്പര സാമ്പത്തിക സഹായം നൽകുന്ന സ്വയം സേവക സംഘങ്ങളാക്കി വളർത്തുക.

**4. സഹകരണസംഘം** - കത്തോലിക്കാ കോൺഗ്രസ് നേതൃത്വം കൊടുത്ത് ഒരു സഹകരണസംഘം (Co-operative Society) ആരംഭിക്കുക.

**5. ഓരോ ഇടവകയും ദാരിദ്ര്യമുക്ത സമൂഹമാക്കുക** (Zero - poverty). പള്ളികളോട് ചേർന്ന് പാവപ്പെട്ടവർക്കുവേണ്ടി ഭക്ഷണസാധനങ്ങൾ ശേഖരിക്കുവാനും എടുത്തുകൊണ്ടു പോകുവാനും സാധിക്കുന്ന ഒരു പെട്ടി സ്ഥാപിക്കുക. ആർക്കും ഏതു നേരത്തും ആഹാര സാധനങ്ങൾ ലഭ്യമാകട്ടെ.

**6. കർഷകരോടൊപ്പം നിൽക്കുക –** മലയോര കർഷകർ നേരിടുന്ന വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് കർഷകരെയും കൃഷി ഭൂമികളെയും സംരക്ഷിക്കുവാൻ കർഷക പ്രക്ഷോഭം സംഘടിപ്പിക്കുക. അതിരൂപതയിലെ മുഴുവൻ ജനത്തെയും അണിനിരത്തി ശക്തമായ സമര പരിപാടികൾ നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വൈദികരുടെയും വിവിധ സംഘടനകളുടെയും തലത്തിൽ ചർച്ചകൾ നടത്തി തീരുമാനമെടുക്കാമെന്ന് അഭിവന്ദ്യ പിതാവ് നിർദേശിച്ചിട്ടുണ്ട്.

കൂട്ടായ്മകൾ സജീവമായി നടത്തുവാൻ അദ്ധ്വാനിക്കുന്ന ബഹു. വൈദികരോടും സമർപ്പിതരോടും കൂട്ടായ്മഭാരവാഹികളോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

സ്നേഹപൂർവ്വം

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ദൈവശാസ്ത്രകോഴ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സുകൾ ഈ അദ്ധ്യയനവർഷത്തിൽ ആരംഭിച്ചു. ഡിപ്ലോമ, ബി.റ്റി.എച്ച്, എം.റ്റി.എച്ച് എന്നീ കോഴ്സുകളും ദൈവശാസ്ത്രത്തിൽ ഗവേഷണവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്നു. ഇന്ത്യക്കകത്തും പുറത്തുമായി 66 സെന്ററുകളിലായി 4500 ഓളം വിദ്യാർത്ഥികൾ ദൈവശാസ്ത്രപഠനം നടത്തുന്നുണ്ട്.

## 2. ലോഗോസ് ക്വിസ് 2019

ലോഗോസ് ക്വിസ് 2019-ന്റെ രജിസ്ട്രേഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും ഇടവക അവശേഷിക്കുന്നുണ്ടെങ്കിൽ എത്രയും വേഗം രജിസ്ട്രേഷൻ നിർബന്ധമായും ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

ജൂലൈ-31 നാണ് രജിസ്ട്രേഷൻ അവസാനിക്കുന്നത്. ഏതെങ്കിലും കാരണത്താൽ താമസിച്ച് പോയെങ്കിൽ ഓഗസ്റ്റ്-4 നു മുൻപ് നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 9961566044 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

പരീക്ഷാ സമയം അതിരൂപതാതലത്തിൽ 2019 സെപ്റ്റംബർ 29-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. മേഖലാതല പരീക്ഷ നവംബർ 10 നും സംസ്ഥാനതല പരീക്ഷ നവംബർ 21 - 24 വരെ നടത്തപ്പെടുന്നതാണ്.

## 3. എം.റ്റി. എച്ച് വിദ്യാർത്ഥികളുടെ ശ്രദ്ധക്ക്

എം. റ്റി. എച്ച്, ഇന്റഗ്രേറ്റഡ് എം. എ വിദ്യാർത്ഥികൾക്കായുള്ള പുതിയ സെമസ്റ്ററിന്റെ ക്ലാസ്സ് ആഗസ്റ്റ് -10 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിവസം എല്ലാ ബുക്കുകളും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായിരിക്കും. എം. റ്റി. എച്ച് വിദ്യാർത്ഥികൾ ഫൊറോന സെന്ററുകളിലെ ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതില്ല.

## 4. എം.റ്റി.എച്ച് ഡിഫൻസ് : ഓഗസ്റ്റ് – 12

2019 – 20 ൽ ദൈവശാസ്ത്രത്തിൽ എം.റ്റി.എച്ച് പൂർത്തിയാക്കുന്നവരുടെ തീസിസിന്റെ ഡിഫൻസ് ഓഗസ്റ്റ് 12 ന് നടത്തപ്പെടുന്നു. രാവിലെ 8.30 മുതൽ തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മറ്റ് അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിലാണ് ഡിഫൻസ് നടത്തപ്പെടുന്നത്.

## 5. 2019–20 വർഷത്തിലെ കോൺവൊക്കേഷൻ സെപ്റ്റംബർ 7

ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനചടങ്ങ് സെപ്റ്റം. 7–ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു.

## 6. ല്യൂമെൻ എക്ലേസിയ ക്ലാസ്സുകൾ

നമ്മുടെ അതിരൂപതയിലെ മതാദ്ധ്യാപകർക്കായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ദൈവശാസ്ത്രകോഴ്സിന്റെ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. അനേകർ പുതുതായി ചേർന്നെങ്കിലും ഇനിയും നല്ലൊരു ഭാഗം അദ്ധ്യാപകരും ദൈവശാസ്ത്രപഠനത്തിൽനിന്ന് വിട്ട് നില്പുണ്ട്. മുൻവർഷങ്ങളിൽ ചേർന്നവരും എന്നാൽ ഇടയ്ക്ക് വെച്ച് അവസാനിപ്പിച്ചതുമായ മതാദ്ധ്യാപകർ ഈ വർഷം പഠനം പുനരാംരഭിക്കുവാൻ ബഹു.വികാരിയച്ചൻമാർ പ്രോത്സാഹിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. മതാദ്ധ്യാപകരുടെ മേഖലാ സെമിനാറുകളിൽ ഇക്കാര്യം പ്രത്യേകം പറഞ്ഞ് അവരെ ചേർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 7. ഐഫൽ (AIFL) ജർമ്മൻകോഴ്സ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംരംഭമായ ജർമ്മൻ ഭാഷാപഠന പദ്ധതി വിജയകരമായി പോകുന്നു. നമ്മുടെ ഇടവകയിലെ ബി.എസ്.സി നഴ്സിംങ് കഴിഞ്ഞ നിർദ്ധനരായ കുട്ടികൾക്ക് വിദേശജോലി സംലഭ്യമാക്കുവാൻ സഹായിക്കുന്ന ജർമ്മൻ ഭാഷാപഠന പദ്ധതിയിൽ കുട്ടികളെ കണ്ടെത്തി വിടുവാൻ അച്ചന്മാർ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**അന്വേഷണങ്ങൾക്ക് : ഫാ. ഫിലിപ്പ് കവിയിൽ – 8281303477**

**8. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം**

| തിയ്യതി | സ്ഥലം | സമയം |
|---|---|---|
| ആഗസ്റ്റ് 3 | ഇടുക്കി എസ്.എച്ച് | 9.30am - 4.30pm |
| ആഗസ്റ്റ് 3 | ഇടുക്കി എഫ്.സി.സി | 9.30am - 4.30pm |
| ആഗസ്റ്റ് 3 | നെല്ലിക്കാംപൊയിൽ | 9.30am - 4.30pm |
| ആഗസ്റ്റ് 4 | LE Class | 2.30pm - 5.00pm |
| ആഗസ്റ്റ് 15 | ബാബുസപാളയ | 9.30am - 4.30pm |
| ആഗസ്റ്റ് 17 | തിരുവനന്തപുരം | 9.30am - 4.30pm |
| ആഗസ്റ്റ് 24 | പാലക്കാട് CMC | 9.30am - 4.30pm |
| ആഗസ്റ്റ് 24 | Phd Meeting | 9.30am - 4.30pm |

**9. ഗ്രീക്ക് ക്ലാസ്സ് - ഓഗസ്റ്റ് 24**

വി. ഗ്രന്ഥത്തിൽ ബിരുദാനന്തരബിരുദം ചെയ്യുന്ന എം.റ്റി.എച്ച്/ഐ.എം.എ വിദ്യാർത്ഥികൾക്കും വി.ഗ്രന്ഥ വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കുമായി ഓഗസ്റ്റ് 24-ാം തിയതി ഒരു ഏകദിനഗ്രീക്ക് ക്ലാസ്സ് സംഘടിപ്പിക്കുന്നു. വി. ഗ്രന്ഥവിഷയങ്ങളിൽ ഉപരിപഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികളും (MTh/IMA/PhD) ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. ഓഗസ്റ്റ് 24 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ യാണ് ക്ലാസ്സ് സമയം.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. ദൈവസ്നേഹത്തിന്റെ തിളക്കമാർന്ന പ്രതിരൂപവും രക്ഷകനായ ഈശോ നമുക്ക് തന്ന വിലപിടിപ്പുള്ള സമ്മാനവുമായ പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിക്കുമ്പോൾ വിശുദ്ധമായ ഹൃദയവിചാരങ്ങളോടെ വ്യാപരിക്കുവാൻ മിഷനറിമാരായ നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തണമേ എന്ന് പ്രാർത്ഥിക്കാം.

ഒരുമയോടെ സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുമ്പോൾ അടിമത്തത്തിന്റെ നുകത്തിൽ കീഴിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങളിലേക്ക് ഉയർന്നുപറക്കാൻ നമ്മെ സഹായിച്ച മഹത്‌വ്യക്തിത്വങ്ങളെ നമുക്ക് ഓർക്കാം... പ്രാർത്ഥിക്കാം. അറിവിനെ അതിലംഘിക്കുന്ന ആത്മീയതയും ജ്ഞാനത്തെ നിഷ്പ്രഭമാക്കുന്ന വിശുദ്ധിയുംകൊണ്ട് അനേകായിരങ്ങളിൽ ജീവിതനവീകരണം സാധ്യമാക്കിയ വി. ജോൺ മരിയാ വിയാനിയുടെ ജീവിതമാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| ,, വിശുദ്ധർ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : വൈദികർ, സമർപ്പിതർ, സഭാധികാരികൾ |
| സുകൃതജപം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| സപ്തതി സുകൃതം | : 72 സ്വർഗ്ഗസ്ഥനായ പിതാവേ |
| വചനഭേരി | : വി. മത്തായി 25-27 അദ്ധ്യായങ്ങൾ |
| ദിയാക്കോണിയ | : റോഡ് സുരക്ഷ |

## ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം - പതിനഞ്ച് നോമ്പ് ആരംഭം

3 ശനി - ശ്രീ. ജയ്സൺ മർക്കോസ്-ഒന്നാംചരമവാർഷികം അനുസ്മരണം

4 ഞായർ - വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

11 ഞായർ - മിഷൻലീഗ് സ്ഥാപകനേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 10-ാം ചരമവാർഷികം

15 വ്യാഴം - പരി. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം

23 വെള്ളി - അതിരൂപതാ സാഹിത്യ ചിത്രരചനാമത്സരം റീജിയനുകളിൽ

28 ബുധൻ- അൽഫോൻസാകിസ്, ചിത്രരചനാക്യാമ്പ്

29 വ്യാഴം - വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, മേഖലാസാഹിത്യ മത്സരം-കൗൺസിൽ വാർഷികം

## മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും 2019-20 വർഷത്തെ പ്രധാനപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുമായി ജൂലൈ 6-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ചുനടന്ന മേഖലാ ഡയറക്ടേഴ്സ് - വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ 14 ഫൊറോനകളിൽനിന്നും ഡയറക്ടർ അച്ചന്മാരും വൈസ്ഡയറക്ടർ സിസ്റ്റേഴ്സും പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതം ആശംസിച്ച മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ചു. മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്ത എല്ലാ ഡയറക്ടർ അച്ചന്മാർക്കും, വൈസ്ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും നേതൃത്വം നല്കിയ അതിരൂപതാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി - ജൂണിയർ ഭാരവാഹികളുടെ ഇലക്ഷൻ

2019 ജൂലൈ 13-ാം തീയതി രാവിലെ 10ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാമാനേജിംഗ് കമ്മറ്റിയിൽ 122 പേർ പങ്കെടുത്തു. വെരി. റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ ജോയിന്റ് സെക്രട്ടറി ശ്രീമതി ഷേർളി പാമ്പനാൽ, വാർഷിക റിപ്പോർട്ടും, സെക്രട്ടറി സുനിൽ കല്ലിടുക്കിൽ വാർഷിക കണക്കും, ഓഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് ജലസംരക്ഷണ സ്റ്റിക്കർ ഉദ്ഘാടനവും ജലസംരക്ഷണ ഡോക്യുമെന്ററി പ്രദർശനവും, അതിരൂപതാ ജൂണിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. അതോടൊപ്പം അതിരൂപതാ ടീമിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വി. അന്തോണീസിനെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രകാശനവും നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും ജനറൽ ഓർഗ്ഗനൈസർ ശ്രീ. ബിജു മണ്ണനാൽ നന്ദിയും പറഞ്ഞു. സ്നേഹവിരുന്നോടെ മീറ്റിംഗ് അവസാനിച്ചു.

## 2019-20 പ്രവർത്തനവർഷത്തിലെ അതിരൂപതാ ജൂണിയർ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡണ്ട് | - അമൽ സജി പനച്ചിക്കൽ (പയ്യാവൂർ ശാഖ) |
| വൈസ്പ്രസിഡണ്ട് | - ജിയന്ന മണ്ണനാൽ (വെമ്പുവ ശാഖ) |
| സെക്രട്ടറി | - ഐബൽ ചൂരക്കുന്നേൽ (പരപ്പ ശാഖ) |
| ജോയിന്റ് സെക്രട്ടറി | - ഷിജിന ഞൊണ്ടിമാക്കൽ (മണിക്കടവ് ശാഖ) |

ജൂണിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## ഓർഗ്ഗനൈസിംഗ് ടീം മീറ്റിംഗ്

2019-20 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി 13-7-2019ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാ പ്രസിഡണ്ട് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓർഗ്ഗനൈസിംഗ് ടീം മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ടീം അംഗങ്ങൾക്ക് ശാഖാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഓർഗ്ഗനൈസിംഗ് ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

## ഡോക്ടേഴ്സ് ഡേ

30.6.19ന് ഞായറാഴ്ച 6 മണിക്ക് കണ്ണൂർ റസ്‌ലോക്ക് ഹോസ്പിറ്റലിൽവച്ച് ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു. അതിരൂപതാ പ്രസിഡണ്ട് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് മേലെചൊവ്വ ഇടവക വികാരി ഫാ. പോൾ കൈതയ്ക്കൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡോ. റോയിപുളിക്കലിനെ ഫാ. ജോസഫ് വേങ്ങക്കുന്നേൽ പൊന്നാടയണിയിച്ച് ആദരിക്കുകയും മെമെന്റോ നല്കുകയും ചെയ്തു. സെന്റ് ജോസഫ് എഫ്.സി.സി. പ്രൊവിൻഷ്യൽ സി. നോബിൾ മേരി, ശ്രീ. സുനിൽ കല്ലിടുക്കിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും ജനറൽ ഓർഗ്ഗനൈസർ ശ്രീ. ബിജു മണ്ണനാൽ നന്ദിയും പറഞ്ഞു.

## അതിരൂപതാതല അംഗത്വസ്വീകരണവും സെന്റ് തോമസ് ദിനാചരണവും

ദുക്റാന തിരുനാൾദിനത്തിൽ കുടിയാന്മല ശാഖയിൽവച്ച് ഈ വർഷത്തെ അതിരൂപതാതല അംഗത്വസ്വീകരണം നടന്നു. ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്ക് മുൻപായി ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പാ മിഷൻലീഗ് സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാശുശ്രൂഷയും അംഗത്വസ്വീകരണവും നടത്തി. ഫാ. രഞ്ജിത്ത് പടിഞ്ഞാറെ ആനിശ്ശേരി അദ്ധ്യക്ഷത വഹിച്ച സെന്റ് തോമസ് ദിനാചരണ പൊതുസമ്മേളനം ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ശ്രീ. മാണി കണി

യാരോലിക്കൽ ആശംസകളർപ്പിച്ച് സംസാരിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബിനു അഞ്ചാനിയിൽ സ്വാഗതവും അലൻ പാമ്പയ്ക്കൽ നന്ദിയും പറഞ്ഞു. തുടർന്ന് കുട്ടികൾ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടിയുടെ വിജയത്തിനായി എല്ലാവിധ സഹകരണങ്ങളും ചെയ്ത ലാസർ വരമ്പകത്തത് അച്ചനും ശാഖാ വൈസ്ഡയറക്ടർ സി. ലിസ്മരിയ എഫ്.സി.സി.ക്കും സൺഡേസ്കൂൾ അധ്യാപകർക്കും ശാഖാ-മേഖലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി.

## അൽഫോൻസ ക്വിസ്

അൽഫോൻസാക്വിസ് അതിരൂപതാതല മത്സരം ഓഗസ്റ്റ് 28-ാം തീയതി ബുധനാവ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നതായിരിക്കും. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം... മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും അംഗത്വകാർഡ് നിർബന്ധമാണ്. 9.45ന് തന്നെ എത്തിച്ചേരണം മത്സരനിബന്ധനകൾ മാർഗ്ഗരേഖ പേജ് 49 കാണുക

## ചിത്രരചനാ ക്യാമ്പ്

ചെറുപുഷ്പമിഷൻലീഗിന്റെയും ആർട്ടിസ്റ്റ്ഫോറത്തിന്റെയും നേതൃത്വത്തിൽ 28.8.19 ബുധനാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് ചിത്രരചനാക്യാമ്പ് നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽനിന്നും 3 കുട്ടികളെ പങ്കെടുപ്പിക്കുവാൻ വൈസ്ഡയറക്ടേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 15-ാം തീയതിയോടെ അവരുടെ പേരും ഫോൺനമ്പറും അതിരൂപതയിലേക്ക് അയയ്ക്കുമല്ലോ.

## വിയാനി ഡേ

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാരെയും ശാഖാ-മേഖലാ-രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാതലത്തിൽ വിയാനിഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കണേ.

## ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം ശാഖാ സന്ദർശനങ്ങൾ നടത്തുന്ന മേഖലകൾ ചുവടെ ചേർക്കുന്നു. അന്നേദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ...

## മിഷൻ ഞായർ കലണ്ടർ

ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെപ്പോലെ അവരവരുടെ ശാഖകളിൽ ആവശ്യമായ മിഷൻ കലണ്ടറിന്റെ എണ്ണം മേഖലാ വൈസ്ഡയറക്ടേഴ്സിനെ അറിയിക്കണമെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ വൈസ്പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട മിനി ആശാരിപ്പറമ്പിൽ ടീച്ചറിന് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം...

## ഹൃദയം നിറഞ്ഞ നന്ദി

അതിരൂപതാ വൈസ്പ്രസിഡണ്ട് എന്നനിലയിൽ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം അധ്യാപനജോലിക്കായി പാറ്റ്നയിലേക്ക് യാത്രതിരിച്ചിരിക്കുന്ന മേരി കരിയിലകാവുങ്കൽ ടീച്ചറിന് ഹൃദയംനിറഞ്ഞ നന്ദി.

## എയ്ഞ്ചൽസ് മീറ്റ്

6.7.19 ശനിയാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞങ്ങാട് മേഖലയിൽ എയ്ഞ്ചൽസ് മീറ്റ് നടത്തി. വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ എയ്ഞ്ചൽസ്മീറ്റ് ഉദ്ഘാടനം ചെയ്യുകയും സന്ദേശം നല്കുകയും ചെയ്തു. ഫൊറോന വികാരി ഫാ. മാത്യു പരവരാകത്ത്, അതിരൂപതാഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഫാ. തോമസ് തയ്യിൽ, മേഖലാ ഡയറക്ടർ ഫാ. ജയിംസ് കുരിശുംമൂട്ടിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നല്കി.

## കുഞ്ഞേട്ടൻ അനുസ്മരണവും-ചിത്രരചനാ മത്സരവും

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 10-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്ററ് 11-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം പയ്യന്നൂർ ശാഖയിൽവച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ചിത്രരചനാ മത്സരവും (പെൻസിൽ ഡ്രോയിംഗ്) നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി 25-ാം തീയതിയ്ക്ക് മുമ്പ് ഓഫീസിലേക്ക് അയച്ച് തരുമല്ലോ.

## നിബന്ധനകൾ

1. 5-ാം ക്ലാസ്സുമുതൽ 8 ക്ലാസ്സ് വരെയും, 9 ക്ലാസ്സ് മുതൽ 12 ക്ലാസ്സ് വരെയും ഉള്ള 2 സെക്ഷൻ ആയിട്ടായിരിക്കും.
2. ശാഖയിൽ മത്സരം നടത്തി ഫസ്റ്റ്കിട്ടുന്ന ചിത്രം മാത്രമേ രൂപതയിലേക്ക് അയയ്ക്കാവൂ.
3. കുഞ്ഞേട്ടന്റെ ഫോട്ടോ പെൻസിൽ ഡ്രോയിംഗ് ആണ് വരയ്ക്കേണ്ടത്.
4. A4 പേപ്പർ ആണ് ഉപയോഗിക്കേണ്ടത്.
5. ആൺ-പെൺ വ്യത്യാസമില്ല.

6. ഓഗസ്റ്റ് 25-ാം തീയതിക്കുള്ളിൽ ചിത്രം ഓഫീസിൽ ലഭിക്കേണ്ടതാണ്.
7. ചിത്രത്തോടൊപ്പം പങ്കെടുക്കുന്ന കുട്ടിയുടെ അംഗത്വകാർഡിന്റെ കോപ്പിയും, ഡയറക്ടർ അച്ചന്റെ കത്തും നിർബന്ധമാണ്.
8. പങ്കെടുക്കുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺനമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

## പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ

1. 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
2. മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
3. പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ് നിർബന്ധമാണ്.
4. പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്.
5. ബൈബിൾ അധിഷ്ഠിതമായ ഗാനങ്ങൾ ആയിരിക്കണം
6. സി.ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
7. 3 മിനിട്ടുമുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
8. ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
9. ഒന്നാംസ്ഥാനം - 3000 രൂപയും ട്രോഫിയും, രണ്ടാംസ്ഥാനം - 2500 രൂപയും ട്രോഫിയും മൂന്നാംസ്ഥാനം - 2000 രൂപയും ട്രോഫിയും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.

## ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

1. 5-ാം ക്ലാസ്സുമുതൽ 12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാം.
2. സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം.
3. സഭ, മിഷൻലീഗ്, സംഘടന എന്നിവയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
4. 4 മിനിട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
5. മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൽക്ക് വേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
6. സി.ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
7. ഒന്നാംസ്ഥാനം - 3000 രൂപയും ട്രോഫിയും, രണ്ടാംസ്ഥാനം - 2500രൂപയും ട്രോഫിയും മൂന്നാംസ്ഥാനം - 2000 രൂപയും ട്രോഫിയും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.

## ജയ്സൺ മർക്കോസ് അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർ പൂവ്വത്തി

ങ്കൽ 1-ാം ചരമവാർഷിക അനുസ്മരണം ആഗസ്റ്റ് 4ന് 2.30ന് പേരാവൂർ ഫൊറോനപ്പള്ളിയിൽ വച്ച് നടക്കും.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ

1. റോഡ് സുരക്ഷയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് നൽകുക, റോഡ് സുരക്ഷാ കൽപനകൾ വിതരണം ചെയ്യുക.

## അതിരൂപതാ സാഹിത്യമത്സരം

ആഗസ്റ്റ് 23-ാം തീയതി രാവിലെ 10 മണി മുതൽ താഴെ പറയുന്ന സെന്ററുകളിൽവച്ച് അതിരൂപതാ സാഹിത്യമത്സരങ്ങളും ചിത്രരചനാമത്സരവും നടത്തപ്പെടുന്നതാണ്.

മാതൃവേദി - മിഷൻലീഗ് അതിരൂപതാതല സാഹിത്യമത്സരം 4 റീജിയണുകളിലായി ഒരുമിച്ചാണ് നടത്തുന്നത് എന്നത് നേരത്തെ തന്നെ സൂചിപ്പിച്ചിരുന്നല്ലോ.

## മത്സരം നടത്തപ്പെടുന്ന സ്ഥലങ്ങൾ

1. ഇരിട്ടി റീജിയൻ - സെന്റർ - കുന്നോത്ത് (കുന്നോത്ത്, നെല്ലിക്കാംപോയിൽ, പേരാവൂർ, എടൂർ മേഖലകൾ)
2. ചെമ്പേരി റീജിയൻ - സെന്റർ - ചെമ്പേരി (ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പൈസക്കരി മേഖലകൾ)
3. ആലക്കോട് റീജിയൻ - സെന്റർ - ആലക്കോട് (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ മേഖലകൾ)
4. കാഞ്ഞങ്ങാട് റീജിയൻ - സെന്റർ - വെള്ളരിക്കുണ്ട് (കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം മേഖലകൾ)

## നിർദ്ദേശങ്ങൾ

1. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ് നിർബന്ധമാണ്.
2. ഒരു വ്യക്തിക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
3. മാതൃവേദിയിൽ മത്സരിക്കുന്ന വ്യക്തിക്ക് മിഷൻലീഗിൽ മത്സരിക്കാൻ അനുവാദമില്ല
4. സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവരും മത്സരദിവസം രാവിലെ 9.30ന് നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ എത്തിച്ചേരേണ്ടതാണ്. വിഷയങ്ങൾ അവിടെവച്ച് നൽകുന്നതായിരിക്കും.
5. ഉപന്യാസം - 10 പേജിൽ കവിയരുത്, കഥ - 6 പേജിൽ കവിയരുത്, കവിത - 48 വരിയിൽ കവിയരുത്.
6. സമയം - ഒന്നര മണിക്കൂർ
7. മേഖലകളിൽ ഒന്നാംസ്ഥാനം കിട്ടുന്നവർക്ക് മാത്രമേ അതിരൂപതാ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. (Boys & Girls)
8. **ചിത്രരചന -** സബ്ജൂണിയർ വിഭാഗത്തിന് വരക്കാൻ ഒരു ചിത്രം നൽകു

ന്നതായിരിക്കും. എന്നാൽ ജൂണിയർ, സീനിയർ വിഭാഗത്തിന് തന്നിരിക്കുന്ന വചനഭാഗത്തുനിന്ന് ഒരു തീം ആയിരിക്കും നൽകുക.(സബ്ജൂണിയറിന് ജലച്ഛായം, ജൂണിയർ, സീനിയർ വിഭാഗത്തിന് പെൻസിൽ)

9. ചിത്രരചനയ്ക്ക് ആൺ-പെൺ വ്യത്യാസമില്ല.
10. സാഹിത്യമത്സരം നടക്കുന്ന അതേ സമയം തന്നെയായിരിക്കും ചിത്രരചനാനത്സരവും നടക്കുന്നത്.
11. 100 അംഗങ്ങൾ താഴെയുള്ള ഇടവകകൾ മേഖലാതലത്തിൽ മത്സരത്തിൽ പങ്കെടുക്കുമ്പോൾ അത്തരം ഇടവകകളിലെ ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനങ്ങളിൽ മത്സരിക്കാം.
12. മേഖലാ മത്സരം നടത്തി സമ്മാനാർഹരായവരുടെ ലിസ്റ്റ് ഇംഗ്ലീഷ് ക്യാപ്പിറ്റൽ ലെറ്ററിൽ എഴുതി ആഗസ്റ്റ് 15ന് മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.
13. മത്സരവിഷയങ്ങൾക്ക് മാർഗ്ഗരേഖ പേജ് 46 ശ്രദ്ധിക്കുക.

## ധ്യാനങ്ങൾ - സെമിനാറുകൾ

- 30.6.19ന് ചെങ്ങോം ശാഖയിലെ കുട്ടികൾക്ക് ബേബിസാർ ക്ലാസ്സ് എടുത്തു.
- 30.6.19ന് ആയന്നൂർ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 03.07.19ന് രാജമുടി ശാഖയിലെ കുട്ടികൾക്ക് സി. റോഷ്നി ക്ലാസ്സ് എടുത്തു.
- 03.07.19ന് നെല്ലിക്കാംപോയിൽ മേഖലാമാർഗ്ഗരേഖാ പ്രകാശത്തിൽ ഡയറക്ടർ പങ്കെടുത്തു.
- 07.07.19ന് പുളിങ്ങോംശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.
- 14.07.19ന് എടൂർ ശാഖയിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 14.07.19ന് എടൂർ ശാഖാ-മേഖലാ എക്സിക്യൂട്ടീവിൽ ഡയറക്ടർ പങ്കെടുത്തു.

## മേഖലാ ഇലക്ഷൻ

30.6.19ന് വായാട്ടുപറമ്പ് മേഖല ഇലക്ഷൻ നടത്തി. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ മേഖലാ ജൂണിയർ-സീനിയർ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും പ്രാർത്ഥനകളും...

## ആദരാഞ്ജലികൾ

എടൂർ മേഖല വൈസ് പ്രസിഡണ്ട് ലീന കുറ്റനാലിന്റെ പിതാവ് ജോസഫ് കുറ്റനാലിന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന ടീച്ചറിനും കുടുംബാംഗങ്ങൾക്കും പ്രാർത്ഥനാപൂർവ്വകമായ അനുശോചനവും ആദരാഞ്ജലികളും.

## കുട്ടികളുടെ ആരാധന - ശാലോം ടി വി

ശാലോം ടി വിയുടെ സഹകരണത്തോടെ സൺഡേ സ്കൂൾ കുട്ടികളുടെ ആരാധന ഷൂട്ട് ചെയ്യുന്നു. 35 മിനിറ്റ് ദൈർഘ്യമുള്ള കുട്ടികൾ തന്നെ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും വിയാനി പുണ്യവാന്റെ തിരുനാളും ഒരിക്കൽകൂടി നമ്മുടെ മുമ്പിലെത്തി നിൽക്കുന്നു. പരിശുദ്ധ അമ്മയോട് ചേർന്നുനിന്നുകൊണ്ട് കാരുണ്യത്തിന്റെ, സ്നേഹത്തിന്റെ പാതയിലൂടെ നമ്മുടെ മാതൃരാജ്യത്തിന്റെ സമഗ്ര വളർച്ച യ്ക്കുവേണ്ടി നമുക്ക് പരിശ്രമിക്കാം. സ്വാർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാപൂർവ്വകമായ മംഗളങ്ങളും ആശംസ കളും.

## വിയാനിഡേ

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയവിയാനിയുടെ തിരുനാൾ ദിന ത്തിൽ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. വികാരിയച്ചനും ആശംസകളർപ്പി ക്കാനും ബന്ധുമിത്രാദികൾ, അയൽക്കാർ, സുഹൃത്തുക്കൾ, മുൻ ഇടവകാ വികാരിയച്ചന്മാർ എന്നിവർക്കും വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

---

നേതൃത്വം വഹിക്കുന്ന ആരാധനയാണ് ഉദ്ദേശിക്കുന്നത്. താൽപ്പര്യമുള്ള ഇട വകകൾ പേര് നല്കുമല്ലോ (മിഷൻ ലീഗ് ഓഫീസ്, വിശ്വാസപരിശീലന കേന്ദ്രം). ഒക്ടോബർ-നവംബർ മാസത്തോടെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

## തിരുബാലസഖ്യം കുട്ടികളുടെ പ്രോഗ്രാം - ശാലോം ടി വി

തിരുബാലസഖ്യം കുട്ടികളുടെ വർക്കുബുക്ക് ആധാരമാക്കിയുള്ള കലാ പരിപാടികൾ ശാലോം ടി വി ഷൂട്ട് ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. അരമണിക്കൂർ ദൈർഘ്യമുള്ള പല പ്രോഗ്രാമുകളാണ് ഉദ്ദേശിക്കുന്നത്. താൽപ്പര്യമുള്ള ഇടവകകൾ പേര് നല്കുമല്ലോ (മിഷൻ ലീഗ് ഓഫീസ്, വിശ്വാസപരിശീലന കേന്ദ്രം). ഒക്ടോബർ-നവംബർ മാസത്തോടെ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

**'നിറംകൊടുക്കാമോ?' ജൂലൈ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | അന്നാ മേരി വരമ്പകത്ത് | - മഞ്ഞളാംപുറം |
| II | ഡിവോൺ മാത്യു | - അരീക്കമല |
| III | ആൻഫിലോ | - മണിക്കടവ് |

**'നിങ്ങൾക്കറിയാമോ?' ഫെബ്രുവരി മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | ബനിറ്റ് മലമാക്കൽ | - കുട്ടാപറമ്പ് |
| II | ആൻമരിയ നീരുവേലിൽ | - ചെമ്പന്തൊട്ടി |
| III | റോസ്മേരി | - പാടാൻകവല |

## ഈശോയെപ്പോലെ സ്നേഹിക്കാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ സ്നേഹിക്കാം എന്ന രണ്ടാം അധ്യായം പഠിക്കാം. ഈ അധ്യായം പഠിച്ചുകഴിയുമ്പോൾ നമുക്കും ഈശോയെപ്പോലെ സ്നേഹിക്കാം. ഈശോ എങ്ങനെയാണ് നമ്മെ സ്നേഹിച്ചത്? സ്വന്തം ജീവൻ നൽകി സ്നോഹിച്ചു. കൊച്ചുകൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ സഹോദരങ്ങളോട് കാരുണ്യം കാണിച്ചുകൊണ്ട്, സഹോദരങ്ങളെ സ്നേഹിച്ചുകൊണ്ട് കൊച്ചു കൊച്ചു നന്മപ്രവർത്തികൾ ചെയ്തുകൊണ്ട് ഈശോയ്ക്ക് പ്രിയപ്പെട്ട മക്കളായി ജീവിക്കാം..

## നിറംകൊടുക്കാമോ...?

പ്രിയകൂട്ടുകാരെ, ഈശോയെപ്പോലെ സ്നേഹിക്കാം എന്ന അദ്ധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമാക്കി കളർചെയ്ത് ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

## നിങ്ങൾക്കറിയാമോ...?

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന പുസ്തകത്തിലെ രണ്ടാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന ഉപമയ്ക്ക് അനുയോജ്യമായ അടിക്കുറിപ്പ് തയ്യാറാക്കി അതിരൂപതാ ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

## കരോക്കെ പാട്ടുമത്സരം.

***ഗാനം:** ഏതെങ്കിലും ഒരു ക്രിസ്തീയഭക്തിഗാനം കരോക്കെ സഹായത്തോടെ പാടുന്നത് വീഡിയോ എടുത്ത് അയയ്ക്കുക.*

♦ പാട്ട് മത്സരത്തെക്കുറിച്ച് സംശയമുള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

♦ പാട്ടുപാടി വീഡിയോ എടുത്ത് 9496900845 എന്ന നമ്പറിലേക്ക് അയയ്ക്കണം. ഏറ്റവും മികച്ച 10 എണ്ണത്തിന് സമ്മാനങ്ങൾ നല്കുന്നു.

## വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

1. വികാരിയച്ചന്മാരോട് സംസാരിച്ചശേഷം എല്ലാ കുട്ടികൾക്കും കഴുത്തിൽ അണിയാൻ ജപമാല നല്കാൻ ശ്രദ്ധിക്കുക.
2. ജപമാല ചൊല്ലാനുള്ള പരിശീലനം എല്ലാ ആഴ്ചകളിലും നല്കുമല്ലോ.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**" Go MAD " - Make A Difference**

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## തീരം ക്യാമ്പ്

2019 ആഗസ്റ്റ് 9,10,11 തീയതികളിൽ കൊച്ചി രൂപതയുടെ ആതിഥേയത്വത്തിൽ സംസ്ഥാന തീരദേശ ക്യാമ്പ് (സമുദ്ര – 2019) സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 300 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതിരൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സ്വാതന്ത്ര്യദിനാഘോഷം

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒന്ന് ചേരുന്ന പുണ്യദിനമായ ആഗസ്റ്റ് 15 ഓരോ ഇടവകയിലും സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ട്രോൾ കോമ്പറ്റീഷൻ

സോഷ്യൽ മീഡിയകൾ ഇന്ന് പ്രതികരണത്തിന്റെ വേദിയായിക്കൂടി മാറികഴിഞ്ഞു. ആക്ഷേപഹാസ്യത്തിലൂടെ സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുന്ന ട്രോൾ രീതി ഇന്ന് വളരെ ഏറെ ജനശ്രദ്ധ നേടികൊണ്ടിരിക്കുന്നു. കെ സി വൈ എം, എസ് എം വൈ എം ഒരു ട്രോൾ മേക്കിംഗ് മത്സരം ഒരുക്കുന്നു. തരുന്ന വിഷയത്തെപ്പറ്റി ട്രോൾ തയാറാക്കി അയച്ച് തന്ന് ആർക്കും മത്സരത്തിൽ പങ്കാളിയാകാം. ട്രോൾ കോമ്പറ്റീഷൻ പങ്കെടുക്കുന്നവർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. *യുവജനങ്ങൾ സഭയുടെയും വിശ്വാസത്തിന്റെയും കാവൽക്കാർ* എന്ന വിഷയത്തെ ആസ്പദമാക്കി പോസിറ്റീവ് ട്രോളുകൾ നിർമ്മിക്കേണ്ടതാണ്.
2. വ്യക്തികളെയോ പ്രസ്ഥാനങ്ങളെയോ വിശ്വാസങ്ങളെയോ അപകീർത്തിപ്പെടുത്തുന്ന ട്രോളുകൾ അനുവദനീയമല്ല.
3. ആശയം, സന്ദേശം, നർമ്മം, ജനസ്വീകാര്യത എന്നിവയാണ് മാനദണ്ഡങ്ങൾ
4. മറ്റേതെങ്കിലും ഗ്രൂപ്പുകളിൽ വന്ന ട്രോളുകൾ ആണെന്ന് മനസ്സിലായാൽ മുന്നറിയിപ്പില്ലാതെ അസാധുവാക്കുവാനുള്ള അധികാരം അതിരൂപത സമിതിക്ക് ഉണ്ടായിരിക്കും.
5. ഒരാൾക്ക് പരമാവധി രണ്ട് ട്രോളുകൾ മാത്രമേ അയക്കാൻ സാധിക്കുകയുള്ളൂ.
6. ട്രോളുകളിൽ നിർബന്ധമായും ഗോ മാഡ് ലോഗോ ചേർത്തിരിക്കണം.

7. തിരഞ്ഞെടുക്കപ്പെടുന്ന 3 വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനമായി നല്കുന്നു.
8. കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ ആയിരിക്കും ട്രോളുകൾ പോസ്റ്റ് ചെയ്യുക. അവിടെ നിന്നും ലഭിക്കുന്ന ജനസ്വീകാര്യത വിജയിയെ തീരുമാനിക്കാനുള്ള പല മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.
9. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ട്രോളുകൾ പേജിൽ നിന്നും ഒഴിവാക്കാനും അസാധുവാക്കുവാനും അധികാരം അതിരൂപത സമിതിക്ക് ഉണ്ടായിരിക്കും.
10. മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.
11. ട്രോളുകൾ ജൂലൈ 25 മുതൽ അയയ്ക്കാവുന്നതാണ്. അയക്കേണ്ട അവസാന തീയ്യതി ഓഗസ്റ്റ് 15 ആയിരിക്കും
12. ട്രോളുകൾ അയക്കേണ്ട വാട്സാപ്പ് നമ്പറുകൾ - 9645600296 (വിപിൻ ജോസഫ്) 9446616318 (സിജോ കണ്ണേഴത്ത്) 9562184070 (ബോണി ജോൺ)
13. മത്സരാർത്ഥികൾ കൃത്യമായ അഡ്രസ്സ് കൂടി അയച്ച് തരേണ്ടതാണ്.
14. മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

## സഭാദിനം

ദുക്റാന തിരുനാളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസ്സിൽ വച്ച് നടത്തിയ സഭാദിനാഘോഷത്തിൽ അതിരൂപത ഡയറക്ടർ ഫാ.സോണി വടശ്ശേരിൽ, പ്രസിഡന്റ് സിജോ കണ്ണേഴത്ത്, ഡെപ്യൂട്ടി പ്രസിഡന്റ് ടോമിൻ തോമസ്സ് പോൾ, കൗൺസിലർ എബിൻ കുമ്പുക്കൽ, ജോയിൻ സെക്രട്ടറി നിമിഷ ടോം, ആനിമേറ്റർ സി. പ്രീതി മരിയ സി. എം. സി എന്നിവർ പങ്കെടുത്തു.

## അതിരൂപത യുവജനദിനാഘോഷം

തിൻമയുടെ ശക്തികൾക്കെതിരെ നൻമയുടെ ഓളങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുവാൻ യുവജനങ്ങൾക്ക് സാധ്യമാണ് എന്ന് തെളിയിച്ചുകൊണ്ട് ആയിരത്തിലധികം യുവജനങ്ങൾ ഒന്നുചേർന്ന് 2019 വർഷത്തെ അതിരൂപതാ യുവജനദിനം പ്രൗഢഗംഭീരമായി ആഘോഷിച്ചു. പൈസക്കരി ഫൊറോനയുടെ ആതിഥേയത്വത്തിൽ പയ്യാവൂർ സെന്റ് ആൻസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂലൈ 14 ന് രാവിലെ 8.15 അതിരൂപത ഭാരവാഹികളും ഫൊറോന പ്രസിഡന്റുമാരും ചേർന്ന് കാഴ്ചസമർപ്പണം നടത്തി. വി. ബലിയ്ക്ക് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം പ്രസിഡന്റ് സിജോ കണ്ണേഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം തലശ്ശേരി അതിരൂപത മെത്രാ

പ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥി പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ്, പൈസക്കരി ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ് തൈക്കുന്നുംപുറം, അതിരൂപതാ പ്രസിഡന്റ് സിജോ കണ്ണേഴത്ത്, ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരിൽ എന്നിവർ പ്രസംഗിച്ചു.

വിശിഷ്ട സാന്നിധ്യമായെത്തിയ വയനാട്ടിലെ വെള്ളമുണ്ട സ്വദേശിനി കുംഭാമ്മയുടെ ജീവിതകഥ യുവജനങ്ങൾക്ക് വലിയ പ്രചോദനമേകി. രണ്ട് കാലും തളർത്തിയ വിധിയെ ആത്മധൈര്യം കൊണ്ട് നേരിട്ട് അതിജീവനത്തിന്റെ കരുത്ത് പ്രകടമാക്കിയ കുംഭാമ്മയെ നിറഞ്ഞ കൈയ്യടികളോടെ യുവജനങ്ങൾ എതിരേറ്റു. വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ കലാപരിപാടികൾ യുവജനദിനത്തിന് മാറ്റ് കൂട്ടി. കഴിഞ്ഞ യുവജനവർഷത്തിൽ അതിരൂപത സമിതി അംഗങ്ങളായിരുന്നവരെയും, വിദ്യഭ്യാസരംഗത്തും, കായികരംഗത്തും തങ്ങളുടെ കഴിവ് തെളിയിച്ചവരെയും, ചടങ്ങിൽ ആദരിച്ചു.

കെ സി വൈ എം പതാകയും ഹൃദയത്തിൽ യുവത്വത്തിന്റെ ആവേശവും പേറി കൊണ്ട് യുവജനങ്ങൾ നടത്തിയ റാലി പ്രർത്ഥനകൾ കൊണ്ടും പൈതൃകം കൊണ്ടും ജയ് വിളികൾകൊണ്ടും വർണ്ണശബളമായി. യുവജനങ്ങളുടെ തന്നെ നാസിക്ക് ബാന്റ് റാലിക്ക് ആവേശം നല്കി. യുവജന ദിനം വലിയ വിജയമാക്കി മാറ്റുവാൻ കഠിനാദ്ധ്വാനം ചെയ്ത പൈസക്കരി ഫൊറോന വികാരി റവ. ഫാ. സിബി പാലാക്കുഴിയച്ചൻ ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ് തൈക്കുന്നുംപുറം, പയ്യാവൂർ ഇടവക വികാരി ഫാ. ജയ്സൺ കോലക്കുന്നേൽ, വിവിധ ഫൊറോനകളിൽ നിന്നും വന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനദിനത്തിനായ് സ്കൂളും മറ്റ് സൗകര്യങ്ങളും നൽകിയ സെന്റ് ആൻസ് സ്കൂൾ അധികാരികൾ, വെമ്പുവ, ചുണ്ടപറമ്പ് ഇടവകകളിലെ ബഹു. സിസ്റ്റേഴ്സ്, യുവജനങ്ങൾ, ഇടവകാ അംഗങ്ങൾ, അതിരൂപത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ, ജോയൽ ജോസഫ് തൊട്ടിയിലിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതി അംഗങ്ങൾ തുടങ്ങി യുവജനദിനത്തെ അവിസ്മരണീയമാക്കിയ എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## കുംഭാമ്മയ്ക്ക് തലശ്ശേരി അതിരൂപതയുടെ ആദരം

മനക്കരുത്ത് കൊണ്ട് ജിവിത വിധിയെ തോൽപിച്ച കുംഭാമ്മയെ തലശ്ശേരി അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. ആദരസൂചകമായി കെ സി വൈ എം ഷീൽഡും കാഷ് പ്രൈസും നല്കി.

## അവാർഡുകൾ ആദരങ്ങൾ

അതിരൂപതാ യുവജനദിനത്തൽ വിവിധ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ ആദരിച്ചു. കേരളാ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി

കൗൺസിൽ നടത്തിയ സംസ്ഥാന പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ദിവ്യ ജോർജ്, (ജോസ്ഗിരി നഴ്സിംഗ് സ്കൂൾ തലശ്ശേരി) എം. സി.ജെ കണ്ണൂർ യൂണിവേഴ്സിറ്റി ഒന്നാം റാങ്ക് നേടിയ അലീന മരിയ അഗസ്റ്റിൻ, നാഷണൽ ലെവൽ പഞ്ചഗുസ്തി ജൂനിയർ വിഭാഗം ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ക്രിസ്റ്റ മരിയ റിജോഷ്, നാഷണൽ ലെവൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഫോർ ആർക്കിടെക്ടർ പരീക്ഷയിൽ സംസ്ഥാന തലത്തിൽ രണ്ടാം റാങ്ക് നേടിയ അൻഷ മാത്യു, സുബിൻ പട്ടമാടിയിൽ മെമ്മോറിയൽ ബെസറ്റ് ക്യാമ്പർ അവാർഡ് കരസ്ഥമാക്കിയ ബിബിൻ പാണ്ട്യാമാക്കൽ എന്നിവർക്ക് ആദരങ്ങളും അവാർഡുകളും സമർപ്പിച്ചു.

## സ്മ്യൂൾ പാട്ട് മത്സരം

തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം ന്റെ ആഭിമുഖ്യത്തിൽ സ്മ്യൂൾ പാട്ട് മത്സരം നടത്തി. സമ്മാനർഹരായവരുടെ പേരുകൾ അടുത്തമാസത്തിലെ ഗിരിദീപത്തിൽ അറിയിക്കുന്നതാണ്.

## ക്രിസ്തൂസ് വിവിത് പഠന ശിബിരം

തളിപ്പറമ്പ് സെന്റ്മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ജൂലൈ 6-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്തപ്പെട്ട ഫൊറോന ഡയറക്ടറ്റേഴ്സ്, ആനിമേറ്റേസ്, അൽമായ ആനിമേറ്റേഴ്സ്, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവരുടെ യോഗത്തിൽ, അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ യുവജന സിനഡനന്തര ഉദ്ബോധനം ക്രിസ്തൂസ് വിവിത് എന്ന ഡോക്യുമെന്റിനെ അടിസ്ഥാനമാക്കിയുള്ള പഠന ശിബിരം നടത്തി.

## ഫൊറോന ഡയറക്ടേഴ്സ് - ആനിമേറ്റേഴ്സ് - അതിരൂപത സിൻഡിക്കേറ്റ് സംയുക്ത മീറ്റിംഗ്

ജൂലൈ 6 -ാം തിയ്യതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗ് തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കെ സി വൈ എം, എസ് എം വൈ എം പ്രസിഡന്റ് സിജോ കണ്ണേഴത്ത് അദ്ധ്യക്ഷനായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്രിസ്തൂസ് വിവിത് പഠനശിബിരം നടത്തിയശേഷം ചർച്ചകൾക്ക് നേതൃത്വം നല്കി. "Go MAD" Programmes, കലോത്സവം, മാധ്യമ ഇടപെടലുകൾ, കാർഷിക സ്വയം പര്യാപ്തത, മനുഷ്യ ജീവന്റെ മഹത്വം, Go MAD Go mission, Unit empowerment programmes...മുതലായ വിഷയങ്ങളെസംബന്ധിച്ച് ചർച്ചയും വിലയിരുത്തലുകളും നടത്തി.

## സംയുക്ത സിൻഡിക്കേറ്റ് തീരുമാനങ്ങൾ

1. **ROOTS** എന്ന പേരിൽ യൂണിറ്റുകളുടെ ശക്തീകരണത്തിനായി സംഗമങ്ങൾ എല്ലാ ഫൊറോനകളിലും നത്തുവാൻ തീരുമാനിച്ചു.

2. യൂണിറ്റ്, ഫൊറോന, രൂപത തലങ്ങളിൽ കലാമത്സരങ്ങൾ ഈ വർഷം വേണ്ടെന്ന് തീരുമാനിച്ചു.
3. എല്ലാ വർഷവും ജൂൺ മാസത്തിൽ തന്നെ യൂണിറ്റുകളുടെ അഫീലിയേഷൻ പൂർത്തിയാക്കേണ്ടതാണ്. ഇങ്ങനെ സമയത്ത് അഫീലിയേഷൻ പൂർത്തിയാക്കിയ യൂണിറ്റുകൾക്ക് ആവശ്യമെങ്കിൽ വികാരിയച്ചന്റെ കത്തോടുകൂടി അംഗങ്ങളുടെ പേരുകൾ പിന്നീടും കൂട്ടിചേർക്കാവുന്നതാണ്.
4. 2020 പ്രവർത്തന വർഷം മുതൽ അഫീലിയേഷൻ നടത്തുമ്പോൾ കഴിഞ്ഞ വർഷത്തെ ലിസ്റ്റിൽ മാറ്റമുള്ള പേരുകളും വിവരങ്ങളും നൽകിയാൽ മതിയാകും. മാറ്റമില്ലാത്തവരുടെ പേരുകൾ വീണ്ടും നല്കേണ്ടതില്ല.
5. സംസ്ഥാന തലത്തിൽ കലാമത്സരങ്ങൾ നടക്കുകയാണെങ്കിൽ മുൻവർഷത്തെ വിജയികളെയോ അവർക്ക് സാഹചര്യമില്ലെങ്കിൽ മറ്റ് മികച്ച വ്യക്തികളെയോ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

## "ROOTS" വേരുകൾ (go mad go to roots)

കെ സി വൈ എം സംഘടനയെ യൂണിറ്റ് തലത്തിൽ ബലപ്പെടുത്തുവാനും അടുത്തുള്ള ഇടവകയിലെ യുവജനങ്ങൾ തമ്മിൽ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും വേണ്ടി നടത്തപ്പെടുന്ന യുവജന സംഗമങ്ങളാണ് വേരുകൾ "ROOTS "

*പ്രത്യേകതകൾ*

1. രണ്ടോ മൂന്നോ ഇടവകയിലെ യുവജനങ്ങൾ ഒരു ഇടവകയുടെ മുറ്റത്ത് സംഗമിക്കുന്നു.
2. സമയം – വൈകുന്നേരം 5 മണി മുതൽ 8.30 വരെ
3. ജപമാല പ്രദിക്ഷണം (പള്ളിക്ക് ചുറ്റും)
4. Group dynamics - പരിചയപ്പെടൽ.
5. ക്രിസ്തൂസ് വിവിത് എന്ന സിനഡനന്തര ഉദ്ബോധനത്തെകുറിച്ചുള്ള പഠനം/ ചർച്ച
6. കലാപരിപാടികൾ
7. ലഘുഭക്ഷണം
8. ഇടവകകൾ ചെയ്യുന്ന നല്ല പ്രവർത്തനങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നു. MAD ചർച്ചകൾ.
9. യൂണിറ്റുകൾക്കും, യുവജനങ്ങൾക്കും വലിയ സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ "ROOTS" ക്രമീകരിക്കുക.
10. പ്രാർത്ഥന, സമാപനം

## സിൻഡിക്കേറ്റ് പ്രതിനിധികൾക്ക് – ഹൃദ്യമായ സ്വാഗതം

തലശ്ശേരി അതിരൂപതയിലെ കെ സി വൈ എം, എസ് എം വൈ എം ഡയറക്ടേഴ്സ്, ആനിമേറ്റഴ്സ് പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. തോമസ് ചെരുവിൽ, സി. റ്റീന ഗ്രെയിസ് സി. എം. സി., ജോമോൻ കരിനാട്ട് എന്നിവർക്ക് അഭിനന്ദനങ്ങളും അനുഗ്രഹീതമായ ശുശ്രൂഷാനാളുകളും ആശംസിക്കുന്നു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ 41-ാമത് അർദ്ധ വാർഷിക സെനറ്റ് 2019 ജൂലൈ 26,27,28 തിയ്യതികളിൽ തിരുവനന്തപുരം മലങ്കര മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യുവൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

## നൈറ്റ് വിജിൽ

ഫൊറോന തലത്തിൽ നൈറ്റ് വിജിൽ ദൈവാനുഗ്രഹപ്രദമായി ക്രമീകരിക്കുന്ന ഫൊറോന ഭാരവാഹികളെ അഭിനന്ദിക്കുന്നു. ജൂലൈമാസം നൈറ്റ് വിജിൽ നടന്ന ഫൊറോനകൾ.

1. എടൂർ
2. കുന്നോത്ത്
3. നെല്ലിക്കാംപൊയിൽ
4. പൈസക്കരി
5. ചെമ്പേരി
6. ചെമ്പന്തൊട്ടി
7. ആലക്കോട്
8. തോമാപുരം

## U - TURN കാസർഗോഡ് റീജിയൺ യുവജനദിനം

കാഞ്ഞങ്ങാട് ഫൊറോന തല യുവജന ദിനാഘോഷം രാവിലെ 8.30 ന് വി.ബലിയോടെ ആരംഭിച്ചു. തുടർന്ന് റാലിക്ക് ശേഷം നടന്ന പൊതു സമ്മേളനം  കാസർഗോഡ് റീജൻ വികാരിജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. കെ സി വൈ എം, എസ്, എം വൈ എം കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് എബിൻ ഷാജു ചെറുതോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സീറോ മലബാർസഭാ വക്താവായി തിരഞ്ഞെടുക്കപ്പെട്ട സിജോ അമ്പാട്ടിനെ ആദരിച്ചു. ഫൊറോന ഡയറക്ടർ ഫാ. തോമസ് പുളളോലിക്കൽ, കാസറഗോഡ് ഇടവക വികാരി ഫാ. മാണി മേൽവട്ടം, കെ സി വൈ എം  തലശ്ശേരി അതിരുപത പ്രസിഡന്റ് സിജോ കണ്ണേഴത്ത്, എന്നിവർ പ്രസംഗിച്ചു. ഫാ. നോബിൾ പാറയ്ക്കൽ  മാധ്യമങ്ങളെ ഉപയോഗത്തെ കുറിച്ച് ക്ലാസ്സുകൾ നയിച്ചു. തുടർന്ന് കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. പതിനഞ്ച് ഫൊറോനകളിൽ നിന്നായി അഞ്ഞൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെയും സുന്ദരമായ ഓർമ്മകളിലൂടെ കടന്നു പോകുന്ന മാസമാണല്ലോ ഇത്. തിന്മ പെരുകുന്ന ലോകത്തിന് ദൈവം നൽകുന്ന ആത്മീയ സാന്നിദ്ധ്യമാണ് പരിശുദ്ധ അമ്മ. നമ്മുടെ ആത്മാവാകുന്ന കമ്പ്യൂട്ടറിൽ പാപപ്രവണതകളാകുന്ന വൈറസ് കയറാതിരിക്കാൻ സ്വർഗ്ഗം നോ പറയില്ല. കാരണം സ്വർഗ്ഗം പറഞ്ഞതിനെല്ലാം അമ്മ യെസ് പറഞ്ഞിട്ടുണ്ട്. രാഷ്ട്രവും രാഷ്ട്രീയാധികാരികളും നമ്മുടെ സഭയും കുടുംബവുമെല്ലാം ദൈവകൃപയാൽ നിറയപ്പെടാൻ നമുക്ക് ആഗ്രഹിക്കാം. പ്രാർത്ഥിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

851, 852 എം.പി.സി കോഴ്സ് ജൂൺ 25 – 27, ജൂലൈ 9 – 11 ന് എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 84 ആൺകുട്ടികളും, 80 പെൺകുട്ടികളും ഉൾപ്പെടെ 164 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 200 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

### പ്രത്യേക ശ്രദ്ധയ്ക്ക്

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചുതരിക. . **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

## Account Details :

**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

### II. അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

**www.anugrahamarry.com** ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III. മാതൃവേദി

### 1. ജ്വാല - കുന്നോത്ത്, എടൂർ

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി ആഗസ്റ്റ് 17-ാം തീയ്യതി കുന്നോത്ത് മേഖലയ്ക്കു വേണ്ടിയും ആഗസ്റ്റ് 31-ാം തീയ്യതി എടൂർ മേഖലയ്ക്കു വേണ്ടിയും നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ടസ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

### 2. തൂവാനീസ : - നിയോഗം

ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് വിവാഹ തടസ്സം ഉള്ളവരുടെ തടസ്സം മാറുന്നതിനു വേണ്ടി പ്രാർത്ഥിക്കാം.

**3. യൂണിറ്റ്തല പ്രവർത്തനം** - ഓഗസ്റ്റ് 4, വിയാനി ഡേയോടനുബന്ധിച്ച് വികാരിയച്ചന്മാരെ ആദരിക്കുക

### 4. ഹരിതം, പൂവനിക

എല്ലാ മാതൃവേദി അംഗങ്ങളും ഹരിതം പരിപാടിയോട് സഹകരിച്ച് തങ്ങളുടെ വീടുകളിൽ അടുക്കളത്തോട്ടങ്ങൾ നട്ടുവളർത്തേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും ജൈവകൃഷി നടത്തുന്നവരുടെ ലിസ്റ്റ് മേഖലാ തലത്തിൽ ശേഖരിച്ച് നൽകേണ്ടതാണ്.

ഇടവക ദേവാലയത്തോട് ചേർന്ന് പൂന്തോട്ടം നിർമ്മിക്കാൻ മാതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുക. ഈ തോട്ടത്തിനു മുമ്പിൽ മാതൃവേദി പൂവനിക എന്ന ബോർഡ് വയ്ക്കേണ്ടതാണ്. മത്സരനിബന്ധനകൾ മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്.

### 5. കലാസാഹിത്യ മത്സരങ്ങൾ

അതിരൂപതാ സാഹിത്യമത്സരങ്ങൾ ആഗസ്റ്റ് 23-ാം തീയ്യതി 4 റീജിയനുകളിലായും കലാമത്സരങ്ങൾ ഒക്ടോബർ 7, 8 തീയ്യതികളിലും നടത്തുന്നതാണ്.

### a) അതിരൂപതാ സാഹിത്യമത്സരങ്ങൾ

രൂപതാതല സാഹിത്യ മത്സരങ്ങൾ റീജിയണുകളിൽ നിയോഗിക്കപ്പെടുന്ന മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ അതിരൂപതാ ഭാരവാഹികളും ചേർന്നാണ് മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

## മത്സരങ്ങൾ നടക്കുന്ന റീജിയണുകൾ

| റീജിയൺ | സ്ഥലം | മേഖലകൾ | റീജിയണൽ ഡയറക്ടർ |
|---|---|---|---|
| ഇരിട്ടി | കുന്നോത്ത് | പേരാവൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, എടൂർ | ഫാ. ജേക്കബ് കരോട്ട് |
| ആലക്കോട് | ആലക്കോട് | ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ | ഫാ. ജോസഫ് കളരിക്കൽ |
| കാഞ്ഞങ്ങാട് | വെള്ളരിക്കുണ്ട് | കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട് | ഫാ.ജോസഫ് കൊളുത്താപ്പാള്ളിൽ |
| ചെമ്പേരി | ചെമ്പേരി | പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ് | ഫാ. നോബിൾ ഓണംകുളം |

### 6. സാഹിത്യമത്സര ഇനങ്ങൾ

- കവിതാ രചന, പ്രബന്ധരചന, പെൻസിൽ ഡ്രോയിംഗ്, ക്വിസ്സ് മത്സരം
- ജൂനിയർ സീനിയർ വിഭാഗങ്ങളായിട്ടാണ് മത്സരം
- രാവിലെ രചനാ മത്സരങ്ങളും ഉച്ചകഴിഞ്ഞ് ക്വിസ്സ് മത്സരങ്ങളും നടക്കും
- ഗ്രേഡിങ്ങ് ഉണ്ടായിരിക്കുന്നതാണ്.
- മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും.
- ഉച്ചകഴിഞ്ഞ് 1.30 ന് ക്വിസ്സ് മത്സരം .
- രൂപതാ മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
- മിഷൻ ലീഗും മാതൃവേദിയും സംയുക്തമായി അതിരൂപതാ തല മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.
- രജിസ്ട്രേഷൻ ഫീസ് ഒരു ഐറ്റം Rs.50

### b) അതിരൂപതാ കലാമത്സരങ്ങൾ

അതിരൂപതാ കലോത്സവം എന്ന നിലയിൽ മാതൃവേദി, മിഷൻലീഗ് സംയുക്തമായി മത്സരങ്ങൾ 2019 ഒക്ടോബർ 7, 8 തീയ്യതികളിൽ ചെമ്പേരിയിൽ വച്ച് നടത്തുന്നതാണ്.

സിംഗിൾ ഐറ്റംസ് ജൂനിയർ, സീനിയർ വിഭാഗങ്ങളായും ഗ്രൂപ്പ് ഐറ്റംസ് ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ ആയിരിക്കും നടത്തപ്പെടുക.

**മത്സര ഇനങ്ങൾ:**

- പ്രസംഗം (വിഷയങ്ങൾ: സഭ എന്റെ അമ്മയാണ്, മാതൃത്വം സേവനത്തിന്, കുടുംബം സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം)
- സംഗീതം, മോണോ ആക്ട്, കഥാപ്രസംഗം, ബൈബിൾ വായന,
- മാർഗ്ഗം കളി, സിംഗിൾ ഡാൻസ്, സംഘഗാനം, മാതൃവേദി ആന്തം

### 7. അറിയിപ്പുകൾ

1) മേഖലാ തലത്തിൽ സാഹിത്യമത്സരങ്ങൾ നടത്തി ഫസ്റ്റ് നേടിയവരുടെ ലിസ്റ്റ് ആഗസ്റ്റ് 15 നകം അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.
2) കലാമത്സരങ്ങൾ മേഖലാ തലത്തിൽ സംഘടിപ്പിച്ച് സെപ്റ്റംബർ 28 നകം വിജയികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ മേഖലാസമിതി ശ്രദ്ധിക്കുക.
3) അതിരൂപതാ വിഹിതം കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്ന തുക ശേഖരിച്ച് സാഹിത്യ മത്സരത്തിനെത്തുമ്പോൾ നൽകേണ്ടതാണ്.
4) മാതൃവേദി 2020 വർഷത്തെ കലണ്ടർ യൂണിറ്റുകളിൽ എത്രയെണ്ണം ആവശ്യമുണ്ടെന്ന് മേഖലാതലത്തിൽ ഓർഡർ ശേഖരിച്ച് ആഗസ്റ്റ് 25 നകം അറിയിക്കേണ്ടതാണ്.
5) സെപ്റ്റംബർ 8-ാം തീയ്യതി മാതൃദിനമായി എല്ലാ യൂണിറ്റുകളിലും ആഘോഷിക്കുകയും അംഗത്വ സ്വീകരണം, കൊടിയേറ്റ്, ക്ലാസ്, സേവന പ്രവൃത്തികൾ എന്നിവ ക്രമീകരിക്കുകയും ചെയ്യുവാൻ ശ്രദ്ധിക്കുക.

### 8. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അനുസ്മരണം,അതിരൂപതാതല ആചരണം - കാഞ്ഞങ്ങാട് മേഖല

2019 ജൂൺ 24-ാം തിയ്യതി രാവിലെ 10 മണി മുതൽ 1 മണി വരെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അനുസ്മരണം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മാതൃവേദി പടന്നക്കാട് യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി സിസമ്മ പഴയപറമ്പിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ പടന്നക്കാട് വികാരി റവ. ഫാ. തോമസ് തയ്യിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് കാഞ്ഞങ്ങാട് മേഖല സെക്രട്ടറി ശ്രീമതി ലിസി പുത്തൻകാല വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ ജീവചരിത്രം അവതരിപ്പിച്ചു. ശേഷം പഠന സഹായ വിതരണവും അംഗങ്ങളുടെ കലാപരിപാടികളും നടന്നു. തുടർന്ന് മാതൃവേദി രൂപതാ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് അമ്മമാരുടെ ഉത്തരവാദിത്തബോധത്തെക്കുറിച്ച ക്ലാസ് നൽകി. മേഖല ആനിമേറ്റർ സി.ജോസി ജോസ് ഏവർക്കും നന്ദിയർപ്പിച്ചു. മറിയം ത്രേസ്യാ അനുസ്മരണം നല്ല രീതിയിൽ സംഘടിപ്പിച്ച കാഞ്ഞങ്ങാട് മേഖലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, ഭാരവാഹികൾ, മാതൃവേദി അംഗങ്ങൾ എന്നിവർക്ക് അഭിനന്ദനങ്ങൾ.

### 9. സഖറിയാസ് കൺവെൻഷൻ - ആലക്കോട് ഫൊറോന

ജൂൺ 26, 27, 28 തീയ്യതികളിൽ ആലക്കോട് ഫൊറോനയിലെ 60 വയസ്സിനു മുകളിൽ പ്രായമായവർക്കു വേണ്ടി നടത്തിയ സഖറിയാസ് കൺവെൻഷനിൽ 400 ലധികം വയോജനങ്ങൾ പങ്കെടുത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും മലബാർ ക്രിസ്റ്റീൻ ടീമിന്റെയും നേതൃത്വത്തിൽ നടത്തിയ

കൺവെൻഷൻ ആലക്കോട് ഫൊറോന വികാരി ഫാ.സിബി ആനക്കല്ലിൽ തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ഫാ.സിബി ആനക്കല്ലിൽ, ഫാ.ജോസഫ് കളരിക്കൽ എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വികാരി ജനറാൾ ഫാ.അലക്സ് താരാമംഗലം, ബ്രദർ.സന്തോഷ്, ബ്രദർ.ജോയ്സ് കുരുവിത്താനം, തങ്കച്ചൻചെറുചെറുപ്പിൽ, സി.ആൻസി കാനക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ് നടന്നു. വയോജനങ്ങളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും കൺവെൻഷൻ ദിവസങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിനും ആലക്കോട് മേഖലയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർ സജീവമായി സഹകരിച്ചു. ആലക്കോട് ഫൊറോന വികാരി സിബിയച്ചനെ ഇടവകാംഗങ്ങളുടെ സഹകരണത്തോടെ എല്ലാ ക്രമീകരണങ്ങളും നടത്തിയത് നന്ദിയോടെ അനുസ്മരിക്കുന്നു. കൺവെൻഷൻ വിജയകരമാക്കാൻ താൽപര്യപൂർവ്വം അദ്ധ്വാനിച്ച മലബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും ആലക്കോട് മേഖലാ മാതൃവേദിക്കും അഭിനന്ദനങ്ങൾ.

### സഖറിയാസ് കൺവെൻഷൻ - തോമാപുരം

60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്കുവേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം ഓഗസ്റ്റ് 20, 21, 22 തീയ്യതികളിൽ തോമാപുരം ഫൊറോനയ്ക്കുവേണ്ടി നടക്കുന്നതാണ്. വയോജനങ്ങളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

### 10. മാതൃവേദി - കുന്നോത്ത്

ജൂലൈ 21-ാം തീയ്യതി ഞായറാഴ്ച കുന്നോത്ത് പള്ളിയിൽ വച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ മാതൃവേദി അംഗങ്ങൾക്കായി ക്ലാസ് എടുത്തു. മേഖലാതലത്തിൽ നടത്തുന്ന യൂണിറ്റ് ശാക്തീകരണത്തിനുള്ള ബോധിനി 2019 പരിപാടി ഇതോടനുബന്ധിച്ച് കുന്നോത്ത് മേഖലാ ഡയറക്ടർ ഫാ. ജേക്കബ് കരോട്ട് ഉദ്ഘാടനം ചെയ്തു.

### 11) സീറോ മലബാർ മാതൃവേദി മരിയൻ ക്വിസ് - രൂപതാതല മത്സരം

സീറോ മലബാർ മാതൃവേദി രൂപതാതല മരിയൻ ക്വിസ് ജൂലൈ 19 വെള്ളിയാഴ്ച തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മത്സരത്തിൽ 16 ഫൊറോനകളിൽ നിന്നായി 25 ഓളം അമ്മമാർ പങ്കെടുത്തു. മത്സരത്തിൽ നെല്ലിക്കാംപൊയിൽ ഫൊറോനയിലെ മണിക്കടവ് ഇടവകാംഗം ശ്രീമതി ത്രേസ്യാമ്മ നരിമറ്റത്തിന് ഒന്നാം സ്ഥാനവും, വായാട്ടുപറമ്പ് ഫൊറോന തടിക്കവ് ഇടവകാംഗം ശ്രീമതി ജോസ്ലി കടക്കുഴ രണ്ടാം

സ്ഥാനവും, നെല്ലിക്കാംപൊയിൽ ഫൊറോനയിലെ കാലാങ്കി ഇടവകാംഗം ശ്രീമതി ജോളി കോട്ടത്തുവീട്ടിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇവരെ സംസ്ഥാനതലത്തിലെ മത്സരത്തിനുവേണ്ടി നിർദ്ദേശിക്കുകയും ചെയ്തു.

### 12. ജ്വാല – ചെമ്പേരി

2019 ജൂലൈ 20-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ചെമ്പേരി മേഖലയുടെ ജ്വാല പ്രോഗ്രാം ചെമ്പേരി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് നടന്നു. ചെമ്പേരി മേഖലാ ഡയറക്ടർ ഫാ. നോബിൾ ഓണംകുളം സ്വാഗതം ആശംസിച്ചു.ചെമ്പേരി മേഖലാ മാതൃ വേദി പ്രസിഡണ്ട് ശ്രീമതി റെജി പെരുകിലംകാട്ടിൽ അദ്ധ്യക്ഷത വഹിക്കുകയും ചെമ്പേരി ഫൊറോന വികാരി റവ. ഫാ.ജോർജ്ജ് കാഞ്ഞി രക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, റീജന്റ് ബ്രദർ ജിസ്സ് മാത്യു എന്നിവർ ആശംസക ളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ചെമ്പേരി മേഖലാ സെക്രട്ടറി ശ്രീമതി സലോമി കണിയാരോലിക്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി അച്ചാമ്മ വാളിപ്ലാക്കൽ കണക്കും അവതരിപ്പിച്ചു. ശേഷം ചെമ്പേരി മേഖലാ ആനി മേറ്റർ സി. ആൻ മേരി എസ്.എച്ച് ഏവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ശ്രീ. രാധാകൃഷ്ണൻ എസ്.ഐ സൈബർ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ് നയി ച്ചു. ജ്വാല പ്രോഗ്രാം മനോഹരമായി സംഘടിപ്പിച്ച ചെമ്പേരി മേഖലാ മാതൃ വേദിയെ അഭിനന്ദിക്കുന്നു.

### 13. പേരാവൂർ മേഖലാ റീജണൽ സംഗമം – അമ്മക്കൂട്ടം

മാതൃവേദി ശാക്തീകരണത്തിന്റെ ഭാഗമായി പേരാവൂർ മേഖല മാതൃ വേദി അമ്മമാർക്കായി ജൂലൈ 9-ാം തീയ്യതി കൊളക്കാട് വച്ച് റീജണൽ സംഗമം നടത്തി. കൊളക്കാട്, രാജമുടി, നെടുംപുറംചാൽ, പൂളക്കുറ്റി, ചെങ്ങോം ഇടവകകളിൽ നിന്നായി 228 അമ്മമാർ സംഗമത്തിൽ പങ്കെടു ത്തു. വി.കുർബാനയോടെ ആരംഭിച്ച റീജണൽ സംഗമം കൊളക്കാട് ഇട വക വികാരി ഫാ.പോൾ വള്ളോപ്പിള്ളി ഉദ്ഘാടനം ചെയ്തു. ശ്രീമതി ജെയ്നി ആലയ്ക്കക്കുന്നേൽ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധ കലാ പരിപാടികളും വിനോദ പരിപാടികളും നടന്നു. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു. പേരാവൂർ മേഖലയ്ക്ക് അഭിനന്ദങ്ങൾ.

## IV. മരിയൻ സിംഗിൾസ് മീറ്റ് – സന്ദേശഭവൻ

ജൂലൈ 4, 5 തീയ്യതികളിൽ മരിയൻ സിംഗിൾസ് മീറ്റ് തലശ്ശേരി സന്ദേ ശഭവനിൽ വച്ച് നടന്നു, ക്ലാസ്,ആരാധന, കുമ്പസാരം, ഷെയറിംഗ് എന്നിവ ഉണ്ടായിരുന്നു. പിറ്റേ ദിവസം TSSS ന്റെ നേതൃത്വത്തിൽ സോപ്പ്, സോപ്പ്

പൊടി, ഷാംമ്പു, ഫിനോയിൽ etc. ഉണ്ടാക്കുവാനായി പരിശീലനം കൊടുത്തു. ശേഷം ഉച്ചയോടെ സംഗമം അവസാനിച്ചു.

## V. പ്രോലൈഫ് ഫെസ്റ്റ് - തളിപ്പറമ്പ്

ജൂൺ 30 ഞായറാഴ്ച തളിപ്പറമ്പ് ഫൊറോന പള്ളിയിൽ തലശ്ശേരി അതിരൂപതാ അമല പ്രോലൈഫ് മൂവ്മെന്റും എം.എസ്.എം.ഐ കോൺഗ്രിഗേഷന്റെ നവദർശൻ കാവൽ പ്രോലൈഫ് മൂവ്മെന്റും സംയുക്തമായി പ്രോലൈഫ് ഫെസ്റ്റ് സംഘടിപ്പിച്ചു. തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ.അബ്രാഹം പോണാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ഫാ.കുര്യാക്കോസ് പ്ലാവുനിൽക്കും പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ഓരോ ജീവനും സംരക്ഷിക്കപ്പെടണം എന്ന ആശയം ഉൾക്കൊള്ളുന്ന നൃത്ത നാടകരൂപം എം.എസ്.എം.ഐ കോൺഗ്രിഗേഷന്റെ ഫോർമോഷൻ ഗ്രൂപ്പ് അവതരിപ്പിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പോളിൻ സി.എച്ച്.എഫ്, ശ്രീ. സണ്ണി കാര്യാടിയിൽ, ശ്രീ.ലോറൻസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സി.സ്റ്റെല്ല എം.എസ്.എം.ഐ, ശ്രീ റോബിൻ, ശ്രീ സിജി എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. പ്രോഗ്രാമിന്റെ വിജയത്തിനായി ഒപ്പം ചേർന്ന് പ്രവർത്തിച്ച തളിപ്പറമ്പ് ഇടവകയിലെ യുവജനങ്ങൾക്കും മറ്റു പ്രോലൈഫ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

## VII. അമല പ്രോലൈഫ് പ്രോഗ്രാം

പ്രോലൈഫ് ഫെസ്റ്റുകൾ - ഇടവകകളിൽ ജീവന്റെ മൂല്യത്തെക്കുറിച്ചും മനുഷ്യ ശരീരത്തിന്റെ മഹത്വത്തെക്കുറിച്ചും വ്യക്തമാക്കുന്ന സെമിനാറുകളും നൃത്ത നാടക ആവിഷ്കാരങ്ങളും

പ്രോലൈഫ് ക്ലബ് - മരണ സംസ്ക്കാരത്തിനെതിരെ ജീവന്റെ സംരക്ഷണത്തിനായി നിലകൊള്ളാനും സാമൂഹ്യതിന്മകൾക്കെതിരെ പോരാടാനും തയ്യാറുള്ള ടീനേജേഴ്സ്, യൂത്ത് ഗ്രൂപ്പ്

പ്രോലൈഫ് സെൽ - ഇടവകകളിൽ ജീവന്റെ സംരക്ഷണത്തിനും ശുശ്രൂഷകൾക്കുമായി ഒരുമിച്ചു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ഗ്രൂപ്പ്.

പ്രോഗ്രാമുകൾ ഇടവകകളിലോ സ്ക്കൂളുകളിലോ ക്രമീകരിക്കാവുന്നതാണ്. **Ph: 9745233073, 9400433255**

## VIII. ദമ്പതീ ധ്യാനം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ദമ്പതികൾക്കുവേണ്ടി നടത്തപ്പെടുന്ന മൂന്നു ദിവസത്തെ ധ്യാനം പരിയാരം മദർഹോമിൽ വച്ച് ആഗസ്റ്റ് 2-ാം തീയ്യതി ഉച്ചകഴിഞ്ഞ് 3 മണി മുതൽ ആഗസ്റ്റ് 4-ാം തീയ്യതി

ഉച്ചകഴിഞ്ഞ് 2 മണി വരെ ദമ്പതികൾ രണ്ട് പേരും ഒരുമിച്ച് പങ്കെടുക്കേണ്ട താണ്. . എല്ലാ ദമ്പതികൾക്കും സ്വാഗതം. രജി.ഫീസ് ഒരാൾക്ക് 450 രൂപ. ധ്യനത്തോടനുബന്ധിച്ച് ദമ്പതീ കൗൺസലിംഗ്, ആരാധന, സൗഖ്യശുശ്രൂഷ ക്ലാസുകൾ തുടങ്ങിയവ ഉണ്ടായിരിക്കും.

## IX. നന്ദി – ആശംസകൾ

കാഞ്ഞങ്ങാട്, എടൂർ, ആലക്കോട് മേഖലകളിൽ കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദിയുടെ ഡയറക്ടർമാരായി പ്രവർത്തിച്ച ഫാ. അനൂപ് ചിറ്റേട്ട്, ഫാ. ജോസഫ് വാരണത്ത്, ഫാ.സെബാസ്റ്റ്യൻ ചേന്നോത്ത് എന്നിവർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയംഗമായ നന്ദി. എടൂർ മേഖലയുടെ ഡയറക്ടറായി നിയമിതനായ ഫാ.ജേക്കബ് കുറ്റിക്കാട്ട്കുന്നേലിന് ആശംസകൾ.

## X. ഒന്നാകാൻ – മലബാർ മേഖല വിവാഹാർത്ഥികളുടെ സംഗമം

കെ.സി.ബി.സി മലബാർ മേഖല പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വിവാഹാർത്ഥികളുടെ ഒരു സംഗമം നടത്തപ്പെടുന്നു. മലബാറിലെ മൂന്നു റീത്തുകളിൽപ്പെട്ട 7 രൂപതകളിൽ നിന്നുള്ളവർ പങ്കെടുക്കുന്നതാണ്. 25 വയസ്സിന് മുകളിലുള്ള പെൺകുട്ടികൾക്കും 30 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്കും 50 വയസ്സിനു താഴെയുള്ള വിധവകൾക്കും വിഭാര്യർക്കും പങ്കെടുക്കാം. സംഗമം നടക്കുന്നത് 2019 സെപ്റ്റംബർ 12, 13 തീയ്യതികളിൽ കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയത്തിലായിരിക്കും. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ. ഇടവകകളിൽ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 200 രൂപ (മാതാപിതാക്കൾക്കൊപ്പം സംഗമത്തിനു വരുന്നവർ ഒരാൾക്ക് 100 രൂപ വീതം) വെബ്സൈറ്റ് വഴി സംഗമത്തിനുശേഷവും ബന്ധപ്പെടാനും വിവരങ്ങൾ കൈമാറാനും അവസരം ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ച് ആഗസ്റ്റ് 20 ന് അവസാനിക്കുന്നു. രജിസ്ട്രേഷൻ നടത്തുന്നതിന് വികാരിയച്ചന്മാർ മുൻകൈ എടുക്കണമെന്നഭ്യർത്ഥിക്കുന്നു. നോട്ടീസുകളും രജിസ്ട്രേഷൻ ഫോമുകളും മാതൃവേദി അംഗങ്ങൾ ഇടവകകളിൽ എത്തിക്കുന്നതായിരിക്കും. **സെപ്റ്റംബർ 12, 13 തീയ്യതികളിൽ ഏതെങ്കിലും ഒരു ദിവസം മാത്രമാണ് പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ നടത്തുന്നവർക്ക് നേരിട്ട് വിളിച്ച് പങ്കെടുക്കേണ്ട ദിവസം അറിയിക്കുന്നതാണ്.**

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ: 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


അതിരൂപതയുടെ പരീക്ഷാപരിശീലന സംരംഭമായ സാൻജോസ് അക്കാഡമിയിൽ വിവിധ പരിശീലനങ്ങൾ നടക്കുന്ന സമയമാണിത്. നിരവധി വിദ്യാർത്ഥികൾ വിവിധ പരിശീലനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു. മികച്ച വിജയമാണ് വിദ്യാർത്ഥികൾ കാഴ്ചവയ്ക്കുന്നത് . സാൻജോസ് അക്കാഡമിയെപ്പറ്റി ഏറെപ്പേർ അറിഞ്ഞുകഴിഞ്ഞു. നമ്മുടെ കുട്ടികളെ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ അക്കാഡമിയിലേക്ക് പറഞ്ഞുവിടുമല്ലോ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഫീസ് ഇളവു നൽകുന്നതാണ്. അക്കാഡമിയുടെ ഇക്കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ സജീവമാക്കാൻ സഹകരിച്ച എല്ലാവരേയും സ്നേഹത്തോടെ ഓർക്കുന്നു. ഓഗസ്റ്റ് മാസം വിവിധങ്ങളായ പരിശീലനങ്ങൾ നടത്തപ്പെടുന്ന മാസമാണ്. ഈ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

### I. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K - TET നാലാം ബാച്ചിൽ വിജയികളായവരെ പ്രത്യേകം അഭിനന്ദിക്കുന്നു. 70 % വിജയം സാൻജോസ് അക്കാഡമി നേടുകയുണ്ടായി. അഞ്ചാം ബാച്ചിന്റെ പരിശീലനം ഓഗസ്റ്റ് മാസം 17-ാം തിയ്യതി ശനിയാഴ്ച മുതൽ ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിലും തളിപ്പറമ്പ് സെന്റ്.മേരീസ് ചർച്ച് ഓഡിറ്റോറിയത്തിലും വച്ച് നടത്തപ്പെടുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

### II. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ടുവർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് വൺ സയൻസ് ഗ്രൂപ്പിൽ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. പ്രധാന അവധിദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## III. Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടർച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാംവർഷ പരിശീലനം ഇരിട്ടി സെന്റ്.ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടന്നുവരുന്നു. രണ്ടാം വർഷ പരിശീലനത്തിൽ പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാൻജോസ് അക്കാഡമി ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## IV. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C. , U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പുതിയ ബാച്ച് ജൂലൈ മാസത്തിൽ പൈസക്കരി ദേവമാതാ കോളേജ്, വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി ഡിഗ്രി കോഴ്സുകളോടൊപ്പം ആരംഭിച്ചിട്ടുണ്ട് . അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്.

## V. NET Exam Crash Coaching

2019 ജൂൺ മാസത്തിൽ നടത്തപ്പെട്ട NET പരീക്ഷയിൽ സാൻജോസ് അക്കാഡമിയിൽ പഠിച്ച് വിദ്യാർത്ഥികൾ വിജയിച്ചിട്ടുണ്ട്. വിജയികളായവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഡിസംബർ മാസത്തിൽ നടക്കാനിരിക്കുന്ന NET പരീക്ഷയക്ക് ഒരുക്കമായുള്ള പരിശീലനം ഓഗസ്റ്റ് മാസം 18-ാം തിയ്യതി ഞായറാഴ്ച മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് ആരംഭിക്കുന്നതാണ്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പുർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുക.

## VI. ഉപരിപഠന സഹായങ്ങൾ

+2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചും ഏറെ സംശയങ്ങൾ ഉണ്ടാകാറുണ്ട്. വിദേശ രാജ്യങ്ങളിലും കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാ

ഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് സാൻജോസ് അക്കാഡമി സഹായസഹകരണങ്ങൾ നൽകാറുണ്ട്. ആവശ്യമുള്ളവർക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടാവുന്നതാണ്.

## VII. IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 10000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. അടുത്ത ബാച്ച് ഓഗസ്റ്റ് 1 -ന് ആരംഭിക്കുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

IELTS അക്കാഡമിയിലേക്ക് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അധ്യാപകരെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾക്ക് 8281 750 777, 8281 730 777 എന്നീ നമ്പറുകളിൽ വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

## VIII. ജോലി ഒഴിവ്

തൊഴിലവസരങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ ഇനി മുതൽ വാട്സ് ആപ്പ് മെസേജുകളായി നമ്മുടെ ബഹു. അച്ചൻമാരുടെ ഗ്രൂപ്പുകളിൽ അയച്ചുതരുന്നതാണ്. ഈ മെസേജുകൾ ഇടവക ഗ്രൂപ്പുകളിൽ ഫോർവേഡ് ചെയ്താൽ ഉപകാരമായിരുന്നു. വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗലഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇട

വകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംഗിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

## IX. വിജയവീഥി ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ്ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു. പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികളെടുക്കുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

14.07.2019 ന് ചീക്കാട് ഇടവകയിൽ ബഹു.പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ ഞായറാഴ്ച വി.കുർബ്ബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

21.07.2019 ന് ആനപ്പന്തി ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ സൺഡേ സ്ക്കൂൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസ്സുകൾ നൽകുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

25.07.2019 ന് മുണ്ടാനൂർ ഇടവകയിലെ മാതാപിതാക്കൾക്ക് ബഹു.ഡയറക്ടർ അച്ചൻ ക്ലാസ്സുകൾ നൽകി സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു.എല്ലാ വികാരിയച്ചൻമാർക്കും സൺഡേ സ്ക്കൂൾ അധ്യാപകർക്കും സ്നേഹത്തോടെ നന്ദി അറിയിക്കുന്നു

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്, .........

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## CATECHISM SCHOLARSHIP EXAM TOPPERS LIST 2018-2019

| No | STD | NAME | NAME OF SCHOOL | |
|---|---|---|---|---|
| 1 | I | ABATUS VARGHESE | ST.MARY'S LPS EDOOR | A+ |
| 2 | I | GODWIN SAJI | NIRMALA UPS CHEMPERI | A+ |
| 3 | I | ANMARIA MATHEW | LPS CHANDHANAKKAMPARA | A+ |
| 4 | I | EYMI MARIYA MANOJ | FATHIMA UPS KUDIYANMALA | A+ |
| 5 | I | ANN MARIA BENNY | FATHIMA UPS KUDIYANMALA | A+ |
| 6 | I | ALEESHA MARIA LISHAN | FATHIMA UPS KUDIYANMALA | A+ |
| 7 | I | ADLIN TREESA | ST.THOMAS UPS MANIKKADAVU | A+ |
| 8 | I | DIYA SANTHOSH | ST.MARY'S LPS EDOOR | A+ |
| 9 | I | ABIDHAL FRANCIS | ST.GEORGE'S UPS KACHERIKKADAVU | A+ |
| 10 | I | ANMARIA JOJI | ST.THOMAS LPS KILIYANTHARA | A+ |
| 11 | I | AGUSTAS ABRAHAM | MANJALAMPURAM UPS | A+ |
| 12 | I | PRANAV SHAJU | MANJALAMPURAM UPS | A+ |
| 13 | I | ELNA SUNIL | MANJALAMPURAM UPS | A+ |
| 14 | I | JUEL FRANCIS | MANJALAMPURAM UPS | A+ |
| 15 | I | GLORIA ANNA JINS | ST.THOMAS UPS KARIKKOTTAKKARI | A+ |
| 16 | I | DIYA ROSE GEORGE | S.H.U.P.S ANGADIKKADAVU | A+ |
| 17 | I | ASNA MARIYA SUMESH | ST.JOSEPH'S LPS RANDAMKADAVU | A+ |
| 4 | I | ANNMARIA ANTONY | ST.JOSEPH'S UPS KUNNOTH | A+ |
| 5 | I | ANJELIN JUBI | ST.JOSEPH'S UPS KUNNOTH | A+ |
| 6 | I | GRACE MARIA | ST.THOMAS UPS KARIKKOTTAKKARI | A+ |
| 7 | I | ANGEL MARIA ROBIN | ST.THOMAS UPS KARIKKOTTAKKARI | A+ |
| 8 | I | ANGEL MARIA SOJAN | ST.JOHN'S UPS THONDIYIL | A+ |
| 9 | I | ALFRED THOMAS | NIRMALAGIRI LPS VELLARIKKUNDU | A+ |
| 10 | I | ANGEL ANEESH | ST.JOSEPH'S LPS THABORE | A+ |
| 11 | I | ALEXIS ANTO SONY | ST.AUGASTINE'SLPS KOZHICHAL | A+ |
| 12 | I | DANIEL ROY | ST.AUGASTINE'SLPS KOZHICHAL | A+ |
| 13 | I | GRIFFIN JOSEPH SALESH | ST.THOMAS HSS THOMAPURAM | A+ |
| 14 | I | JOB BABU | S.H.LPS MAMPOIL | A+ |
| 15 | I | MATHEW JAISON | PRATHYASA UPS UDAYAGIRI | A+ |
| 16 | I | TOM FRANCIS | SJUPS VAYATTUPARAMBU | A+ |
| 1 | II | RIYA SHYJU | NIRMALAGIRI LPS VELLARIKKUNDU | A+ |
| 2 | II | ANUSHKAANN JIJO | NIRMALAGIRI LPS VELLARIKKUNDU | A+ |
| 3 | II | ALFONSA JOSE | NIRMALAGIRI LPS VELLARIKKUNDU | A+ |
| 4 | II | ALAN DILEEP | ST.JOSEPH'S UPS THABORE | A+ |

| | | | | |
|---|---|---|---|---|
| 5 | II | ANNA BENNY | ST.JOSEPH'S UPS THABORE | A+ |
| 6 | II | JOBIT BIJU | ST.AUGASTINE'S LPS KOZHICHAL | A+ |
| 7 | II | ABEL SIRIAC | ST.AUGASTINE'S LPS KOZHICHAL | A+ |
| 8 | II | JOMET THOMAS | ST.AUGASTINE'S LPS KOZHICHAL | A+ |
| 9 | II | HAROLD J SAIMON | ST.AUGASTINE'S LPS KOZHICHAL | A+ |
| 10 | II | ALONA TREESA | ST.THOMAS LPS THOMAPURAM | A+ |
| 11 | II | NOYAL GEORGE BINU | ST.THOMAS LPS THOMAPURAM | A+ |
| 12 | II | JIYA ELIZABETH SIJU | ST.THOMAS LPS THOMAPURAM | A+ |
| 13 | II | MARIYA K.C | ST.JOSEPH'S UPS ARABI | A+ |
| 14 | II | JISINTA MARIYA JOSEPH | VAYATHUR UPS ULIKKAL | A+ |
| 15 | II | NELVIN BIJU | VAYATHUR UPS ULIKKAL | A+ |
| 16 | II | NIYA ANN BINU | VAYATHUR UPS ULIKKAL | A+ |
| 17 | II | ARLIN ANNA SHIBU | VAYATHUR UPS ULIKKAL | A+ |
| 18 | II | HELNA MARTIN | VAYATHUR UPS ULIKKAL | A+ |
| 19 | II | BLESSY ELIZABATH | ST.ANTONY'S LPS KALLUVAYAL | A+ |
| 20 | II | STEBIN BIJU | ST.ANTONY'S LPS KALLUVAYAL | A+ |
| 21 | II | MELBIN THOMAS | KHMA UPS KANJIRAKKOLLI | A+ |
| 22 | II | LINTA MARIYA | ST.JOHN'S UPS THONDIYIL | A+ |
| 23 | II | ANCIL MARIYA RENNI | ST.SEBASTIAN'S UPS KAPAD | A+ |
| 24 | II | ANMARIA MADONA DILEEP | ST.SEBASTIAN'S UPS KAPAD | A+ |
| 25 | II | MARIYANGEL JOJO | ST.SEBASTIAN'S UPS KAPAD | A+ |
| 26 | II | SERA ROSHAN | ST.SEBASTIAN'S UPS VEERPAD | A+ |
| 27 | II | PHILIP TEDS | S.H UPS ANGADIKKADAVU | A+ |
| 28 | II | ROYIS KURIAN MARTIN | S.H UPS ANGADIKKADAVU | A+ |
| 29 | II | ANMARIYA SHIJO | NIRMALA LPS ADICHUVARI | A+ |
| 30 | II | ANSAL MARIYA | NIRMALA LPS ADICHUVARI | A+ |
| 31 | II | ANGELINA THERESA JIJO | MANJALAMPURAM UPS | A+ |
| 32 | II | MARIYA C.S | MANJALAMPURAM UPS | A+ |
| 33 | II | JUEL MARIYA K.S | MANJALAMPURAM UPS | A+ |
| 34 | II | JENIT BIJU THOMAS | ST.JOSEPH'S UPS KUNNOTH | A+ |
| 35 | II | DIYA MARIYA N.D | ST.JOSEPH'S UPS KUNNOTH | A+ |
| 36 | II | ALAN JOHN KURIAN | ST.JOSEPH'S UPS KUNNOTH | A+ |
| 37 | II | JOYAL RIJESH | ST.JOSEPH'S UPS KUNNOTH | A+ |
| 38 | II | IVANA ELIZABETH LEEJO | ST.JOSEPH'S UPS KUNNOTH | A+ |
| 39 | II | CHRISMARIYA SIJU | ST.GEORGE'S UPS KACHERIKKADAVU | A+ |
| 40 | II | ANGELA MERY ABHILASH | ST.GEORGE'S UPS KACHERIKKADAVU | A+ |
| 41 | II | ISSAC BIJU | ST.GEORGE'S UPS KACHERIKKADAVU | A+ |
| 42 | II | ALAN THOMAS | ST.THOMAS UPS MANIKKADAVU | A+ |
| 43 | II | MILANA TINTU | FATHIMA UPS KUDIYANMALA | A+ |
| 44 | II | THERES MARIA | FATHIMA UPS KUDIYANMALA | A+ |
| 45 | II | JIS MARIA SAJI | FATHIMA UPS KUDIYANMALA | A+ |
| 46 | II | ASHOK BASTIN SOY | CHERUPUSHPAM UPS CHEMPANTHOTTY | A+ |

| | | | | |
|---|---|---|---|---|
| 47 | II | ALNA MARIYA | NIRMALA UPS CHEMPERI | A+ |
| 48 | II | ANNTREESA THOMAS | NIRMALA UPS CHEMPERI | A+ |
| 49 | II | SAYANA SANTHOSH | NIRMALA UPS CHEMPERI | A+ |
| 50 | II | SERA MARIYA SHIBU | NIRMALA UPS CHEMPERI | A+ |
| 51 | II | JOMIYA JOBY | C.L.P.S CHANDHANAKKAMPARA | A+ |
| 52 | II | ANGEL MARIA JOSEPH | G.M.UPS NELLIKKUTTI | A+ |
| 53 | II | JUEL ROSE VINOD | ST.MARY'S UPS PAISAKKARI | A+ |
| 54 | II | SHINE JOSEPH | ST.MARY'S UPS PAISAKKARI | A+ |
| 55 | II | ELSITTA BIJU | ST.MARY'S UPS PAISAKKARI | A+ |
| 56 | II | HARIKA K.BIJU | ST.MARY'S LPS EDOOR | A+ |
| 57 | II | ROSEMARY ROY | QUEEN MARY UPS VILAKKANNUR | A+ |
| 58 | II | SAYA JOSEPH | QUEEN MARY UPS VILAKKANNUR | A+ |
| 59 | II | MERLIN JACOB | QUEEN MARY UPS VILAKKANNUR | A+ |
| 60 | II | ANCILA THERES | QUEEN MARY UPS VILAKKANNUR | A+ |
| 61 | II | ANNTHERES SOJAN | PRATHYASA UPS UDAYAGIRI | A+ |
| 62 | II | AMEYA BINU | ST.JOSEPH'S UPS VAYATTUPARAMBA | A+ |
| 63 | II | BIYON JACOB BIPIN | ST.JOSEPH'S UPS VAYATTUPARAMBA | A+ |
| 64 | II | REEMA JIJIMON | ST.JOSEPH'S UPS VAYATTUPARAMBA | A+ |
| 65 | II | LENIS MARIA THOMAS | ST.JOSEPH'S UPS VAYATTUPARAMBA | A+ |
| 1 | II | KRIPA MARIYA ROY | ST.AUGASTINE'S LPS KOZHICHAL | A+ |
| 2 | II | ALON GEORGE | S.H UPS ANGADIKKADAVU | A+ |
| 3 | II | SILNA E.S | FATHIMA UPS KUDIYANMALA | A+ |
| 1 | II | DIYON SHIJU | ST.JOSEPH'S UPS JOSEGIRI | A+ |
| 2 | II | CHRISTA SEBASTIAN | ST.THOMAS LPS THOMAPURAM | A+ |
| 3 | II | ARSHA SHIJO | KHMA UPS KANJIRAKKOLLI | A+ |
| 4 | II | ANNMARIA JOMON | ST.SEBASTIAN'S UPS VEERPAD | A+ |
| 5 | II | NIYA ROSE | ST.JOSEPH'S LPS RANDAMKADAVU | A+ |
| 6 | II | EDWIN MATHEWS | S.H UPS ANGADIKKADAVU | A+ |
| 7 | II | JASMIN MARIYA JAISON | NIRMALA LPS ADICHUVARI | A+ |
| 8 | II | AGNES SHAJI | MANJALAMPURAM UPS | A+ |
| 9 | II | BENJAMIN ROY | MANJALAMPURAM UPS | A+ |
| 10 | II | ANGEL PETER | ST.JOSEPH'S UPS PALATHINKADAVU | A+ |
| 11 | II | JUDESON JOSEPH | ST.JOSEPH'S UPS PALATHINKADAVU | A+ |
| 12 | II | MERIN CHACKO | ST.JOSEPH'S UPS PALATHINKADAVU | A+ |
| 13 | II | TESSA BOBY | ST.THOMAS UPS MANIKKADAVU | A+ |
| 14 | II | LIS MARIYA BINOY | BHARATHAMBIKA UPS POTTANPLAVU | A+ |
| 15 | II | ALEENA MARIA | ST.JOSEPH'S LPS AREEKAMALA | A+ |
| 16 | II | ANGEL JACOB | ST.JOSEPH'S LPS AREEKAMALA | A+ |
| 17 | II | NEHA MARIYA VIPIN | NIRMALA UPS CHEMPERI | A+ |
| 18 | II | SERA MARIA JAYESH | ST.MARY'S UPS PAISAKKARI | A+ |
| 19 | II | SERENE SHINTO | ST.MARY'S LPS EDOOR | A+ |
| 20 | II | ALBY PROTHASIS | QUEEN MARY UPS VILAKKANNUR | A+ |
| 21 | II | DANIYA MARIYA MATHEW | NIRMALA LPS PATHANPARA | A+ |

**STD III**

| | | | | |
|---|---|---|---|---|
| 1 | III | JOSWIN SHINE GEORGE | ST.THOMAS L.P.S THOMAPURAM | A+ |
| 1 | III | IVIN .P.RAJU | FATHIMA U.P.S KUDIYANMALA | A+ |
| 2 | III | ANNA MERY BINU | MANJALAMPURAM U.P.S | A+ |
| 3 | III | JOSE JOM | NIRMALAGIRI L.P.S VELLARIKKUNDU | A+ |
| 1 | III | SEBASTIAN | ST.SEBASTIAN'S L.P.S NELLIKKAMPOYIL | A+ |

**STD IV**

| | | | | |
|---|---|---|---|---|
| 1 | IV | AMRITHA SHAJI | ST.THOMAS LPS THOMAPURAM | A+ |
| 1 | IV | DIYA ELIZABETH | ST.THOMAS LPS THOMAPURAM | A+ |
| 2 | IV | JWANA LISA JAMES | VAYATHUR UPS | A+ |
| 1 | IV | ELIZABETH MICHAEL | ST.THOMAS LPS THOMAPURAM | A+ |
| 2 | IV | ALEENA THERESSE SEBASTIAN | ST.MARY'S UPS PAISAKKARI | A+ |
| 3 | IV | SEBAN SIBI | FATHIMA UPS KUDIYANMALA | A+ |
| 4 | IV | JOYAL JOSE MATHEW | SHUPS ANGADIKKADAVU | A+ |

**STD V**

| | | | | |
|---|---|---|---|---|
| 1 | V | DANY SEBASTIAN | FATHIMA U.P.S KUDIYANMALA | A+ |
| 2 | V | ANDREA MARIAYA T.R | ST.THOMAS U.P.S KARIKKOTTAKKARI | A+ |
| 3 | V | SHARLET SUNNY | ST.JOSEPH'S U.P.S KARIVULLADUKKAM | A+ |
| 1 | V | PAUL PETER | FATHIMA U.P.S KUDIYANMALA | A+ |
| 1 | V | ANSA MARIA JOHNSON | MANJALAMPURAM U.P.S | A+ |
| 2 | V | JISHITHA ROSE ROY | ST.JOSEPH'S U.P.S KARIVULLADUKKAM | A+ |

**STD VI**

| | | | | |
|---|---|---|---|---|
| 1 | VI | JISA MARIA BENNY | PRATHYASA UPS UDAYAGIRI | A+ |
| 1 | VI | ANNA MARIA VARGHESE | ST.MARY'S HS EDOOR | A+ |
| 1 | VI | DON K.SEBASTIAN | ST.THOMAS UPS MANIKKADAVU | A+ |
| 2 | VI | EVANJELIN MARIA ROY | MANJALAMPUARAM UPS | A+ |
| 3 | VI | MARTIN MATHEW | ST.JOHN'S UPS THONDIYIL | A+ |
| 4 | VI | ANNMARIA JOSE | ST.JOSEPH'S UPS KARIVULLADUKKAM | A+ |

**STD VII**

| | | | | |
|---|---|---|---|---|
| 1 | VII | AMALA ROY | ST.JOHN'S HSS PALAVAYAL | A+ |
| 1 | VII | SANIYA ROSE | GMUPS NELLIKKUTTI | A+ |
| 2 | VII | ANGEL BABY | CARIS UPS MATTARA | A+ |
| 1 | VII | SAPARIYA SAJI | ST.JOHN'S UPS THONDIYIL | A+ |

**STD VIII**

| | | | | |
|---|---|---|---|---|
| 1 | VIII | ARSHA BIJU THOTTATHIL | S.H.H.S ANGADIKKADAVU | A+ |
| 1 | VIII | ALAN ANDREWS | MARY QUEEN'S H.S KUDIYANMALA | A+ |
| 1 | VIII | IRIN JOHNSON | ST.JOSEPH'S HSS THONDIYIL | A+ |

**STD IX**

| | | | | |
|---|---|---|---|---|
| 1 | IX | ALEENA MARIA SIBICHAN | DMHS PAISAKKARI | A+ |
| 1 | IX | NEEVA GEORGE | ST.JOSEPH'S HSS PERAVOOR | A+ |

| | | | | |
|---|---|---|---|---|
| 1 | IX | ROSEMARY M.M | ST.THOMAS HS THOMAPURAM | A+ |
| 2 | IX | THOMAS JAMES | ST.JUDE'S HS VELLARIKKUND | A+ |
| 18 | I | ALEENA MARIA SHYJAN | ST.JOSEPH'S LPS RANDAMKADAVU | A+ |
| 19 | I | ANEETTA JEYMON | ST.THOMAS UPS KARIKKOTTAKKARI | A+ |
| 20 | I | ANDREA ELIZABETH BIJU | ST.JOHN'S UPS THONDIYIL | A+ |
| 21 | I | NELNA ALFONSA DOMINIC | ST.JOHN'S UPS THONDIYIL | A+ |
| 22 | I | ANGEL ROY | ST.SEBASTIAN'S UPS VEERPAD | A+ |
| 23 | I | EDWIN VARGHESE | ST.SEBASTIAN'S UPS VEERPAD | A+ |
| 24 | I | TIYANA SABU | ST.JOHN'S UPS THONDIYIL | A+ |
| 25 | I | ALPHONSA JOSEPH | NIRMALAGIRI LPS VELLARIKKUNDU | A+ |
| 26 | I | ELIZABETH JOSHY | NIRMALAGIRI LPS VELLARIKKUNDU | A+ |
| 27 | I | LIS MARY SANTHOSH | ST.JOSEPH'S UPS JOSEGIRI | A+ |
| 28 | I | SAM .T | NIRMALA LPS PATHANPARA | A+ |
| 29 | I | FIYONA VIJOY | ST.AUGASTINE'SLPS KOZHICHAL | A+ |
| 30 | I | HANNAH JOBY JOHN | ST.THOMAS HSS THOMAPURAM | A+ |
| 31 | I | MARTIN ARGENTINA PAUL | ST.THOMAS HSS THOMAPURAM | A+ |
| 32 | I | JONADH JOHN SIJO | ST. JOHN'S LPS PALAVAYAL | A+ |
| 33 | I | ANJU SANTHOSH | VIMALA LPS BEEMANADI | A+ |
| 34 | I | DELNA MARIA VINCENT | VIMALA LPS BEEMANADI | A+ |
| 35 | I | JUEL THERES JOSHY | VIMALA LPS BEEMANADI | A+ |
| 36 | I | DON JOSE P.J | QUEEN MARY UPS VILAKKANNUR | A+ |
| 37 | I | ANJALEENA ANN JO | PRATHYASA UPS UDAYAGIRI | A+ |
| 38 | I | ANGEL ROSE P.M | PRATHYASA UPS UDAYAGIRI | A+ |
| 39 | I | HANNA ROSE THOMAS | SJUPS VAYATTUPARAMBU | A+ |
| 40 | I | ASHIN JAISON | ST.AUGASTINE'S LPS KOZHICHAL | A+ |
| 41 | I | THEJUS SHIBU | VAYATHUR UPS | A+ |
| 42 | I | NEBA SANI | VAYATHUR UPS | A+ |
| 43 | I | ALONA JINTO | ST.ANTONY'S LPS KALLUVAYAL | A+ |
| 44 | I | KEYTLIN MARIA .K | ST.ANTONY'S LPS KALLUVAYAL | A+ |
| 1 | I | EEVA BIJU | ST.MARY'S UPS PAISAKKARI | A+ |
| 2 | I | ALEENA MARY JOSHY | C.L.P.S CHANDHANAKKAMPARA | A+ |
| 3 | I | GIFTY MARIA ROY | CHERUPUSHPA LPS CHANDHANAKKAMPARA | A+ |
| 4 | I | ARON ROBINS | ST.JOSEPH'S UPS PULIKKURUMBA | A+ |
| 5 | I | TES MARIYA SINESH | ST.GEORGE'S UPS KACHERIKKADAVU | A+ |
| 6 | I | EBIN V.M | ST.JOSEPH'S LPS PALATHINKADAVU | A+ |
| 7 | I | NIYA MARIYA GNINCE | NIRMALA LPS ADICHUVARI | A+ |
| 8 | I | SANDRA MARIYA SIJU | MANJALAMPURAM UPS | A+ |
| 9 | I | NAYANA ELIZABETH | ST.THOMAS UPS KARIKKOTTAKKARI | A+ |
| 10 | I | JOSEPH BIJU | ST.JOSEPH'S LPS RANDAMKADAVU | A+ |
| 11 | I | ANGELMARIYA | S.H.U.P.S ANGADIKKADAVU | A+ |
| 12 | I | ELSIT ROSE | ST.SEBASTIAN'S UPS VEERPAD | A+ |
| 13 | I | ADONE VARGHESE | ST.SEBASTIAN'S UPS VEERPAD | A+ |

| | | | | |
|---|---|---|---|---|
| 14 | I | NORAH SHAJU | ST.THOMAS HSS THOMAPURAM | A+ |
| 15 | I | LEONA ROSE LIJO | ST.THOMAS HSS THOMAPURAM | A+ |
| 16 | I | ELGA ELIZABETH JOHNSON | ST.JOHN'S LPS PALAVAYAL | A+ |
| 17 | I | DOMINIC VIJU | SJUPS VAYATTUPARAMBU | A+ |
| 18 | I | NOYAL NOBLE | SJUPS VAYATTUPARAMBU | A+ |
| 19 | I | JOBIN THOMAS JAYMON | NIRMALA LPS PATHANPARA | A+ |
| 1 | I | ELIZABETH CAROLIN | ST.JOSEPH'S UPS PULIKKURUMBA | A+ |
| 2 | I | AIRIN MARIA SIJO | ST.THOMAS UPS MANIKKADAVU | A+ |
| 3 | I | ANNA DIYA | ST.JOSEPH'S LPS AREEKAMALA | A+ |

## മെയിന്റനൻസ് ഗ്രാന്റ്

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ. ആർ അധ്യായം തതഢകകക ൽ വ്യക്തമാക്കിയിട്ടുണ്ട്: ഓഗസ്റ്റ് 5-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം. മെയിനന്റനൻസ് ഗ്രാന്റ് പ്രൊപ്പോസലിലെ എല്ലാ ഫോമുകളിലും ഒരേ തീയതിയായിരിക്കണം. അക്കാദമിക് വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് മെയിന്റനൻസ്ഗ്രാന്റ് അനുവദിച്ചു കൊണ്ട് വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ബിൽ സബ്മിറ്റ് ചെയ്ത് ട്രഷറിയിൽ നിന്ന് മാർച്ച് 31നു മുമ്പ് തുക ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ പ്രധാനഅധ്യാപകർ മെയിന്റനൻസ്ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് വിദ്യാഭ്യാസ ഓഫീസിൽ നിന്ന് വളരെ നേരത്തെ ലഭിക്കുന്നതിന് പരിശ്രമിക്കണം. മെയിന്റനൻസ്ഗ്രാന്റിന്റെ അനുവദിക്കപ്പെട്ട ഉത്തരവ് സ്കൂളിലാണ് ലഭിക്കുന്നതെങ്കിൽ ഉടൻ തന്നെ അതിന്റെ ഒറിജിനൽ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കണം. കോപ്പി സ്കൂളിൽ സൂക്ഷിക്കണം. മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം.

കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.മെയിന്റനൻസ്ഗ്രാന്റ് തുക വിനിയോഗിക്കുമ്പോൾ കെ.ഇ.ആർ അധ്യായം തതഢകകക ലെ നിർദേശങ്ങൾക്കനുസൃതമായിരിക്കണം.സ്കൂളിലെ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ചുറ്റുമതിൽ,ഗെയിറ്റ്, കിണർ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്, ഇലക്ട്രിക്കൽ ഫിറ്റിങ്സ്,ഗ്ലോബ്, ചാർട്ടുകൾ,ചോക്ക്, ക്ലീനിങ്ങ് മെറ്റീരിയൽ, രജിസ്റ്ററുകൾ, എന്നിവ വാങ്ങുന്നതിന് മെയിന്റ നൻസ്ഗ്രാന്റ് തുക ഉപയോഗിക്കാം. മെയിന്റനൻസ് ഗ്രാന്റ് രജിസ്റ്റർ സ്കൂളിൽ കൃത്യതയോടെ ഭംഗിയായി സൂക്ഷിക്കണം. മാനേജരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് എല്ലാ സ്കൂളിനും ഉണ്ട് . അത് ക്ലോസ് ചെയ്യരുത്. അതിലേക്കാണ് കോർപ്പറേറ്റ്

ഓഫീസിൽ നിന്ന് ഫണ്ട് നൽകുന്നത്. അക്കൗണ്ട് നമ്പറും ഐഎഫ്സി കോഡും കോർപ്പറേറ്റ് ഓഫീസിൽ നൽകേണ്ടതാണ്. ഈ അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുമോയെന്ന് അന്വേഷിക്കുക. കോർപ്പറേറ്റ് ഓഫീസിലെ അക്കൗണ്ട് നമ്പറിലാണ് തുക വരുന്നതെങ്കിൽ യഥാസമയം രേഖകളുമായി വന്ന് തുക വാങ്ങിക്കണം. അതതു അക്കാദമിക് വർഷം തന്നെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭ്യമാക്കുന്നതിന് പ്രധാന അധ്യാപകരുടെ സത്വര ശ്രദ്ധയുണ്ടാകണം.

## സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം 2019-2020

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണ മത്സരം സംഘടിപ്പിക്കുന്നു. എൽ. പി, യു. പി, ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. സ്കൂൾതല പ്രസംഗ മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ (corporatetly@gmail.com) ചെയ്യേണ്ടതാണ്. ഒരു സ്കൂളിൽ നിന്ന് എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ്. വിഭാഗങ്ങളിലായി രണ്ട് വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാം.രാവിലെ 9.30 മണിക്ക് മത്സരാർത്ഥികൾ സെന്ററിൽ പ്രധാനദ്ധ്യാപകരുടെ സാക്ഷ്യപത്രത്തോടൊപ്പം രജിസ്ട്രേഷൻ നടത്തണം. വൈകിയെത്തുന്നവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ഒരു വിദ്യാർത്ഥിക്ക് പ്രസംഗസമയം 5 മിനിറ്റായിരിക്കും അനുവദിക്കുന്നത്. 4 മിനിറ്റാകുമ്പോൾ വാണിംഗ്ബെൽ ഉണ്ടാകും. സ്കൂൾ തലത്തിൽ പ്രസംഗമത്സരം നടത്തി വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കണം. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും എല്ലാ സ്കൂളുകളിൽ നിന്നും പങ്കാളിത്തം ഉറപ്പു വരുത്താനും അദ്ധ്യാപകർ ശ്രദ്ധിക്കണം. കോർപ്പറേറ്റ് തലത്തിൽ നടത്തുന്ന പ്രസംഗ മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫോട്ടോ റിസൽട്ട് അറിഞ്ഞ ഉടൻ ഇ-മെയിൽ ചെയ്യണം. രാവിലെ 10 മണിക്ക് റീജൻ തലത്തിലാണ് സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം സംഘടിപ്പിക്കുന്നത്.

### പ്രസംഗമത്സര വിഷയം

| | | |
|---|---|---|
| എൽ.പി. | : | കുട്ടികളും ജീവിത മൂല്യങ്ങളും |
| യു.പി | : | വിഷരഹിത ആഹാരവും മനുഷ്യന്റെ ആരോഗ്യവും |
| ഹൈസ്കൂൾ/ഹയർസെക്കന്ററി | : | കൃത്രിമ ആഹാരവും മനുഷ്യന്റെ ആരോഗ്യവും |

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# എ.കെ.സി.സി.

*കത്തോലിക്കാ കോൺഗ്രസ് ഓഫീസിൽനിന്നും*
*പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും*
*ഇന്ത്യൻസ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!*

## ജൂലൈ 3 സഭാദിനം

ജൂലൈ 3 സഭാദിനമായി കത്തോലിക്കാ കോൺഗ്രസ് ആചരിച്ചു. സഭാദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം പാടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ദിവ്യബലിയോടെ ആരംഭിച്ച് സന്ദേശം നല്കി കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഡയറക്ടർ റവ. ഫാ. മാത്യു ആശാരിപറമ്പിൽ നിർവ്വഹിച്ചു. പതാക ഉയർത്തി. പൊതുസമ്മേളനത്തിൽ വികാരി ഫാ. അബ്രാഹം വടക്കേമുറി സി.എം.ഐ അദ്ധ്യക്ഷം വഹിച്ചു. അതിരൂപത പ്രസിഡണ്ട് ദേവസ്യ കൊങ്ങോല മുഖ്യപ്രഭാഷണം നടത്തി. ജോസി സെബാസ്റ്റ്യൻ, ജോസ് മുണ്ടുപാലം, തോമസ് ജാതികുളം തുടങ്ങിയവർ പ്രസംഗിച്ചു. തോമസ് നാമധാരികളായവരെയും പഠനത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും യോഗത്തിൽ ആദരിച്ചു.

## ഫൊറോന ഡയറക്ടർമാരുടെ യോഗം

ജൂലൈ 10ന് സന്ദേശഭവനിൽ വച്ച് കത്തോലിക്കാകോൺഗ്രസ് കുടുംബക്കൂട്ടായ്മ എന്നിവയുടെ ഫൊറോന ഡയറക്ടർമാർ സംഘടനകളുടെ അതിരൂപതാ ഭാരവാഹികൾ, ഫൊറോനപ്രസിഡണ്ടുമാർ എന്നിവരുടെ സംയുക്ത യോഗം നടന്നു. ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട്, യോഗം ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മയും കത്തോലിക്കാ കോൺഗ്രസ്സും സഭയുടെയും സമുദായത്തിന്റെയും കൂട്ടായ വളർച്ചയ്ക്ക് പ്രവർത്തിക്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഇന്ന് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് സമുദായസംഘടനയായ കത്തോലിക്കാകോൺഗ്രസ് നേതൃത്വം നല്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ്, കുടുംബക്കൂട്ടായ്മ അതിരൂപത ഡയറക്ടർ റവ. ഫാ. മാത്യു ആശാരിപറമ്പിൽ വിഷയാവതരണം നടത്തി. പള്ളികളോട് ചേർന്ന് 1. ജനസേവ കേന്ദ്രങ്ങൾ (Help line) ആരംഭിക്കുക - സർക്കാർ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിഭവൻ, വില്ലേജ് തുടങ്ങിയവയിൽനിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കൽ. 2. മാസചന്തകൾ - പ്രധാന കേന്ദ്രങ്ങളിലും ഇടവകകളിലും ചന്തകൾ ആരംഭിക്കുക. 3. യൂണിറ്റുകളിൽ ലഘു സമ്പാദ്യപദ്ധതികൾ ആരംഭിക്കുക. 4. സഹകരണസംഘം രൂപീകരിക്കുക. 5. ദരിദ്രമുക്ത ഇടവക (Zero Poverty) എന്ന ചിന്ത പ്രവർത്തനപഥത്തിലെത്തിക്കുക. 6. ഇന്ന് ജനങ്ങൾ അഭിമുഖീകരിക്കുന്ന വന്യമൃഗങ്ങളുടെ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

B.Tech, M.Tech, MBA **അഡ്മിഷൻ**

2019-20 വർഷത്തെ B.Tech, M.Tech, MBA അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരിക.

**വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ :**

**B.Tech**

1. Applied Electronics & Instrumentation
2. Civil Engineering
3. Computer Science & Engineering
4. Electrical & Electronics Engineering
5. Electronics & Communication Engineering
6. Mechanical Engineering

**M.Tech**

1. Control & Instrumentation
2. Stuctural Engineering & Construction Management

ആക്രമണത്തിനെതിരെ ശക്തമായ ജനകീയപ്രക്ഷോഭം സംഘടിപ്പിക്കുക. ജനജീവിതം ദുഃസ്സഹമാക്കുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കുക, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയുക, കാർഷികവിളകൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി അതിരൂപതാതലത്തിൽ സമരപടിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡണ്ട് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. കുടുംബക്കൂട്ടായ്മ അതിരൂപതാ പ്രസിഡണ്ട് ഡോ.എം.ജെ. മാത്യു, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ബേബി നെട്ടനാനി, സിസ്റ്റർ മെർലിൻ എസ്.എച്ച് തുടങ്ങിയവർ പ്രസംഗിച്ചു.

## അതിരൂപതാ ഭാരവാഹികളുടെ യോഗം

അതിരൂപതാ ഭാരവാഹികളുടെ യോഗം ആഗസ്റ്റ് മാസം 12ന് രാവിലെ 10.30ന് സന്ദേശഭവനിൽ ചേരുന്നതാണ്. പരസ്പരസഹായനിധിയുടെ ആഗസ്റ്റ് മാസത്തെ ജനറൽബോഡി യോഗം അന്നേദിവസം 12.30ന് ഓഫീസിൽ.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

3. Computer Science & Engineering
4. Power Electronics
5. Communication Engineering & Signal Processing
6. Thermal Engineering
**Ph.D**

**B.Tech Honours -** NBA അക്രഡിറ്റേഷൻ ലഭിച്ചതിനാൽ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് B.Tech Honours ന് ചേരാൻ അനുമതി എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU) നിന്ന് ലഭിച്ചു എന്ന വിവരം അഭിമാനപൂർവ്വം അറിയിക്കുന്നു. അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 9846423448, 0460 2213399, 2212240.

## ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റ്

ജൂലൈ 16 മുതൽ 21 വരെ എൻജിനീയറിംഗ് എജൂക്കേഷൻ എന്ന വിഷയത്തിൽ എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർക്കായി ഹ്രസ്വകാല ട്രെയിനിംഗ് പ്രോഗ്രാം നടത്തി. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജി.പി. പത്മകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. സീമൻസ്, സി-ഡാക്, നാഷണൽ ഇൻസ്ട്രുമെന്റ്സ് എന്നിവിടങ്ങളിൽ നിന്നും എൻ.ഐ.റ്റി.കളിൽ നിന്നുമെത്തിയ പ്രഗത്ഭർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

## കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ്

കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ചെന്നൈയിലെ ജെ.ഡി.ആർ.പി കമ്പനിയുമായി സഹകരിച്ച് 5 ദിവസത്തെ മൈക്രോ കൺട്രോളർ പ്രോഗ്രാമിങ്ങിന്റെ ട്രെയിനിംഗ് നടത്തി.

## ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ്

ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 24 മുതൽ 28 വരെ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സാങ്കേതിക അഭിരുചി വർദ്ധിപ്പിക്കുന്നതിനായി ക്യാമ്പ് നടത്തി.

ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ അവസാന വർഷ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത ട്രെയിനിംഗ് ജൂൺ 24 മുതൽ 28 വരെ സംഘടിപ്പിച്ചു.

## ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ്

IEDC യുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാർക്കറ്റിംഗിൽ സൗജന്യ പരിശീലനം ജൂലൈ 20ന് നടത്തി.

## മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റ്

- വിമൽജ്യോതിയിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാനോ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളെകുറിച്ച് എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർക്കായി ജൂൺ 19 മുതൽ 23 വരെ അദ്ധ്യാപക പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർ പങ്കെടുത്തു.
- ജൂൺ 24 മുതൽ 28 വരെ നീണ്ടു നിന്ന CATIA സോഫ്റ്റ്വെയർ പരിശീലനം മെക്കാനിക്കൽ വിഭാഗം വിദ്യാത്ഥികൾക്കു ജോലി സാധ്യതകൾക്ക് വഴി തെളിച്ചു.
- ജൂലൈ 2 മുതൽ 6 വരെ നടന്ന CNC LATHE പരിശീലനം വിദ്യാത്ഥികൾക്ക് പുതിയ ജോലി സാധ്യതകളിലേക്കു വെളിച്ചം വീശുന്ന ഒന്നായിരുന്നു.
- മെക്കാനിക്കൽ വിഭാഗം ജൂൺ 24 മുതൽ 28 വരെ നവാഗതർക്കായി സങ്കടിപ്പിച്ച 'ബൂട്ട് ക്യാമ്പിൽ എൻജിനീയറിംഗ് മേഖലകളിലേക്കുള്ള ബോധവത്കരണവും തൊഴിൽ മേഖലകളും വിഷയത്തിൽ നടന്ന ക്ലാസുകൾ വളരെ അധികം ശ്രദ്ധ പിടിച്ചുപറ്റി.
- മെക്കാനിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന രാജ്യാന്തര സെമിനാർ സുൽത്താനേറ്റ് ഓഫ് ഒമാനിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ ഡോ. മുഹമ്മദ് അൽ സൈദി ഉദ്ഘാടനം ചെയ്തു. ജൂലൈ 11, 12 തീയതികളിൽ നടന്ന സെമിനാറിൽ ഉന്നത സാങ്കേതിക വിദ്യാഭ്യാസം, ഊർജം, പരിസ്ഥിതി വിഷയങ്ങളിൽ അമ്പതോളം ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽജ്യോതി എം.ബി.എ കോളേജിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.

**Dual specialisation in : Marketing, Finance & HRM - 60**

ഡിഗ്രിക്ക് 50% മാർക്കും എൻട്രൻസിന് യോഗ്യതയുമാണ് അടിസ്ഥാന മാനദണ്ഡങ്ങൾ. അവസാനവർഷ ഡിഗ്രിക്കാർക്കും അപേക്ഷിക്കാവുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 0460 2213399, 2212240, 9400512240

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം
## തലശ്ശേരി സോൺ

### 1. പുതിയ ഡയറക്ടർ

തലശ്ശേരി അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടറായി റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ നിയമിതനായി.

### 2. കെ.സി.സി, ആർ. എസ്.ടി മെമ്പർമാർ

കേരള കത്തോലിക്കാ കരിസ്മാറ്റിക് റിന്യൂവൽ സർവ്വീസ് ടീം അംഗങ്ങളായി സന്തോഷ് തലച്ചിറ, ഷിബു കാസർഗോഡ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. സന്തോഷ് മുൻ എൻ.എസ്.ടി. മെമ്പർ ആയിരുന്നു.

### 3. പന്തക്കുസ്താ ദിനാചരണം

ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽവച്ച് നടന്ന പന്തക്കുസ്താ ദിനാചരണത്തിൽ കെ.സി.സി, ആർ.എസ്.ടി വൈസ് ചെയർമാൻ സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളി വചനപ്രഘോഷണം നടത്തി ഉദ്ഘാടനം ചെയ്തു. സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ വി.ബലിയർപ്പിച്ച് വചനസന്ദേശം നല്കി. യോഗത്തിൽ റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, ശ്രീ. സന്തോഷ് തലച്ചിറ എന്നിവരെ അനുമോദിച്ചു.

### 4. ജപമാല പ്രദക്ഷിണം

ലോകസമാധാനത്തിനുവേണ്ടിയും രാജ്യത്തിനും സഭയ്ക്കുംവേണ്ടി ഇരിട്ടി സെന്റ് ജോസഫ് ദേവാലയത്തിൽനിന്നും കിളിയന്തറ സെന്റ് തോമസ് ദേവാലത്തിലേക്ക് ജപമാല പ്രദക്ഷിണം നടത്തി. ആനിമേറ്റർ റവ. ഫാ. ജോസഫ് മഞ്ചപ്പള്ളി നേതൃത്വം നല്കി. റവ. ഫാ. മാത്യു പോത്തനാമലവി. ബലിയർപ്പിച്ച് വചനസന്ദേശം നല്കി.

### 5. സബ്സോൺ, പ്രാർത്ഥനാ ഗ്രൂപ്പ് പുനഃസംഘടന

ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സബ്സോൺ, പ്രാർത്ഥനാ ഗ്രൂപ്പ് പുനഃസംഘടന നടക്കുന്നു. ജൂലൈ 6,13,20 തീയതികളിൽ പേരാവൂർ, കൂത്തുപറമ്പ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ സബ്സോൺ മീറ്റിംഗുകൾ നടക്കുന്നു. റവ. ഫാ. ജോസ് മഞ്ചപ്പള്ളിൽ, സന്തോഷ് തലച്ചിറ, സെബാസ്റ്റ്യൻ കളപ്പുര, റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ എന്നിവർ ക്ലാസ്സുകൾ എടുക്കുന്നു. പുനഃസംഘടനയ്ക്ക് ഒരുക്കമായി സർവ്വീസ് ടീം അംഗങ്ങൾ പ്രാർത്ഥന ഗ്രൂപ്പ് സന്ദർശിച്ച് പുനഃസംഘടനയ്ക്ക് ഒരുക്കുന്നു.

### 6. ജാഗരണപ്രാർത്ഥന

എല്ലാ മൂന്നാം വെള്ളിയാഴ്ചയും സെഹിയോൻ പ്രാർത്ഥനാലയത്തിൽവച്ച് ജാഗരണപ്രാർത്ഥന നടക്കുന്നു. റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ നേതൃത്വം നല്കുന്നു.

# നിർമ്മലഗിരി വാർത്തകൾ

### 1. അന്താരാഷ്ട്ര യോഗാദിനം

ജൂൺ 21-ന് നിർമ്മലഗിരി കോളേജിൽ യോഗാദിനം ആചരിച്ചു. കോളേജ് എൻ.സി.സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. യോഗാചാര്യ ശ്രീമതി സ്വാന്തനാ ക്ലാസുകൾക്ക് നേതൃത്വം നൽകി. യോഗ പരിശീലനത്തിന്റെ അടിസ്ഥാന വസ്തുതകളെക്കുറിച്ചും, ശ്വസനനിയന്ത്രണ പരിശീലനങ്ങളെപ്പറ്റിയും ചർച്ച ചെയ്യുക ഉണ്ടായി. Lt.Dr.T.K.Sebastian (ANS,SD), Dr.Siji Mathew (SW,ANO) എന്നിവർ പ്രോഗ്രാം കോർഡിനേറ്റ് ചെയ്തു.

### 2. അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം

ജൂൺ 26-ന് കോളേജിൽ ലഹരിവിരുദ്ധദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കെ.വി. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ആരംഭം കലാലയങ്ങളിൽ നിന്നുതന്നെ ആകണമെന്ന് പ്രിൻസിപ്പൽ ആഹ്വാനം ചെയ്തു.

### 3. കോളേജ് മെറിറ്റ് ഡേ

ജൂൺ 27-ന് കണ്ണൂർ സർവകലാശാല ബിരുദ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി മെറിറ്റ് ഡേ സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിലായി റാങ്കുകളും, എ ഗ്രേഡുകളും നേടിയ വിദ്യാർത്ഥികൾക്ക് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ചെയർമാൻ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് സമ്മാനങ്ങൾ വിതരണം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ.ഔസേപ്പച്ചൻ കെ.വി., വൈസ് പ്രിൻസിപ്പൽ ഫാദർ ജോബി ജേക്കബ്, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി ശ്രീ. ജോസഫ് പോൾ, കോളേജ് പി.ടി.എ. വൈസ് പ്രസിഡന്റ് ശ്രീ. ജോർജ് കാനാട്ട് എന്നിവർ വിദ്യാർത്ഥികളെ അനുമോദിച്ചു.

---

### 7. മിനിസ്ട്രി പുനഃസംഘടന

7 മിനിസ്ട്രികളുടെയും (മദ്ധ്യസ്ഥ പ്രാർത്ഥന, പാരീഷ്, ലോർഡ്സ് കപ്പിൾസ്, കെറിഗ്മ, ക്രിസ്റ്റീൻ, തൂവാനീസ, മരിയൻ സിംഗിൾസ്) രണ്ടു കൗൺസിലിന്റെയും (ജീവജ്വാല, ഫിനാൻസ്) പുനഃസംഘടന ഓഗസ്റ്റിൽ നടക്കുന്നു. അതിനായി എം.എ.സി (മിനിസ്ട്രി അഡ്വൈസറി കൗൺസിൽ) തിരഞ്ഞെടുത്തു.

**ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ**
ഡയറക്ടർ

**അപ്പച്ചൻ ചക്കിട്ടമുറിയിൽ**
പ്രസിഡണ്ട്

**4. റിസർച്ച് ലാബ് സന്ദർശനം**

കേരള ടെക്നിക്കൽയൂണിവേഴ്സിറ്റിയുടെ സഹായത്തോടെ വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സംഘടിപ്പിച്ച ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകർ നിർമ്മലഗിരി കോളേജ് കെമിസ്ട്രി, ഫിസിക്സ് റിസർച്ച് ലാബുകൾ സന്ദർശിച്ചു.

**5. ഒന്നാം സ്ഥാനം നേടി**

വനമഹോത്സവത്തോട് അനുബന്ധിച്ച് ആറളം വന്യജീവി സങ്കേതത്തിൽ വച്ച് കോളേജ് വിദ്യാർത്ഥികൾക്കായി നടന്ന Power Point Presentation മത്സരത്തിൽ നിർമ്മലഗിരി കോളേജ് സുവോളജി വിഭാഗത്തിലെ ഇ.ടി.ശരത്ത് ഒന്നാം സ്ഥാനം നേടി.

**6. ഏകദിന ശില്പശാല**

നിർമലഗിരി കോളേജ് കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജി.എസ്.ടി., ഇൻകം ടാക്സ് എന്നിവയുടെ പ്രായോഗിക വശങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ശില്പശാല ജൂലൈ 16-ന് സംഘടിപ്പിച്ചു. വകുപ്പ് കോർഡിനേറ്റർ ഫാ. മാർട്ടിൻ ജോസഫിന്റെ അധ്യക്ഷതയിൽ കോളേജ് പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം നിർവ്വഹിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റും പ്രമുഖ ട്രെയിനറുമായ **CATARUN JAGADISH** ക്ലാസുകൾ നയിച്ചു. 14 കോളേജുകളിൽ നിന്നായി 14 അധ്യാപകരും 186 ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളുമാണ് ശില്പശാലയിൽ പങ്കെടുത്തത്. പ്രോഗ്രാം കോർഡിനേറ്റർ ശ്രീ.റോഷിൻ തോമസ്, IQAC കോർഡിനേറ്റർ ഡോ.സാബു സെബാസ്റ്റ്യൻ, ശ്രീ. കമില്ലോ ജോസഫ് എന്നിവർ സംസാരിച്ചു.

**7. പ്രിയ വിദ്യാർത്ഥിക്ക് യാത്രാമൊഴി**

നിർമ്മലഗിരി കോളേജ് രണ്ടാംവർഷ ഇക്കണോമിക്സ് വിദ്യാർത്ഥി പി. അഭിഷേക് വാഹനാപകടത്തിൽ മരിച്ചു. എറണാകുളം അമൃത ആസ്പത്രിയിൽ അതിതീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന അഭിഷേക് ജൂലൈ 16-ന് രാവിലെയാണ് മരിച്ചത്. വിദ്യാർത്ഥിയുടെ ഭൗതികശരീരം 17-ന് രാവിലെ 9.30-ന് കോളേജിൽ പൊതുദർശനത്തിനു വച്ചു. കോളേജ് രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട്, കോളേജ് പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കെ.വി., പി.ടി.എ. വൈസ് പ്രസിഡന്റ് ശ്രീ. ജോർജ് കാനാട്ട്, അലൂമിനി അസോസിയേഷൻ പ്രസിഡന്റ് ശ്രീ.മമ്പറം ദിവാകരൻ, കോളേജ് വൈസ് പ്രിൻപ്പൽ ഫാദർ ജോബി ജേക്കബ്, റാണി ജയ് സ്കൂൾ പ്രിൻസിപ്പൽ, നിർമലഗിരി കോളേജ് സ്റ്റാഫ് അംഗങ്ങൾ എന്നിവരും വിദ്യാർത്ഥികളും പ്രിയ വിദ്യാർത്ഥിക്ക് അന്ത്യോപചാരം അർപ്പിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



*"സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു: എന്റെ സന്നി ധിയിലേക്കു മടങ്ങിവരുവിൻ. അപ്പോൾ ഞാനും നിങ്ങളുടെ അടു ത്തേക്കു മടങ്ങിവരും." (സഖറിയ 1:3)*

## തലശ്ശേരി സെൻട്രൽ കൗൺസിൽ വാർഷികം

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ 41-ാം വാർഷിക സമ്മേളനം 2019 ജൂലൈ 13-ാം തീയതി തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. രാവിലെ 9.30ന് എ.സി.തല രജിസ്ട്രേഷനുശേഷം 10 മണിക്ക് മോൺ. ജോസഫ് ഒറ്റ പ്ലാക്കൽ ആത്മീയ ഉപദേഷ്ടാവ് ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ കരി ക്കോട്ടക്കരി സെന്റ് തോമസ് ഇടവക വികാരി ഫാ. ആന്റണി പുന്നൂര് എന്നി വരുടെ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയോടെ വാർഷിക സമ്മേളനം ആരംഭിച്ചു. തുടർന്ന് തലശ്ശേരി സി.സി. പ്രസിഡണ്ട് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക സമ്മേളനം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച്‌വിപ്ലവത്തിനുശേഷം കഷ്ടപ്പെട്ടി രുന്ന സഹോദരങ്ങളെ സഹായിക്കുന്നതിനായി ഏഴ് യുവാക്കൾ ചേർന്ന് രൂപീകരിച്ച സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ജാതി-മത വ്യത്യാസമില്ലാതെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ അനുകരണീയ മാതൃകയാണെന്ന് മാർ ജോർജ് ഞറളക്കാട്ട് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പറയുകയുണ്ടായി. അക്രമവും അരാജകത്വവും തീവ്രവാദവും കൊടികുത്തി വാഴുന്ന ആധുനിക കാലഘട്ടത്തിൽ നമ്മുടെ യുവജനങ്ങൾ ഭൗതിക വാദ ത്തിൽപ്പെട്ടു പോകുകയാണെന്ന് അഭിവന്ദ്യപിതാവ് എടുത്തുപറയുകയുണ്ടായി.

തലശ്ശേരി സി.സി.യുടെ സീനിയർ വൈസ് പ്രസിഡണ്ട് ബ്ര. ജോസഫ് കാരികുന്നേൽ സ്വാഗതം ആശംസിക്കുകയും സി.സി.യുടെ ആത്മീയ ഉപ ദേഷ്ടാവ് റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ അനുഗ്രഹപ്രഭാഷണം നട ത്തുകയും തുടർന്ന്, കരിക്കോട്ടക്കരി സെന്റ് തോമസ് ഇടവകവികാരി റവ. ഫാ. ആന്റണി പുന്നൂര്, എടൂർ സെന്റ് മേരീസ് ഇടവക അസി. വികാരി

ഫാ. ജോൺസൺ പുലിയുറുമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. പ്രസ്തുത സമ്മേളനത്തിൽവച്ച് 2018-2019 വർഷത്തിൽ മികച്ച പ്രവർത്തനം നടത്തിയ എടൂർ എ.സി., കരിക്കോട്ടക്കരി സെന്റ് തോമസ് കോൺഫ്രൻസ്, തോമാപുരം, ചെമ്പേരി വനിതാ കോൺഫ്രൻസുകൾക്കും അഭിവന്ദ്യപിതാവ് ട്രോഫികൾ നൽകി ആദരിച്ചു. സംഘടനയിൽ 25 വർഷം പൂർത്തിയാക്കിയ 15 അംഗങ്ങൾക്ക് പിതാവ് മെമന്റോ നല്കി. തുടർന്ന് ഓസാനാം ഫെസ്റ്റിൽ കെ.ആർ.സി.സി. തലത്തിലും തലശ്ശേരി സി.സി. തലത്തിലും സമ്മാനങ്ങൾ കരസ്ഥമാക്കിയവരേയും പിതാവ് ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ഓസാനാം ഫെസ്റ്റിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കിയ വായാട്ടുപറമ്പ് എ.സി.യ്ക്ക് പ്രത്യേക സമ്മാനം നൽകുകയുണ്ടായി.

സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെക്കുറിച്ച് തലശ്ശേരി സി.സി. വനിതാ പ്രതിനിധിയും സൊസൈറ്റിയുടെ ദേശീയ വനിതാ പ്രതിനിധിയുമായ സി. ജോളി സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. തുടർന്ന് ഐ വിഷൻ പ്രോജക്ടിന്റെ കോ-ഓഡിനേറ്ററായ ഷിബു, നേത്രദാന പദ്ധതിയെപ്പറ്റിയുള്ള ക്ലാസിന് നേതൃത്വം നൽകി. തലശ്ശേരി സി.സി.യുടെ ജനറൽ സിക്രട്ടറി ബ്ര. പൗലോസ് പറേടം, വനിതാ പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. ആലക്കോട് എ.സി. പ്രസിഡണ്ട്, ബ്ര. മാത്യു ചിറപ്പുറം നന്ദി രേഖപ്പെടുത്തി. സി.സി. ട്രഷറർ ബ്ര. ജോസ് ഇലഞ്ഞിമണ്ണിൽ, സി.സി. ജോയിന്റ് സിക്രട്ടറി. ബ്ര. ലൂക്കോസ് കണിപ്പള്ളിൽ, സി. ലീലാമ്മ വില്ലന്താനം എന്നിവർ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## പെരുമ്പടവ് എസി-ആദ്ധ്യാത്മിക സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പെരുമ്പടവ് എസിയുടെ 2019-20 വർഷത്തെ ആദ്യ സെമിനാർ 20.07.2019ന് ചെറുപാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽവച്ച് നടത്തുകയുണ്ടായി. രാവിലെ 9.30ന് ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിലിന്റെ കാർമ്മികത്വത്തിൽ വി. ബലിയോടെ, സെമിനാർ ആരംഭിച്ചു. പെരുമ്പടവ് എ.സി. പ്രസിഡണ്ട് ബ്ര. ജോസ് പുതുപ്പള്ളി അദ്ധ്യക്ഷത വഹിച്ച പ്രസ്തുത സെമിനാർ റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത സെമിനാറിൽ, ആത്മീയതയും ഭൗതികതയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ബ്ര. മാത്യു അമ്മിയാനിക്കൽ ക്ലാസ്സ് നയിച്ചു. സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. ചാക്കോ ഞാറ്റുതൊട്ടി സ്വാഗതവും എ.സി. ട്രഷറർ ബ്ര. റാഫേൽ പൈനാടത്ത് നന്ദിയും എ.സി. സിക്രട്ടറി ബ്ര. ജോസ് പുന്നോത്ത് ആശംസയും നേർന്നു.

## റൂബി ജൂബിലി ഭവനവെഞ്ചരിപ്പ്

തലശ്ശേരി സി.സിയുടെ റൂബിജൂബിലി ഭവനപദ്ധതിയുടെ ഭാഗമായി ലിറ്റിൽഫ്ളവർ കോൺഫ്രൻസിന്റെ നേതൃത്വത്തിൽ പണിത ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം 19-06-2019ന് റവ. ഫാ. ആന്റണി തെക്കേമുറിയിൽ നിർവഹിച്ചു. താക്കോൽ സംഘടനയിലെ സീനിയർ അംഗമായ ബ്ര. വർഗ്ഗീസ് പെരുമ്പിൽ ഗുണഭോക്താവായ രാജേഷ് പുതുപ്പറമ്പിന് കൈമാറി. 720 ച. അടി വിസ്തീർണമുള്ള ഭവനത്തിന് നാലുലക്ഷത്തിപതിനായിരം രൂപയോളം ചിലവായി.

## കുന്നോത്ത് എസി-ആദ്ധ്യാത്മിക സെമിനാർ

കുന്നോത്ത് എസിയുടെ 2019-2020 വർഷത്തെ ആദ്യ സെമിനാർ 2019 മെയ് 12-ാം തീയതി അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് ഇടവകയിൽവച്ച് നടത്തപ്പെട്ടു. കരുണക്കൊന്തയോടെ ആരംഭിച്ച സെമിനാറിൽ കുന്നോത്ത് എ.സി. പ്രസിഡണ്ട് ബ്ര. ജോസ് വാണിയക്കിഴക്കേൽ അദ്ധ്യക്ഷത വഹിച്ചു. അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് ഇടവക വികാരി റവ. ഫാ. തോമസ് ആമക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. തലശ്ശേരി സി.സി. പ്രിസഡണ്ട് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ ആശംസയർപ്പിച്ച് സംസാരിച്ചു. ബ്ര. വാവച്ചൻ മമ്പള്ളിക്കുന്നേൽ സ്വാഗതവും ബ്ര. തോമസ് ഓരത്തേൽ നന്ദിയും രേഖപ്പെടുത്തി. സെമിനാറിൽ 70 അംഗങ്ങൾ പങ്കെടുത്തു. സ്നേഹവിരുന്നോടെ സെമിനാർ സമാപിച്ചു.

## നന്ദിയോടെ...

തലശ്ശേരി സി.സിയുടെ 41-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും സംഘടനയ്ക്ക് വേണ്ട പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകി ഞങ്ങളെ ധന്യരാക്കിയ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും പരി. കുർബാനമദ്ധ്യേ സന്ദേശം നൽകിയ മോൺസിഞ്ഞോർ ജോസഫ് ഒറ്റപ്ലാക്കൽ, ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ, വേദിയിൽ സന്നിഹിതരായിരുന്ന ബഹു. ആന്റണി പുന്നൂരച്ചൻ, ബഹു. ജോൺസൺ പുലിയുറുമ്പിൽ അച്ചൻ എന്നിവർക്ക് വിൻസെന്റ് ഡി പോൾ തലശ്ശേരി സി.സി. യുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

വാർഷിക സമ്മേളനം നടത്തുന്നതിനായി സന്ദേശഭവനിൽ എല്ലവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ അച്ചനും സമ്മേളനത്തിനായി വിവിധ എ.സി. കളിൽനിന്ന് എത്തിച്ചേർന്ന് സഹകരിച്ച എല്ലാ കോൺഫ്രൻസ് പ്രതിനിധികൾക്കും എ.സി. പ്രസിഡണ്ടുമാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## ബോധവത്ക്കരണ ക്ലാസ്സ് ചെമ്പന്തൊട്ടിയിൽ

ജൂൺ 22ന് ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി. സ്കൂളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർക്കുവേണ്ടി കുട്ടികളിൽ കണ്ടുവരുന്ന ലഹരി ആസക്തിയെക്കുറിച്ചും സ്വഭാവ വ്യതിയാന കാരണങ്ങളെക്കുറിച്ചും സെമിനാർ നടത്തി. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സുകൾ നയിച്ചു. പിറ്റി.എ പ്രസിഡണ്ട് ഷാജി കുറ്റ്യാത്ത് അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് സി. ജെസി എഫ്.സി.സി ഉദ്ഘാടനം ചെയ്തു. പ്രിൻസ് തോമസ് സ്വാഗതവും ഷിനോ പാറയ്ക്കൽ നന്ദിയും പറഞ്ഞു.

## ലോക ലഹരി വിരുദ്ധ ദിനാചരണം പ്രതീക്ഷയിൽ

ചികിത്സാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട ലോക ലഹരിവിരുദ്ധ ദിനാചരണ സമ്മേളനത്തിൽ സാമൂഹ്യപ്രവർത്തകൻ ജി. ഗോപിനാഥൻ ക്ലാസ്സിന് നേതൃത്വം നല്കി. സി. എത്സീന, മനു, സിബി പി.ജെ എന്നിവർ പ്രസംഗിച്ചു.

## ബോധവൽക്കരണസെമിനാറുകൾ

തലശ്ശേരി ബേസിക് യു.പി. സ്കൂളിൽവച്ച് നടത്തപ്പെട്ട ലഹരിവിരുദ്ധ സെമിനാറിൽ പ്രതീക്ഷാ കൗൺസിലർ സി. ഷാന്റി എസ്.കെ.ഡി, ക്ലാസ്സെടുത്തു.

എരഞ്ഞോളി ഗവൺമെന്റ് യു.പി. സ്കൂളിൽ ജൂലൈ 4ന് നടത്തപ്പെട്ട ലഹരിവിരുദ്ധ ക്ലാസ്സിന് സി. ഷാന്റി എസ്.കെ.ഡി, നേതൃത്വം നല്കി. ഫാ. ജോൺസൺ അന്ത്യാംകുളം സെമിനാർ ഉദ്ഘാടനം ചെയ്തു.

## ലഹരി വിമുക്തരുടെ മാസസമ്മേളനം

പ്രതീക്ഷ ചികിത്സാകേന്ദ്രത്തിൽവച്ച് എല്ലാ മാസാദ്യ ഞായറാഴ്ചകളിലും നടത്തപ്പെടുന്ന എ.എ. സംഗമം ജൂലൈ 7ന് നടത്തപ്പെട്ടു. യോഗത്തിൽ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. ജി. ഗോപിനാഥൻ മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. സി. ഗ്രേസ്‌ലിൻ എസ്. എ.ബി.എസ് ക്ലാസ്സെടുത്തു. ടി. സി. തോമസ്, മനു, ഇ.വി. നാരായണൻ, സി. എത്സീന, സി. ഷാന്റി, സി. തെരേസ് എന്നിവർ പ്രസംഗിക്കുകയും ഗ്രൂപ്പ് കൗൺസിലിംഗിന് നേതൃത്വം നല്കുകയും ചെയ്തു.

## ബോധവത്ക്കരണ പരിപാടികൾ വായാട്ടുപറമ്പ് ഇടവകയിൽ

ജൂലൈ 14ന് വായാട്ടുപറമ്പ ഇടവകയിലെ മുതിർന്നവർക്കുവേണ്ടി ലഹരി ജീവിതത്തിന്റെ ആത്മീയ അപകടത്തെക്കുറിച്ച് ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. തുടർന്ന് സൺഡേ സ്കൂൾ കുട്ടികൾക്കു

വേണ്ടി സെമിനാറും നടത്തപ്പെട്ടു. ലഹരിവിരുദ്ധ പരിപാടികൾക്ക് ഫാ. കുര്യാക്കോസ് കളരിക്കൽ സ്വാഗതവും ജോർജ് അർത്തനാക്കുന്നേൽ നന്ദിയും പറഞ്ഞു.

## നെല്ലിക്കാംപൊയിൽ ഫൊറോന ദേവാലയത്തിൽ

ജൂലൈ 21ന് ഇടവകദൈവാലയത്തിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക്വേണ്ടി ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സിന് ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നൽകി. ഫാ. ജോസഫ് ആനിത്താനം, ഫാ. ഏലിയാസ് എടൂക്കുന്നേൽ, ചാക്കോച്ചൻ കാരാമയിൽ എന്നിവർ പ്രസംഗിച്ചു.

## അറിയിപ്പ്

നമ്മുടെ പള്ളികളിൽ മുതിർന്നവർക്കും വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും ലഹരി, മയക്കുമരുന്ന് എന്നിവയുടെ ശാരീരികവും മാനസികവും ആത്മീയവുമായ അപകടങ്ങളെക്കുറിച്ച് സെമിനാറോ ക്ലാസ്സോ നല്കുന്നതിന് പ്രതീക്ഷാ സ്റ്റാഫ് തയ്യാറാണ്.

ആദരവുകളോടെ,

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ലഹരി വിരുദ്ധവാരാചരണം

ലോകലഹരി വിരുദ്ധ വാരാചരണമായി കെ.സി.ബി.സി, മദ്യവിരുദ്ധസമിതി, എ.ഡി.എസ്.യു, പ്രതീക്ഷാ, മുക്തിശ്രീ എന്നീ ലഹരി വിരുദ്ധ പ്രസ്ഥാനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ 23 മുതൽ 30 വരെ വിവിധ കേന്ദ്രങ്ങളിൽവച്ച് കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കപ്പെട്ടു.

## വാരാചരണ ഉദ്ഘാടനം തളിപ്പറമ്പ് ഫൊറോന ദേവാലയത്തിൽ

രാവിലെ വിശുദ്ധ കുർബാനയോടനുബന്ധമായി ദേവാലയത്തിൽവച്ച് റവ. ഫാ. അബ്രാഹം പോണാട്ട് തിരിതെളിച്ച് ലഹരി വിരുദ്ധ വാരാചരണം ഉദ്ഘാടനം ചെയ്തു. തുടർന്ന് സൺഡേ സ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള സെമിനാർ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ, ഫാ. ജിൻസ് പ്ലാവ്നിൽക്കുംപറമ്പിൽ, മാത്യു എം.കണ്ടത്തിൽ, ഐ.സി. മേരി, മേരിക്കുട്ടി തോമസ്, കരോളിൻ, ആന്റണി, ലൂക്കോസ് പള്ളിത്തറ, പ്രൊ. എം.ജി മേരി, ആനി റോബർട്ട് എന്നിവർ പ്രസംഗിച്ചു. ഷീബ തെക്കേടത്ത് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## ചെമ്പന്തൊട്ടി മേഖലാ കൗൺസിൽ

ജൂൺ 24-ന് ചെമ്പന്തൊട്ടി മേഖലാതല കൗൺസിലിൽ വിവിധ ഇടവകകളിൽനിന്നായി കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും ഭാരവാഹികൾ സംബന്ധിച്ചു. കൗൺസിലിൽ ഫാ. സന്തോഷ് ചാരത്തൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പള്ളി വികാരി ഫാ. ജോസ് മാണിക്കത്താഴെ സമ്മേളനം ഉദ്ഘാടനം ചെയ്തു. സണ്ണി പായിക്കാട്ട്, സി. ഗ്രാസിയ എഫ്.സി.സി എന്നിവർ ആശംസകളർപ്പിച്ചു. ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം ചർച്ചകൾക്ക് നേതൃത്വം നൽകി. സഞ്ജൻ പുന്നയ്ക്കൽ സ്വാഗതവും ഷിനോ പാറയ്ക്കൽ നന്ദിയും പറഞ്ഞു.

## വാരാചരണ സമാപനം

കണ്ണൂർ മേലെചൊവ്വ സെന്റ് ഫ്രാൻസിസ് ഇടവകയിൽവച്ച് വാരാചരണ സമാപനസമ്മേളനം നടത്തപ്പെട്ടു. അസോ. ഡയറക്ടർ ഫാ. ചാക്കോ കുടിപറമ്പിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. ഫാ. പോൾ കൈനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുക്തിശ്രീ അതിരൂപതാ കോ.ഓഡിനേറ്റർ സി. നോബിൾ

എഫ്.സി.സി, ജോസഫ് ചേരപ്പടി എന്നിവർ ആശംസകളർപ്പിച്ചു. മുക്തിശ്രീ വൈസ് പ്രസിഡണ്ട് ഐ.സി. മേരി നന്ദി പറഞ്ഞു.

## വാരാചരണ സമാപനം വിളക്കന്നൂർ

വിളക്കന്നൂര്‍വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യക്ഷത വഹിക്കുകയും ലഹരി വിരുദ്ധ സെമിനാർ നയിക്കുകയും ചെയ്തു. ഫാ. മാത്യു വേങ്ങക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുക്തിശ്രീ അതിരൂപതാ വൈസ് പ്രസിഡണ്ട് ഷീബ തെക്കേടത്ത്, മാത്യു എം.കണ്ടത്തിൽ, ജോസ് കൊറ്റനെല്ലൂർ, ജെസ്സി മുതിരക്കാലായിൽ, ടോമി കണിവേലിൽ, സി. ലിസ്സി എസ്.എച്ച് എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി അതിരൂപതാ ജനറൽ സെക്രട്ടറി സണ്ണി പായിക്കാട്ട് സ്വാഗതവും ജോയി പെരുകിൽ നന്ദിയും പറഞ്ഞു.

## ബോധവത്ക്കരണ സെമിനാർ പൈസക്കരി ഫൊറോന ദൈവാലയത്തിൽ

മുതിർന്നവർക്ക്വേണ്ടി വി. കുർബാനയർപ്പിക്കുകയും സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി സെമിനാർ നടത്തുകയും ചെയ്തു. തുടർന്ന് ചെറുപുഷ്പ മിഷൻലീഗിന്റെയും സൺഡേ സ്കൂളിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സെമിനാർ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. ബെന്നി തെരുവത്ത്, സി. റോസ്ന ഫ്രാൻസിസ് എസ്.എച്ച്, ജിന്റോ പാലക്കാത്തടത്തിൽ, എം.പോൾ കണ്ടത്തിൽ എന്നിവർ ആശംസകളർപ്പിച്ചു.

## എ.ഡി.എസ്.യു അധ്യാപക ആനിമേറ്റർമാരുടെ ശില്പശാല

ജൂലൈ 19ന് സന്ദേശഭവനിൽവച്ച് നടത്തപ്പെട്ട ശില്പശാലയിൽ നൂറോളംപേർ പങ്കെടുത്തു. അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു. ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ പി.കെ സുരേഷ് ശില്പശാല ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനമാർഗ്ഗരേഖയുടെ പ്രകാശനം എ.ഡി.എസ്.യുവിന്റെ ജൂണിയർ ഭാരവാഹികൾക്ക് നല്കി നിർവ്വഹിക്കുകയും ചെയ്തു. ചടങ്ങിൽ റവ. ഡോ. ഫിലിപ്പ് കവിയിൽ, ഫാ. ചാക്കോ കുടിപ്പറമ്പിൽ, മെറിൻ ഇഗ്നേഷ്യസ്, അഡ്വ. മനോജ് എം.കണ്ടത്തിൽ, ജോഷി പാരിക്കാപ്പള്ളിൽ, മഞ്ജുഷ കുര്യൻ എന്നിവർ പ്രസംഗിച്ചു. ശില്പശാലയിൽ ഫാ. അന്ത്യാംകുളം ആധുനിക ലഹരിലോകവും വിദ്യാർത്ഥികളും എന്ന വിഷയത്തെ അധികരിച്ച് അധ്യാപകരോട് സംവദിച്ചു. തുടർന്നുള്ള ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നല്കി. ആൽബിൻ മണ്ടുംപാല സ്വാഗതവും എബിൻ കുര്യൻ നന്ദിയും പറഞ്ഞു.

## എ.ഡി.എസ്.യു എക്സിക്യൂട്ടീവ്

19-ാം തീയതി അതിരൂപതാ കേന്ദ്രകാര്യാലയത്തിൽവച്ച് എ.ഡി.എസ്.യു വിന്റെ എക്സിക്യൂട്ടീവ് നടത്തപ്പെട്ടു. ഭാവി പരിപാടികളെക്കുറിച്ച് ആസൂത്രണം ചെയ്യപ്പെട്ടു.

എ.ഡി.എസ്.യുവിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുകയും സഹകരിക്കുകയും ചെയ്ത എല്ലാ സ്കൂൾ മാനേജർമാരെയും, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ, ആനിമേറ്റർമാരെയും അഭിനന്ദിക്കുകയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്യുന്നു.

## യൂണിറ്റ് തല സെമിനാർ

ചെമ്പന്തൊട്ടിയിൽ സെന്റ് ജോർജ് ഹൈസ്കൂളിൽ ജൂൺ 24-ന് ഹൈസ്കൂൾ കുട്ടികൾക്ക് മുഴുവനായി സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ തോമസ് വി.എം. അധ്യക്ഷത വഹിച്ചു. സോയി ജോസഫ് (ഹെഡ്മാസ്റ്റർ) ഉദ്ഘാടനം ചെയ്തു. എഡിഎസ് യു ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സുകൾ നയിച്ചു. അനന്യ ആർ.കെ. പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മുക്തിശ്രീയുടെ ട്രഷറർ ഷിനോ പാറയ്ക്കൽ ആശംസകളർപ്പിച്ചു. മിനി കുരുവിള സ്വാഗതവും ദിയ രാജേഷ് നന്ദിയും പറഞ്ഞു.

## ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി.സ്കൂൾ

ലഹരിവിരുദ്ധ ദിനാചരണഭാഗമായി നടത്തപ്പെട്ട സെമിനാറിൽ ഷാജി കുറ്റിയാത്ത് അധ്യക്ഷത വഹിച്ചു. സി. ജെസിക്കുട്ടി ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. ബോധവത്ക്കരണ ക്ലാസ്സ് ഫാ. ജോൺസൺ അന്ത്യാംകുളം നയിച്ചു. ഷിനോ പാറയ്ക്കൽ ആശംസകളർപ്പിച്ചു. ജോൺ സെബാസ്റ്റ്യൻ പ്രതിജ്ഞ ചൊല്ലികൊടുത്തു. അലൻ സിബി നന്ദിയർപ്പിച്ചു.

## എ.ഡി.എസ്.യു സ്കൂൾ സന്ദർസനം

2018-2019 വർഷത്തിലെ മികച്ച സ്കൂളുകളെ കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട എടൂർ, അങ്ങാടിക്കടവ്, തോമാപുരം എന്നീ ഹയർസെക്കന്ററി സ്കൂളുകളിൽ ഫാ. ജോൺസൺ അന്ത്യാംകുളവും മാത്യു എം. കണ്ടത്തിൽ സാറും റെക്കോഡുകളുടെ പരിശോധനാർത്ഥം സന്ദർശനം നടത്തി.

## സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ

സാൻ ജോസ് സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടി ലഹരിവിരുദ്ധ സമ്മേളനത്തിൽ അതിരൂപതാ മുൻ ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം അധ്യക്ഷത വഹിച്ചു. കെ.വി. ഉമേഷ് (സബ് ഇൻസ്പെക്ടർ) ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. മനോജ് ഒറ്റപ്ലാക്കൽ, പ്രിൻസി

പ്പാൾ സി. ഷീജ ഫെർണാണ്ടസ് എന്നിവർ ആശംസകളർപ്പിച്ചു. ലഹരി വിരുദ്ധ ക്ലാസ്സിന് ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നല്കി. സമ്മേളനത്തിന്റെ ഭാഗമായി 'ജീവിതലഹരി' എന്ന കൈയ്യെഴുത്തു മാസികയുടെ പ്രകാശനവും നിർവ്വഹിക്കപ്പെട്ടു. ഷിബു ഫിലിപ്പ് സ്വാഗതവും ഫാത്തിമ സൻഹ നന്ദിയും പറഞ്ഞു. സി. ലൂസീനാ എസ്.എച്ച്, സ്കൂൾ അധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ലോകലഹരിവിരുദ്ധദിനം: അതിരൂപതാ ഉദ്ഘാടനം ചെമ്പേരിയിൽ വച്ച്

ചെമ്പേരി മദർ തെരേസാ ഓഡിറ്റോറിയത്തിൽവച്ച് യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തികൊണ്ട് ചെമ്പേരി റീജിയൻതലത്തിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേളനഭാഗമായി ഫാ. ജോൺസൺ അന്ത്യാംകുളം സെമിനാർ നയിച്ചു. സാന്ദ്ര എലിസബത്ത് ആശംസയർപ്പിച്ചു. ജോബിറ്റ് ജോസഫ് പ്രതിജ്ഞ ചൊല്ലികൊടുത്തു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീയുടെ അതിരൂപതാ ഭാരവാഹികളായ ഷീബ തെക്കേടത്ത്, ഷിനോ പാറയ്ക്കൽ, മാർഗരറ്റ് ചാമക്കാലായിൽ, ഷെൻസി കാവനാടിയിൽ, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, സി. ലൂസിനാ എസ്.എച്ച്. എന്നിവർ നേതൃത്വം നല്കി. കെ.വി. സെബാസ്റ്റ്യൻ സ്വാഗതവും മാത്യു ജോസഫ് സാർ നന്ദിയും പറഞ്ഞു.

## ആലക്കോട് റീജിയൺ

ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽവച്ച് നടത്തപ്പെട്ട ആലക്കോട് റീജിയൻതല ലഹരിവിരുദ്ധ ദിനാചരണത്തിൽ മേഖലാ ഡയറക്ടർ ഫാ. ജോർജ് കാരിക്കാത്തടം അദ്ധ്യക്ഷത വഹിച്ചു. ഫാ. ആന്റണി ആനക്കല്ലിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് മാർഗരറ്റ് മാത്യു ചാമക്കാലായിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ട്രഷറർ വിൻസെന്റ് മുണ്ടാട്ട് ചുണ്ടയിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിസ്റ്റർ പി.ജെ ഷേർളി, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, സണ്ണി കൊക്കാവള്ളി, ജോസ് ചാരശ്ശേരിൽ എന്നിവർ ആശംസകളർപ്പിച്ചു. സി.സി. അബ്രാഹം മാരിപുറം സ്വാഗതവും ലിസി ദേവസ്യാ നന്ദിയും പറഞ്ഞു.

## കുന്നോത്ത്

കുന്നോത്ത് സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽവച്ച് നടത്തപ്പെട്ട ലോകലഹരിവിരുദ്ധ ദിനാചരണത്തിൽ സ്കൂൾ മാനേജർ റവ. ഫാ. അഗസ്റ്റ്യൻ പാണ്ടിയാംമാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹയർ സെക്കന്ററി പ്രിൻസിപ്പാൾ തോമസ് സാർ, ഇരിട്ടി ബോക്ക് പഞ്ചായത്ത്

മെമ്പർ അജിത ജാനിക്കാൻ, പായം പഞ്ചായത്ത് മെമ്പർ ജാൻസി തോമസ്, ഫാ. കുര്യാക്കോസ് അറയ്ക്കൽ, കെ.സി.ബി.സി. അതിരൂപതാ ജനറൽ സെക്രട്ടറി ആന്റണി മേൽവെട്ടം എന്നിവർ ആശംസകളർപ്പിച്ചു. മുക്തിശ്രീ അതിരൂപതാ വൈസ് പ്രസിഡണ്ട് മേരി ആലക്കാമറ്റത്തിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ തോമസ് എപ്രേം സ്വാഗതവും എ.ഡി.എസ്.യു അതിരൂപതാ സെക്രട്ടറി എബിൻ കുര്യൻ നന്ദിയും പറഞ്ഞു.

## ബോധവത്ക്കരണ സെമിനാർ മേരിഗിരി ഹൈസ്ക്കൂളിൽ

ഹൈസ്ക്കൂൾ കുട്ടികൾക്കുവേണ്ടി നടത്തപ്പെട്ട ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറിൽ ഫൊറോനപള്ളി വികാരി ഫാ. മാത്യു മണിമലത്തറപ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം സെമിനാർ നയിച്ചു. ഹെഡ്മിസ്ട്രസ്സ് മേരിക്കുട്ടി സ്വാഗതവും സി. റെജീന എഫ്.സി.സി. നന്ദിയും പറഞ്ഞു. ജോസ് ചാരശ്ശേരി, സി. റോസ് പ്രഭ എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

## പുതിയ യൂണിറ്റ് സ്ഥാപനം ചിറ്റാരിക്കാലിൽ

28-ാം തീയതി ചിറ്റാരിക്കാൽ സെന്റ് മേരീസ് ഹൈസ്ക്കൂളിൽ ലഹരിവിരുദ്ധ ക്ലാസ്സും എ.ഡി.എസ്.യു വിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. യൂണിറ്റ് ഉദ്ഘാടനത്തിനു മുമ്പായി ലഹരിയുടെ ചതിക്കുഴികളെക്കുറിച്ച് ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സ് എടുത്തു. സംഘടനയെ പരിചയപ്പെടുത്തുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. യൂണിറ്റ് സ്ഥാപന സമ്മേളനത്തിൽ സി. ആനീസ് പി.ജെ അദ്ധ്യ7ത വഹിച്ചു. ഭാവാഹികൾക്ക് ബാഡ്ജും പതാകയും നൽകിക്കൊണ്ട് ഫാ. ജോൺസൺ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. സുരേഷ് പുതുകുളങ്ങര അനുഗ്രഹപ്രഭാഷണം നിർവ്വഹിച്ചു. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോണി കൊന്നയിൽ, ജെസ്സി ജോർജ്ജ്, നിതാ ജോസ്, ശോഭ കെ.വി എന്നിവർ ആശംസകളർപ്പിച്ചു. ആനന്ദ്, ഇ.സുരേഷ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സമ്മേളനത്തിൽ ജോയിസ് പി.ജി സ്വാഗതവും സി. ബീന വർഗ്ഗീസ് നന്ദിയും പറഞ്ഞു.

## ചെറുപുഴ സെന്റ് ജോസഫ് സ്കൂളിൽ എ.ഡി.എസ്.യു സ്ഥാപനം

മലങ്കരസഭയിൽ ബഥനി സിസ്റ്റർമാരുടെ നേതൃത്വത്തിൽ ചെറുപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ എ.ഡി.എസ്.യു ആരംഭിച്ചു. സ്ഥാപന സമ്മേളനത്തിന് മുമ്പായി കുട്ടികളിലെ ലഹരി ആസക്തികളെയും എ.ഡി.എസ്.യുവിനെക്കുറിച്ചും ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. തുടർന്ന് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിൽ എം.വി. ശശി അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഭാരവാഹികൾക്ക് പതാകയും ബാഡ്ജും കൈമാറിക്കൊണ്ട് ഫാ. ജോൺസൺ അന്ത്യാംകുളം യൂണിറ്റ് സ്ഥാപനം നിർവ്വഹിച്ചു. സമ്മേളനത്തിൽ ജോസ് ചാരശ്ശേരി, ശോഭ വി.എൻ., അശ്വിൻ വിനോദ് എന്നിവർ ആശംസകളർപ്പി

ച്ചു. പ്രിൻസിപ്പാൾ സി. സൗഭാഗ്യ സ്വാഗതവും ഷീബ കെ.എസ് നന്ദിയും പറഞ്ഞു.

## സ്കൂൾ വിസിറ്റർമാരുടെ പരിശീലനപരിപാടി

പ്രതീക്ഷയിൽവച്ച് നടത്തപ്പെട്ട സ്കൂൾ സന്ദർശകരുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ സി. ജിൽസ എസ്.കെ.ഡിയുടെ പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. കുട്ടികളിലെ ലഹരി ആസക്തികളെക്കുറിച്ചും സ്കൂൾ സന്ദർശന വിശദാംശങ്ങളെക്കുറിച്ചും ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. സി. ലിസ്ബൽ എസ്.എ.ബി.എസ്, സി.ലിബിയ എസ്.എ.ബി.എസ്, സി. ജിൽസ എസ്.കെ.ഡി, സി. സിസിലി എഫ്.സി.സി, സി. തെരേസ് ജോൺ എഫ്.സി.സി, സി. ജിൻസി പോൾ എം.എസ്.എം.ഐ, സി. മെറീന എം.എസ്.എം.ഐ, സി. ജോസ്ന എസ്.എച്ച്, സി. ലൂസീനാ എസ്.എച്ച്, ഐ.സി. മേരി, ഷീബ തെക്കേടത്ത് എന്നിവർ പങ്കെടുത്തു. ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതവും സി. ലൂസീനാ എസ്.എച്ച് നന്ദിയും പറഞ്ഞു.

## യൂണിറ്റ് സ്ഥാപനം: മേരിഗിരി ചെറുപുഷ്പം യു.പി. സ്കൂളിൽ

സ്ഥാപന ചടങ്ങിനോടനുബന്ധിച്ച് സി. ഷാന്റി എസ്.കെ.ഡി. വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന പൊതുസമ്മേനത്തിൽ പി.റ്റി.എ പ്രസിഡണ്ട് ഷൈൻ പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഉദ്ഘാടനം ഫാ. ജോൺസൺ അന്ത്യാംകുളം നിർവ്വഹിച്ചു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ബാഡ്ജും പതാകയും കൈമാറി. സി. ലിജി തോമസ് എം.എസ്.എം.ഐ, ജോസ് ചാരശ്ശേരിയിൽ, ജിഷ ഷാജി, സി. ലൂസീന എസ്.എച്ച് എന്നിവർ ആശംസകളർപ്പിച്ചു. സിദ്ധാർത്ഥ മഹാദേവൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സി. ആലീസ് ജോസ് എം.എസ്.എം.ഐ സ്വാഗതവും സി. തുഷാര എം.എസ്.എം.ഐ നന്ദിയും പറഞ്ഞു.

## രയറോം

സെന്റ് സെബാസ്റ്റ്യൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ശാഖാരംഭം:- യു.പി.സ്കൂളിൽവച്ച് നടത്തപ്പെട്ട യൂണിറ്റ് സ്ഥാപനചടങ്ങ് ഫാ. ജോസ് കുരീക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കുവേണ്ടിയുള്ള ബോധവത്ക്കരണ ക്ലാസ്സിൽ ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നല്കി. ഫാ. നിഖിൽ മണിയംകുളം, ജോസ് ചാരശ്ശേരിൽ എന്നിവർ ആശംസകളർപ്പിച്ചു. ഹെഡ്മാസ്റ്റർ കെ.ജെ സ്റ്റീഫൻ സാർ സ്വാഗതവും സജി സാർ നന്ദിയും പറഞ്ഞു.

## 'പ്രകാശിതമായ കുടുംബവും ഇടവകയും' സായാഹ്ന കൺവെൻഷനുകൾ

ഉരുപ്പുംകുറ്റി, പയ്യാവൂർ, മുണ്ടാനൂർ എന്നീ ഇടവകകളിൽ സായാഹ്ന കൺവെൻഷനുകൾ സംഘടിപ്പിക്കപ്പെട്ടു. വൈകുന്നേരം 4.30 മുതൽ 9 മണി

വരെ ആയിരുന്നു കൺവെൻഷൻ. വികാരിമാരായ റവ. ഫാ. ടോമി നടുവിലേക്കൂറ്റ്, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, റവ. ഫാ. മനോജ് കരിമ്പൂഴിക്കൽ എന്നിവരെ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ കൺവെൻഷൻ നയിച്ചു.

## ഞായർ സന്ദർശനവും ലഹരി വിരുദ്ധ സന്ദേശവും

കാവുന്തല, മണ്ഡപം എന്നീ ഇടവകകളിൽ ബലിയർപ്പിച്ച് മുതിർന്നവർക്കും കുട്ടികൾക്കും ഫാ. ചാക്കോ കുടിപ്പറമ്പിൽ ലഹരിവിരുദ്ധ സന്ദേശം നല്കി. ഇടവകകളിൽ ക്രമീകരണം നല്കിയ റവ. ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ, റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

## പി.ടി.എ യ്ക്ക് ബോധവത്ക്കരണം

മാലോം സെന്റ് സാവിയോ സ്കൂൾ പി.ടി.എയ്ക്ക് മദ്യവിരുദ്ധസമിതി അതിരൂപതാ പ്രസിഡണ്ട് ഡോ. ജോസ്ലെറ്റ് മാത്യു ബോധവത്ക്കരണ സെമിനാർ നല്കി.

## കൃതജ്ഞതയോടെ...

അതിരൂപതാ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ മേഖലാ ഡയറക്ടർമാരായിരുന്നവരും എന്നാൽ സ്തുത്യർഹമായ സേവനത്തിനുശേഷം തുടർ ശുശ്രൂഷകൾക്കായി മറ്റ് ഇടവകകളിലേക്ക് സ്ഥലം മാറിപോവുകയും ചെയ്ത ബഹുമാനപ്പെട്ട ഫാ. തോമസ് കട്ടക്കയം, ഫാ. തോമസ് പുള്ളോലിക്കൽ, ഫാ. മാത്യു പൊട്ടംപ്ലാക്കൽ, ഫാ. തോമസ് കിടാരത്തിൽ, ഫാ. പോൾ പുളിമലയിൽ എം.എസ്.ടി, ഫാ. ജോമി തൊട്ടിയിൽ, ഫാ. ജോർജ് ആലപ്പാട്ട്, ഫാ. മാത്യു വളവനാൽ, ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത്, ഫാ. വർക്കി തടത്തിമാക്കൽ എന്നിവർക്ക് അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## നിലവിലുള്ളതും അഭിവന്ദ്യപിതാവ് നിയമിച്ചതുമായ മേഖലാ ഡയറക്ടർമാർ

| | | |
|---|---|---|
| ആലക്കോട് | - | ഫാ. ജോർജ് കാരിക്കത്തടത്തിൽ |
| ചെമ്പരി | - | ഫാ. മാത്യു മുല്ലപ്പള്ളി |
| ചെമ്പന്തൊട്ടി | - | ഫാ. ജോസ് ചാരംതൊട്ടിയിൽ സി.എസ്.ടി |
| ചെറുപുഴ | - | ഫാ. ജോർജ് വെള്ളരിങ്ങാട്ട് |
| എടൂർ | - | റവ.ഡോ. ജോസഫ് വാരണത്ത് |
| കാഞ്ഞങ്ങാട് | - | ഫാ. ലൂക്കോസ് മാടശ്ശേരി |
| കുന്നോത്ത് | - | ഫാ. കുര്യാക്കോസ് അറയ്ക്കൽ |
| മേരിഗിരി | - | ഫാ. ആന്റണി കലയക്കണ്ടം |
| നെല്ലിക്കാംപൊയിൽ | - | ഫാ. മാത്യു എടാട്ട് എച്ച്.ജി.എൻ |

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഫ്രാൻസിസ്കൻ അൽമായ സഭയുടെ തലശ്ശേരി അതിരൂപതയിൽ ഉൾപ്പെട്ട ചെമ്പേരി, ഇരിട്ടി, ചെറുപുഴ എന്നീ മൂന്ന് റീജയണുകളിലും 2506 2019-ന് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. അതിരൂപതാ ഡയറക്ടർ ബഹു: ജോൺ ബോസ്കോ താന്നിക്കപ്പാറ അച്ചന്റെ സാന്നിധ്യത്തിൽ SFO നാഷണൽ കൗൺസിൽ സീറോ മലബാർ പ്രതിനിധിയായ ബ്ര. ഫ്രാങ്കോ ജോൺ മേക്കാട്ടുകുളം ഇലക്ഷൻ ചാപ്റ്റർ നിയന്ത്രിച്ചു. ഇലക്ഷൻ സെക്രട്ടറിയുടെ ചുമതല ബ്ര. കുര്യാക്കോസ് പുതിയിടത്തുപറമ്പിൽ നിർവ്വഹിച്ചു.

**പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ:**

**ചെമ്പേരി റീജിയൺ**

| | | |
|---|---|---|
| മിനിസ്റ്റർ | : | സി. മേരിക്കുട്ടി ജോസഫ് അഴകത്ത്, ചെമ്പേരി |
| വൈസ്മിനിസ്റ്റർ | : | സി. ഗ്രേസി കുന്നേൽ, വായാട്ടുപറമ്പ് |
| സെക്രട്ടറി | : | ബ്ര. തങ്കച്ചൻ അരീക്കുഴിയിൽ, ആലക്കോട് |
| ഫോർമേറ്റർ | : | ബ്ര. മാത്യു പുല്ലാട്ട്, ചെമ്പന്തൊട്ടി |

---

| | | |
|---|---|---|
| പൈസക്കരി | - | ഫാ. ഡെന്നീസ് നെല്ലിത്താനം |
| പനത്തടി | - | ഫാ. മാത്യു പൊട്ടംപ്ലാക്കൽ |
| പേരാവൂർ | - | ഫാ. ജോജോ പന്തമ്മാക്കൽ |
| തളിപ്പറമ്പ് | - | ഫാ. ആന്റണി പുതുമന |
| | | ഫാ. മാത്യു വളവനാൽ (അസി.) |
| തോമാപുരം | - | ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ |
| വായാട്ടുപറമ്പ് | - | ഫാ. ജോർജ് ഇലംവുംകുന്നേൽ (ജൂണിയർ) |
| വെള്ളരിക്കുണ്ട് | - | ഫാ. ജോജോ മണിമല |

പുതിയ മേഖലാ ഡയറക്ടർമാർക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

സ്നേഹാദരവോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
അസോസിയേറ്റ് ഡയറക്ടർ

ട്രഷറർ : ബ്ര. കുര്യാക്കോസ് പുതിയിടത്തുപറമ്പിൽ, ചെമ്പേരി
കൗൺസിലർ 1. : ബ്ര. ദേവസ്യ കളപ്പുരയ്ക്കൽ, ചെമ്പേരി
2. : സി. മേരി കൊച്ചുകൈപ്പേൽ, ചന്ദക്കാംപാറ

## ഇരിട്ടി റീജിയൺ

മിനിസ്റ്റർ : ബ്ര. സോജൻ കൊച്ചുമലയിൽ, എടൂർ
വൈസ്മിനിസ്റ്റർ : സി. ഷിജോ ജോർജ്ജ് ഒറ്റപ്ലാക്കൻ, അങ്ങാടിക്കടവ്
സെക്രട്ടറി : ബ്ര. ജോസഫ് കൂട്ടമല, വെളിമാനം
ഫോർമേറ്റർ : ബ്ര. ജോസ് ആലപ്പാട്ട് നെല്ലിക്കാംപൊയിൽ
ട്രഷറർ : ബ്ര. എബി ജോർജ്ജ് കാരാമയിൽ, നെല്ലിക്കാംപൊയിൽ
കൗൺസിലർ 1. : ബ്ര. ദേവസ്യ കൊച്ചുകുടിയിൽ, മാടത്തിൽ
2. : സി. ജെസ്സി തോട്ടുവേലിൽ, എടൂർ

## ചെറുപുഴ റീജിയൺ

മിനിസ്റ്റർ : ബ്ര. ജോയി മൂങ്ങാമാക്കൽ, ചെറുപുഴ
വൈസ്മിനിസ്റ്റർ : ബ്ര. മൈക്കിൾ അരീക്കൽ, തിരുമേനി
സെക്രട്ടറി : സി. ആൻസി ജേക്കബ് മഠത്തിക്കുന്നേൽ, പടിയോട്ടുചാൽ
ഫോർമേറ്റർ : സി. മോളി മൂലെമുറിയിൽ, ചെറുപുഴ
ട്രഷറർ : ബ്ര. ജോർജ് മുണ്ടുപാലത്ത്, പടിയോട്ടുചാൽ
കൗൺസിലർ 1. : ബ്ര. പോൾ കൂട്ടുങ്കൽ, കോഴിച്ചാൽ
2. : സി. വൽസമ്മ കരീക്കുന്നേൽ

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ആശംസ അർപ്പിച്ച് ബഹു. ഡയറക്ടറച്ചൻ, അതിരൂപതാ പ്രസിഡണ്ട് എന്നിവർ സംസാരിച്ചു. പഴയ ഭാരവാഹികൾക്ക് ബഹു. ഡയറക്ടറച്ചൻ നന്ദി പറയുകയും ചെയ്തു.

## ജപമാല ക്യാമ്പ്

ഫ്രാൻസിസ്കൻ അൽമായ സഭയുടെ ഇരിട്ടി, ചെമ്പേരി, ചെറുപുഴ, പേരാമ്പ്ര, കരിവാരക്കുണ്ട് റീജിയണുകളുടെ നേതൃത്വത്തിൽ ദ്വിദിന ജപമാല ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. രണ്ടായിരം മണികളുള്ള ജപമാലകൾ ഈ ക്യാമ്പിൽ വെച്ച് കെട്ടുവാനും അത് ഓരോ യൂണിറ്റുകളിലും നൽകുവാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

### (ടി.എസ്.എസ്.എസ്.)

**1. സെൻട്രൽ മീറ്റിംഗ് നടത്തപ്പെട്ടു**

2019 ഓഗസ്റ്റ് 5 വെള്ളിയാഴ്ച കരുവഞ്ചാൽ പള്ളി ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് ഒരുമണിക്ക് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സെൻട്രൽ മീറ്റിംഗ് നടത്തപ്പെട്ടു. മീറ്റിങ്ങിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ എന്നിവർ പങ്കെടുത്തു. മീറ്റിങ്ങിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി വരുംകാലങ്ങളിൽ നടത്തുവാൻ ഇരിക്കുന്ന പദ്ധതികളെയും സംരംഭങ്ങളെയുംകുറിച്ച് ചർച്ച ചെയ്യപ്പെട്ടു.

**2. പൊതുയോഗങ്ങൾ നടത്തപ്പെട്ടു**

a. 2019 ജൂലൈ 6 ശനിയാഴ്ച നെല്ലിക്കാംപോയിൽ മേഖലയിലെ മണിക്കടവ് യൂണിറ്റിന്റെ പൊതുയോഗത്തിൽ ടി എസ് എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ പങ്കെടുത്തു.

b. 2019 ജൂലൈ 8 തിങ്കളാഴ്ച പനത്തടി മേഖലയിലെ കാഞ്ഞിരടുക്കം യൂണിറ്റിന്റെ വാർഷിക പൊതുയോഗം സെന്റ് ജോർജ് പാരിഷ് ഹാൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു.

c. 2019 ജൂലൈ 12 വെള്ളിയാഴ്ച ആലക്കോട് മേഖലയിലെ കരുവഞ്ചാൽ യൂണിറ്റിന്റെ വാർഷിക പൊതുയോഗം നടത്തപ്പെട്ടു. ചീക്കാട് തളിപ്പറമ്പ് യൂണിറ്റുകളുടെ വാർഷിക പൊതുയോഗവും ഈ മാസം നടത്തപ്പെട്ടു.

d. ചെറുപുഴ മേഖലയിലെ ചെറുപുഴ എം. എസ്. എസ്. ചെറുപുഴ ക്രെഡിറ്റ് യൂണിയൻ തിരുമേനി ക്രെഡിറ്റ് യൂണിയൻ എന്നീ യൂണിറ്റുകളുടെ പൊതുയോഗം ജൂലൈ മാസത്തിൽ നടത്തപ്പെട്ടു.

e. പൈസക്കരി മേഖലയിലെ ജോസ് മൗണ്ട് ചന്ദനക്കാംപാറ എന്നീ യൂണിറ്റുകളുടെ പൊതുയോഗവും ജൂലൈ മാസത്തിൽ നടത്തപ്പെട്ടു.

f. തോമാപുരം മേഖലയിലെ ചട്ടമല ക്രെഡിറ്റ് യൂണിയന്റെ പൊതുയോഗം ജൂലൈ മാസത്തിൽ നടത്തപ്പെട്ടു.

**3. വീട് വെഞ്ചിരിപ്പ് നടത്തി.**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കാരിത്താസ് ഇറ്റാലിയ പ്രൊജക്റ്റിനെ ഭാഗമായി പണികഴിപ്പിച്ച കരുണാപുരം റെജി പുലിങ്കൻ എന്ന വ്യക്തിയുടെ ഭവനം തലശ്ശേരി സോഷ്യൽ സർവീസ്

സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ വെഞ്ചരിച്ചു നൽകി. ശ്രീ റെജിക്കും കുടുംബത്തിനും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ എല്ലാവിധ ആശംസകളും നേരുന്നു.

## 4. യൂണിറ്റ് പ്രവർത്തനങ്ങൾ

### a.കാപ്പിമല സി.യു

2019 ജൂലൈ 29 ശനിയാഴ്ച കാപ്പിമല ഭരണസമിതിയുടെ നേതൃത്വത്തിൽ പള്ളി പരിസരവും രണ്ട് കിലോമീറ്റർ റോഡിന്റെ കാനയും വൃത്തിയാക്കി. മൊത്തം 32 അംഗങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു.

### b.വായാട്ടുപറമ്പ് യൂണിറ്റ്

വായാട്ടുപറമ്പ് യൂണിറ്റിന് നേതൃത്വത്തിൽ കാൽ നഷ്ടപ്പെട്ട റാഫി എന്നയാൾക്ക് 5000 രൂപ നൽകി സഹായിച്ചു.

## 5. മേഖലാ വാർഷിക പൊതുയോഗം നടത്തപ്പെട്ടു.

a. 2019 ജൂലൈ പതിനേഴാം തീയതി ബുധനാഴ്ച നെല്ലിക്കാംപോയിൽ മേഖലയുടെ വാർഷിക പൊതുയോഗം നെല്ലിക്കാംപോയിൽ ക്രെഡിറ്റ് യൂണിയൻ ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

b. 2019 ജൂലൈ ഇരുപത്തിമൂന്നാം തീയതി ആലക്കോട് മേഖലയുടെ വാർഷികപൊതുയോഗം കരുണാപുരത്ത വെച്ച് നടത്തപ്പെട്ടു.

c. 2019 ജൂലൈ 30ന് ചെറുപുഴ മേഖലയുടെ വാർഷികപൊതുയോഗം നടത്തപ്പെട്ടു.

## 6. NABARAD

2019 ജൂലൈ ഇരുപത്തിനാലാം തീയതി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി യിൽ വച്ച് നബാർഡ് ശക്തി മീറ്റിംഗ് സംഘടിപ്പിക്കപ്പെട്ടു. മീറ്റിംഗിൽ ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, പ്രൊജക്ട് കോർഡിനേറ്റർ ടിക്കു ജെയിംസ് എന്നിവർ പങ്കെടുത്തു. NABARAD D.D.M ശ്രീ മനോജ് കുമാർ കെ.വി, ടി എസ് എസ് എസ് പ്രൊജക്റ്റ് ആനിമേറ്റേഴ്സിനായി ക്ലാസ് എടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

1. ബധിരർകായുള്ള അതിരൂപതാ മിഷൻ (ADAM)ന്റെ ആഭിമുഖ്യത്തിൽ ജൂലൈ ഏഴാം തീയതി ഞായറാഴ്ച കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബധിര വിശ്വാസ സമൂഹത്തിനായി ആലക്കോട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് ആംഗ്യഭാഷയിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് മാർത്തോമാശ്ലീഹായുടെ ഭാരത സന്ദർശനത്തെയും വിശ്വാസ പ്രഘോഷണത്തെയും കുറിച്ച് ക്ലാസുകൾ നൽകി.

2. ജൂലൈ 13 ശനിയാഴ്ച തൃശൂരിൽ പുത്തൻ പള്ളിയിൽ വെച്ച് ബധിരർ കായുള്ള ആൽഫ തിയോളജിക്കൽ കോഴ്സിന്റെ ക്ലാസ് ആരംഭിച്ചു. ബഹുമാനപ്പെട്ട ജോർജ് തേർമടം (സ്പിരിചൽ ഡയറക്ടർ ഓഫ് ഡഫ് കമ്മ്യൂണിറ്റി തൃശൂർ രൂപത) ഉദ്ഘാടനം ചെയ്തു. റവ. ഫാ. അബ്രഹാം ഞാമത്തോലിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി ഫാ. ജോർജ് കളരിമുറിയിൽ, സിസ്റ്റർ പ്രീജ എഫ്. സി. സി. എന്നിവർ ആംഗ്യഭാഷയിലേക്ക് ക്ലാസ്സുകൾ വിവർത്തനം ചെയ്തു കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 18 പേർ ക്ലാസ്സിൽ പങ്കുചേർന്നു.

3. ജൂലൈ 14 ഞായറാഴ്ച ബാംഗ്ലൂർ സെന്റ് പാട്രിക്സ് പള്ളിയിൽ ബധിരർക്കായി വിശുദ്ധ കുർബാനയും ക്ലാസും നടത്തി.

4. ജൂലൈ 21 ഞായറാഴ്ച സെന്റ് റോസെല്ല സ്പീച്ച് & ഹിയറിങ് സ്കൂളിൽ വെച്ച് വയനാട് പ്രദേശത്തുള്ളവർക്കായി വിശുദ്ധ കുർബാനയും വിശുദ്ധ അൽഫോൻസാമ്മയെകുറിച്ച് ക്ലാസും നടത്തി.

**2019 ആഗസ്റ്റ് കർമ്മപരിപാടികൾ**

**Holy Mass**

02.8.19 Don Bosco Speech & hearing School Karakkund
04.8.19 St. Mary's Convent HSS Alakode
11.8.19 St. Patric Church Bangalore
15.8.19 St. Mary's Convent HSS Alakode
18.8.19 St. Rosella's Speech & hearing school, Poomala

**Alpha Theological Class**

10.8.19 Puthenpally - Thrisur

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2019 ഓഗസ്റ്റ് & സെപ്റ്റംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| ഓഗസ്റ്റ് | 4-9 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| | 9 | : | മദർ ഹോം പ്രാർത്ഥനാ ദിനം |
| | 10 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 18-23 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| സെപ്റ്റം. | 1-6 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| | 3 | : | മദർ ഹോം പ്രാർത്ഥനാ ദിനം |
| | 6-8 | : | തപസ്സ് ധ്യാനം (10 am ആരംഭം) |
| | 8-13 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| | 14 | : | മദർ ഹോം വാർഷികവും വചനാഗ്നി കൺവെൻഷനും |
| | 22-27 | : | അതിരൂപത വൈദികരുടെ ധ്യാനം |

**2. ഗോഡ്സോൺ യൂത്ത് റിട്രീറ്റ് സെന്റർ, ചട്ടമല ഫോൺ: 9745649471**

| | | | |
|---|---|---|---|
| ഓഗസ്റ്റ് | 2 | : | ആദ്യവെള്ളി നൈറ്റ് വിജിൽ |
| | 10 | : | ജപമാലതീർത്ഥാടനം, രണ്ടാംശനി കൺവെൻഷൻ |
| | 11-16 | : | യൂത്ത് റിട്രീറ്റ് (ആൺകുട്ടികൾക്ക്) |
| | 21-25 | : | യൂത്ത് റിട്രീറ്റ് |
| | 10 | : | യൂത്ത് കൗൺസലിങ്ങ് |

**3. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | | |
|---|---|---|---|
| ഓഗസ്റ്റ് | 4-8 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 9 | : | ജാഗരണ പ്രാർത്ഥന |
| | 10 | : | ക്രിസ്ററീൻ ഏകദിന ധ്യാനം |
| | 18-22 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| സെപ്റ്റം. | 1-5 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 6-7 | : | അഖണ്ഡജപമാല |
| | 8-12 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 13 | : | ജാഗരണപ്രാർത്ഥന |
| | 14 | : | കുട്ടികളുടെ ഏകദിനം |
| | 21 | : | ഏകദിനകൺവെൻഷൻ |
| | 22-26 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 28 | : | ഏകദിനകൺവെൻഷൻ |
| | 29- ഒക്ടോ 3 | : | വളർച്ചാധ്യാനം ( ബ്രദർ സന്തോഷ് കരുമാത്ര & ടീം) |

**4. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | | |
|---|---|---|---|
| ഓഗസ്റ്റ് | 9-11 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

23-25 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

സെപ്റ്റം.8-10 : വിദ്യാർത്ഥികൾക്ക് പഠനസഹായ ധ്യാനം

13-15 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

27-29 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**5. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

ഓഗസ്റ്റ് 11-15 : (ഞായർ- വ്യാഴം) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം

16- 18 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കുംവേണ്ടി)

22-25 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം-
ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

സെപ്റ്റം.8-12 : ആന്തരികസൗഖ്യധ്യാനം

13-15 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം

15-20 : ആന്തരികസൗഖ്യധ്യാനം (സിസ്റ്റേഴ്സിന്)

26-29 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം-
ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**

**ഫോൺ: 9526609050, 9447481643, 9496253756**

ഓഗസ്റ്റ് 4-9 : ആന്തരിക സൗഖ്യ ധ്യാനം

25-30 : ആന്തരിക സൗഖ്യ ധ്യാനം

6,13,20,27 : ഏകദിന കൺവെൻഷൻ

**7. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ: 9745292602, 823972612**

ഓഗസ്റ്റ് 5-8: ആന്തരിക സൗഖ്യ ധ്യാനം

23- 25 : മരിയൻ ധ്യാനം

25-28 : പരിശുദ്ധാത്മാഭിഷേക ധ്യാനം

സെപ്റ്റം. 5 : ജാഗരണപ്രാർത്ഥന

9-13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം

13-15 : യുവജന ധ്യാനം

20-22 : മരിയൻ ധ്യാനം

22-25 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**8. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451**

ഓഗസ്റ്റ് 03 : ഏകദിന കൺവൻഷൻ

09 : ജാഗരണ പ്രാർത്ഥന

04-8 : ആന്തരീകസൗഖ്യധ്യാനം

15 : അഖണ്ഡജപമാല (9am to 4pm)

25-29 : ദിവ്യകാരുണ്യാനുഭവധ്യനാം

## വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോർജ് ഞറളക്കാട്ട്**

### ജൂൺ 2019

25 കരുവഞ്ചാൽ ശാന്തിഭവനിൽ നിര്യാതനായ അബ്രാഹം ആനശ്ശേരി അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു.

26 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ബഹുമാനപ്പെട്ട അബ്രാഹം ആനശ്ശേരി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ചെമ്പേരി നിർമ്മല ഹൈസ്കൂളിൽ എഡിഎസ്‌യുവിന്റെ അഭിമുഖ്യത്തിലുള്ള ലഹരിവിരുദ്ധ ശില്പശാല ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചെമ്പേരി ലൂർദ്ദ് മാതാ ഇടവകയിൽ മണിമലകണ്ടത്തിൽ ജോണി-അമ്പിളി ദമ്പതികളുടെ മകൻ കാർമിന് മാമ്മോദീസ നല്കി.

27 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടും സംവദിച്ചു.

28 രാവിലെ ഇരിട്ടി സെന്റ് ജോസഫ് ദൈവാലയ ഓഡിറ്റോറിയത്തിൽ നടന്ന ഇരിട്ടി റീജണിലെ കൈക്കാരന്മാരുടെയും കോർഡിനേറ്റർമാരുടെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ നടന്ന ചെമ്പേരി റീജണിലെ കൈക്കാരന്മാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

29 ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്ന ആലക്കോട് റീജണിലെ കൈക്കാരന്മാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് പടന്നക്കാട് ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ നടന്ന കാസർഗോഡ് റീജണിലെ കൈക്കാരന്മാരുടെ മിറ്റിംഗിങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് പരപ്പ വിമലഗിരി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു.

30 പരപ്പ-വിമലഗിരി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

## ജൂലൈ

01 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോമലബാർ മതബോധന കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

02 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാംവർഷ ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ചുള്ള അക്കാദമിയിൽ അധ്യക്ഷത വഹിച്ചു.

03 രാവിലെ 6.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ദുക്റാന ത്തിരുനാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

04 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു. വൈകുന്നേരം മൈനർസെമിനാരിയിൽ നടന്ന വൊക്കേഷൻ ബ്യൂറോയുടെ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

06 കൊമ്മയാട് ഇടവകയിൽ ബഹു. കാട്ടറാത്ത് മാത്യു അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കുന്നോത്ത് ഇടവകയിൽ നിര്യാതയായ സി. റെജീന എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നെല്ലിപ്പാറ ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

07 നെല്ലിപ്പാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

08-09 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

09 രാവിലെ 6.30ന് കരിക്കോട്ടക്കരി ഇടവകയിൽ ജാതികുളത്തിൽ മാത്യുവിന് മാമ്മോദീസ നല്കി.

10 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകാരായെത്തിയവരെ സ്വീകരിച്ചു. വൈകുന്നേരം തലശ്ശേരിയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

രാവിലെ 11 മണിക്ക് സന്ദേശഭവനിൽ എ.കെ.സി.സി. ജനറൽബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.

11 അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടും സംവദിച്ചു.

12 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ മൂന്നാംവർഷ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം സന്ദേശഭവനിൽ മതാധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു.

13 രാവിലെ സന്ദേശഭവനിൽ നടന്ന വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു.

14 രാവിലെ പയ്യാവൂർ സെന്റ് ആൻസ് സ്കൂൾ അങ്കണത്തിൽ നടന്ന കെ.സി.വൈ.എം./ എസ്.എം.വൈ.എം. യുവജനദിനാഘോഷത്തിൽ വി.ബലിയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും റാലിയിൽ പങ്കെടുക്കുകയും ചെയ്തു.

16 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം 7മണിക്ക് തലശ്ശേരി സി.എം.സി. കോൺവെന്റിൽ ബലിയർപ്പിച്ചു.

17 സന്ദേശഭവനിൽ നടന്ന വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുന്ന വൈദികരോടൊപ്പം വി.ബലിയർപ്പിച്ചു. തുടർന്ന് വാഹനാപകടത്തിൽ മരണമടഞ്ഞ നിർമ്മലഗിരി കോളെജ് വിദ്യാർത്ഥിയായ അഭിഷേകിന് കോളേജ് അങ്കണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് സന്ദേശഭവനിൽ നടന്ന വൈദികരുടെ റിഫ്രഷർകോഴ്സിൽ ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

18 മൈനർ സെമിനാരിയിൽ വച്ച് നമ്മുടെ അതിരൂപതാംഗമായ വട്ടുകുളം ജിൻസിന് ഡീക്കൻപട്ടം നല്കി. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

19 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മെത്രാന്മാരുടെ സ്ഥിരം സിനഡിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

20 പനത്തടി ഇടവകയിൽ മുരിയൻവേലിൽ റോസ്മരിയ, ഷാരോൺ എന്നീ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് പനത്തടി ഇടവകയിൽ കിടപ്പുരോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

21 പനത്തടി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

23-24 സന്ദേശഭവനിൽ നടന്ന വൈദികരുടെ രണ്ടാംബാച്ച് റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

25 കോട്ടയം കുറുമുള്ളൂർ സെന്റ് സ്റ്റീഫൻ ക്നാനായ ഇടവക ദൈവാലയത്തിൽ മണ്ണംകുളത്തിൽ ജേക്കബ്-റൂബി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതബോധന ഡയറക്ടറുമാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

❖❖❖

# Programme of the Archbishop
# MAR GEORGE NJARALAKATT

## AUGUST 2019

| | | | |
|---|---|---|---|
| 01 | | - | Priests' & Sisters' day - till 1.00 pm |
| | 3.00 pm | - | GSMS Kunnoth - Seminary commission visit |
| 02 | | - | GSMS Kunnoth - Seminary commission visit |
| 03 | | - | Ordination - Varakkad |
| 04 | 10.00 am | - | Makkiyad |
| | 4.00 pm | - | Peravoor |
| 5-9 | | - | KCBC |
| 09 | 5.00 pm | - | Permanent Synod |
| 11- 13 | | - | CBCI Standing Committee - Bangalore |
| 14 | | - | Visitors' day + Monthly Recollection |
| 15 | 6.30 am | - | Cathedral - Feast of Assumption of Mary |
| 16 | | - | Regional presbyterium - Padannakkad |
| 17 | 8.30 am | - | Kannur |
| | 10.00 am | - | Consulters' meeting |
| | 5.00 pm | - | Pastoral visit - Pathenpara |
| 18 | | - | Pastoral visit - Pathenpara |
| 19-30 | | - | Synod |
| 31 | 2.00 pm | - | Sandhesabhavan - Experts meeting |

## SEPTEMBER 2019

| | | | |
|---|---|---|---|
| 01 | | - | Pastoral visit |
| 02 | | - | GSMS Kunnoth - Class |
| 03 | | - | GSMS Kunnoth - Class |
| 04 | | - | Visitors' day |
| 05 | | - | Priests' & sisters' day |
| | 5.00 pm | - | VJEC meeting |
| 06 | | - | Nilambur |
| 07 | | - | Alpha Convocation |
| | 4.00 pm | - | Mananthavady |
| 08 | | - | Pastoral visit |
| 09-13 | | - | Annual retreat |
| 14 | | - | Arakuzha |
| 15-20 | | - | Out of station |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂൺ

25 ഉച്ചക്ക് 2 മണിക്ക് തലശ്ശേരി സാൻജോസ് സ്കൂളിൽ ലഹരിവിരുദ്ധദിനാചരണ സമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. വൈകുന്നേരം 5 മണിക്ക് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ഫാ. അബ്രാഹം ആനശ്ശേരിക്ക് വേണ്ടി ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു.

26 രാവിലെ 10 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഫാ. അബ്രാഹം ആനശ്ശേരിയുടെ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ചു.

28 ഉച്ചകഴിഞ്ഞ് 3 മണിക്ക് വെള്ളരിക്കുണ്ട് ഇടവകയിൽ നിര്യാതനായ തോമസ്കുട്ടി മണ്ണൂരിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### ജൂലൈ 2019

1 രാവിലെ 10.30 ന് മുണ്ടാനൂർ ദൈവാലയത്തിൽ അനൂപ് ചിറത്തലയാട്ടിന്റെയും ലിസ്ന കളരിക്കലിന്റെയും വിവാഹം ആശീർവദിച്ചു.

6 ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫൊറോന ദൈവാലയത്തിൽ നിര്യാതയായ സി. റെജീന എഫ്.സി.സി.യുടെ മൃതസംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ചു.

8 വൈകുന്നേരം 4 മണിക്ക് തയ്യേനി ഇടവകയിൽ നിര്യാതനായ തോമസ് പന്തംകുളത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 വൈകുന്നേരം 4 മണിക്ക് കോളയാട് ഇടവകയിൽ വി. അൽഫോൻസാ തിരുനാളിന് കൊടി ഉയർത്തുകയും വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

21 വൈകുന്നേരം 3.30ന് മുളപ്ര ഇടവകയിൽ വി. അൽഫോൻസാ തിരുനാൾ ദിനത്തിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

# Programme of the Archbishop Emeritus
# MAR GEORGE VALIAMATTAM

## AUGUST 2019

| | | |
|---|---|---|
| 5-10 | - | KCBC |
| 10 | - | Marygiri |
| 12 | - | Madathil |
| 15 | - | Kozhikode |
| 17 | - | Karuvanchal |
| 19-31 | - | Synod |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂൺ

26-27 കാക്കനാട് സഭാ ആസ്ഥാനത്ത് മീഡിയാ കമ്മീഷന്റെ വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു

28 ഇരിട്ടി, ചെമ്പേരി റീജണുകളിൽ നടത്തപ്പെട്ട ഇടവകാ കൈക്കാരന്മാരുടെ റീജണൽ യോഗങ്ങളിൽ പങ്കെടുത്തു.

29 ആലക്കോട്, പടന്നക്കാട് റീജണുകളിൽ നടത്തപ്പെട്ട ഇടവക കൈക്കാരന്മാരുടെ റീജണൽ യോഗങ്ങളിൽ പങ്കെടുത്തു.

30 കൊന്നക്കാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

### ജൂലൈ 2019

1-2 ശാലോം ടിവിയുടെ ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

03 വൈകുന്നേരം 4 മണിക്ക് വെള്ളരിയാനം ഇടവകയിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

04 രാവിലെ 10.30ന് രാജപുരം കോളേജിന്റെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്ത് കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സ് നല്കി. ഉച്ചകഴിഞ്ഞ് പടന്നക്കാട് റീജണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

05 രാവിലെ 9 മണിമുതൽ ചെമ്പേരി വിമൽജ്യോതി കോളേജിൽ വിവിധ യോഗങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് തലശ്ശേരിയിൽ സി.എം.എൽ ഗവേണിംഗ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

06 രാവിലെ 6.15ന് തലശ്ശേരി നസ്രത്ത് കോൺവെന്റിൽ വി.കുർബ്ബാനയർപ്പിച്ചു. 10 മണിക്ക് തളിപ്പറമ്പിൽ കെ.സി.വൈ.എം. ഡയറക്ടേഴ്സ് മീറ്റിൽ അദ്ധ്യക്ഷതവഹിച്ചു.

07 കാപ്പിമല ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

08 വൈകുന്നേരം 6 മണിക്ക് തലശ്ശേരിയിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിംഗ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

09 രാവിലെ 9 മണി മുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് എടുത്തു. വൈകുന്നേരം 9 മണിക്ക് തലശ്ശേരിയിൽ കാറ്റക്കിസം ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

10 ഉച്ചകഴിഞ്ഞ് 3 മണിക്ക് തലശ്ശേരിയിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു. വൈകുന്നേരം 6 മണിക്ക് അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

11 വൈകുന്നേരം 3 മണിക്ക് ചെമ്പേരി വിമൽജ്യോതിയിൽ നടന്ന വൈദികരുടെ BSFS കൂട്ടായ്മയിൽ ക്ലാസ് നയിച്ചു.

12 വൈകുന്നേരം 9 മണിക്ക് തലശ്ശേരിയിൽ സാൻജോസ് അക്കാഡമി ഗവേണിംഗ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

13 രാവിലെ 10 മണിമുതൽ കോഴിക്കോട് സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ വൈദികർക്ക് ക്ലാസ് നയിച്ചു. വൈകുന്നേരം 5 മണിക്ക് തലശ്ശേരി എസ്.ഡി. കോൺവെന്റിൽ നടന്ന കണ്ണൂർ വൈ.എം.സി.എ. 75-ാം വാർഷിക ആഘോഷങ്ങൾക്ക് ആശംസകളർപ്പിച്ചു.

14 കല്ലുവയൽ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

15 ഉച്ചകഴിഞ്ഞ് 2 മണിക്ക് കണ്ണൂർ മിംസ് ഹോസ്പിറ്റലിലും കണ്ണൂർ എ.കെ. ജി. ഹോസ്പിറ്റലിലും രോഗിസന്ദർശനം നടത്തി. വൈകുന്നേരം 7 മണിക്ക് സന്ദേശഭവനിൽ വൈദികരുടെ റിഫ്രഷർ കോഴ്സിൽ ക്ലാസ് നയിച്ചു.

16 രാവിലെ 9 മണിമുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് നയിച്ചു.

17 രാവിലെ 9 മണിമുതൽ വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

18 രാവിലെ 10 മണിമുതൽ പടന്നക്കാട് റീജണൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 3 മണിക്ക് ചട്ടമല യൂത്ത് സെന്ററിൽ വചന പ്രസംഗം നടത്തി.

19 ഉച്ചവരെ പടന്നക്കാട് റീജണൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

20 രാവിലെ 7 മണിക്ക് പുലിക്കുരുമ്പ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് മെറിൻ മരിയ വെളിയത്തിലിന് മാമ്മോദീസ നല്കി. 10 മണിക്ക് കണ്ണൂർ ഉർസലൈൻ ഹൗസിൽ സുപ്പീരിയേഴ്സ് മീറ്റിൽ ക്ലാസ് നയിച്ചു. വൈകുന്നേരം 4 മണിക്ക് വെളിമാനം ഇടവകയിൽ കുടുംബക്കൂട്ടായ്മ നേതൃയോഗത്തിൽ സംസാരിച്ചു. തുടർന്ന് എടൂർ ഫൊറോന കെ.സി. വൈ.എം. നൈറ്റ് വിജിലിൽ പ്രഭാഷണം നടത്തി.

21 ആടാംപാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

22 വൈകുന്നേരം 7 മണിക്ക് വൈദികരുടെ റിഫ്രഷർ കോഴ്സിൽ ക്ലാസ്സ് നയിച്ചു.

23 രാവിലെ 9 മണിമുതൽ ചെമ്പേരി വിമൽജ്യോതി കോളേജിൽ കോൺവൊക്കേഷൻ പ്രോഗ്രാമിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 3.30ന് മണിക്കടവ് ഇടവകയിൽ നിര്യാതനായ ലിതീഷ് കാരിത്തടത്തിലിന്റെ മൃതസംസ്ക്കാര കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

## Programme of the Auxiliary Bishop
## Mar Joseph Pamplany

### 2019 AUGUST

| | | | |
|---|---|---|---|
| 1-7 | | - | Out of station |
| 08-10 | | - | KCBC |
| 11 | | - | Pastoral Visit: Attenganam |
| 12 | | - | Alpha Institute |
| 13 | 02.00 pm | - | Kunnoth |
| | 04.00 pm | - | Thalassery |
| 14 | 10.00 am | - | Malome |
| | 02.30 pm | - | Thomapuram |
| 15 | 7.30pm | - | Arivilanjapoil |
| | 11.00am | - | Padannakad |
| 16 | | - | Padannakad |
| 17 | | - | Cousulters meet and finance council |
| 18 | | - | Pastoral Visit - Chengome |
| 19-31 | | - | Synod |

**Secretary to the Auxiliary Bishop**

❖❖❖